VOL NO: 07 I ISSUE 14
www.nerpatham.com
mail@nerpatham.com
2023 APRIL 08 I ₹10

# നേർപഥം

വാരിക



# സമ്പത്തും സത്യവിശ്വാസിയും

സ്രഷ്ടാവ് മനുഷ്യർക്ക് നൽകിയ അനുഗ്രഹങ്ങളിൽ ഏറെ പ്രധാനപ്പെട്ടതാണ് സമ്പത്ത്. ശരീരം പോലെ, മനസ്സ് പോലെ സമ്പത്തും ശുദ്ധീകരിക്കുമ്പോൾ മാത്രമെ വിശ്വാസിയുടെ ബാധ്യത പൂർണമാകുന്നുള്ളൂ. നിശ്ചിത പരിധിയ്ക്കപ്പുറം സമ്പത്ത് കൈവന്നാൽ അതിൽ നിയതമായ വിഹിതം മറ്റുള്ളവരുടെ അവകാശമാണെന്ന് പഠിപ്പിക്കുന്ന ഇസ്‌ലാമിന്റെ സകാത്ത് സമ്പ്രദായം ഉന്നതമായ നീതിബോധമാണ് വിളംബരം ചെയ്യുന്നത്. ദാനധർമങ്ങൾക്കും സകാത്തിനും ഇസ്‌ലാം നൽകുന്ന പ്രാധാന്യവും അവയുടെ മഹത്ത്വവും വിശദമായി ഗ്രഹിക്കാം.

## ലൈലതുൽ ക്വദ്ർ എന്ന പുണ്യരാവ്

|| ആത്മപരിശോധനക്ക് തയ്യാറാവുക

|| തെരുവിലേക്കെറിയപ്പെടുന്ന വാർധക്യം!

|| സർക്കാർ അഭിഭാഷകർക്ക് നിയമവിദഗ്ധരുടെ മറുപടി



സി ബി എസ് ഇ പഠനത്തോടൊപ്പം
ധാർമികാന്തരീക്ഷത്തിൽ താമസിച്ച്
പഠിക്കാൻ സുരക്ഷിതമായ ക്യാമ്പസ്

Enrol Now!

# GreenHome
RESIDENTIAL CAMPUS

## സവിശേഷ പഠന മേഖലകൾ:

- പ്രമുഖ വിദ്യാഭ്യാസ വിചക്ഷണരുടെ മേൽനോട്ടവും മാർഗനിർദേശങ്ങളും.
- വിശ്വാസം, കർമശാസ്ത്രം, ഇസ്‌ലാമിക ചരിത്രം എന്നിവയിലധിഷ്ഠിതമായ കരിക്കുലം.
- CBSE സിലബസിൽ ഉന്നത നിലവാരത്തിലുള്ള അക്കാദമിക് സൗകര്യം.
- എക്സ്പീരിയൻസ്ഡ് ലേണിംഗ്.
- തജ്‌വീദോടുകൂടി നിശ്ചിതഭാഗം ഖുർആൻ മനപാഠമാക്കാൻ അവസരം.
- അറബി, ഇംഗ്ലീഷ് ഭാഷകളിൽ പ്രത്യേക പരിശീലനം.

Registration Open

**CONTACT US**
+91 9605 146 000
+91 9061 716 600

**For Boys Grade 5 to 8**
**For Girls Grade 6 & 7**

GREEN VALLEY
PUBLIC SCHOOL

+91 9061 716 600
Green Valley Campus, P.O.Nellikkaparamba,
Mukkam, Kozhikode | www.greenvalleycampus.com

0324

# നേർപഥം

വാരിക

2023 ഏപ്രിൽ 08
1444 റമദാൻ 17
പുസ്തകം 07 / ലക്കം 14






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002



Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil



Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly





കവർ സ്റ്റോറി
10
## സമ്പത്തും സത്യവിശ്വാസിയും
സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി

നമുക്കുചുറ്റും
ഇത് നിയന്ത്രിക്കാൻ ഇനിയും വൈകരുത്
ടി.കെ അശ്റഫ്
04

ലേഖനം
23
സമകാലിക ലോകവും ഇസ്‌ലാമിക പ്രബോധനവും
അബൂഫായിദ

മുഖമൊഴി
ആത്മപരിശോധനക്ക് തയ്യാറാവുക
05

ലേഖനം
26
സർക്കാർ അഭിഭാഷകർക്ക് നിയമവിദഗ്ധരുടെ മറുപടി
സുഫ്‌യാൻ അബ്ദുസ്സലാം

ലേഖനം
ക്വുർആനും കവിതയും
ഡോ. ടി. കെ യൂസുഫ്
06

ലേഖനം
29
വിശുദ്ധ ക്വുർആൻ പ്രപഞ്ച സ്രഷ്ടാവിന്റെ സന്ദേശം
ശമീർ മദീനി

കാഴ്ച
തെരുവിലേക്കെറിയപ്പെടുന്ന വാർധക്യം!
ഇബ്‌നു അലി എടത്തനാട്ടുകര
09

ക്വുർആൻ ദർശനം
32
സൂറ: ഫുസ്സിലത്ത്
അബ്ദുർറഹ്മാനുബ്‌നു നാസിറുസ്സഅ്ദി

ലേഖനം
ലൈലതുൽ ക്വദ്ർ എന്ന പുണ്യരാവ്
അബൂമിസ്ഫർ
18

ബാലപഥം
34
പുണ്യമാസം
ഹുസ്ന മലോറം

# ഇത് നിയന്ത്രിക്കാൻ ഇനിയും വൈകരുത്

**ടി.കെ അശ്റഫ്**
✆: 81118 07199

കോവിഡിനു ശേഷം കോളേജ് ക്യാമ്പസുകളിൽ കണ്ടുവന്നിരുന്ന ചില ദുഷ്പ്രവണതകൾ കാട്ടുതീ പോലെ സ്കൂൾ തലങ്ങളിലേക്കുവരെ പടർന്നുകൊണ്ടിരിക്കുകയാണ്. ഹൈസ്കൂൾ, യുപി തലങ്ങളിൽ മാത്രമല്ല; എൽപി ക്ലാസ്സുകളിൽ പോലും കാണേണ്ടിവരുന്ന ചില കാഴ്ചകൾ നമ്മെ അമ്പരപ്പിക്കുന്നതാണ്! പ്രത്യേകിച്ച് അധ്യയന വർഷത്തിന്റെ അവസാന സമയത്താണ് ഇതെല്ലാം കൂടുതലായി കാണപ്പെടുന്നത്. സെന്റോഫിന്റെ പേരിൽ കുട്ടികൾ കാണിക്കുന്ന ആഭാസങ്ങൾ എല്ലാ അതിരുകളും ഭേദിക്കുന്നു. ഒരേ ഡ്രസ് കോഡ് ധരിച്ചെത്തി ക്യാമ്പസിന് അകത്തും പുറത്തും വഴിയൊരങ്ങളിലുമെല്ലാം വ്യത്യസ്ത കളറുകൾ വാരിവിതറിയുള്ള കാഴ്ചകൾ മൂല്യബോധമുള്ള ആരെയും വേദനിപ്പിക്കുന്നതാണ്. ചില സ്കൂളുകളിലെങ്കിലും സെന്റോഫ് ദിവസം പോലീസിന്റെ സംരക്ഷണംവരെ ഒരുക്കേണ്ടിവരുന്ന സാഹചര്യവും ഉണ്ടെന്ന് വരുമ്പോൾ എത്രത്തോളം ഈ പ്രശ്നം കൈവിട്ടുപോയി എന്ന് ആലോചിക്കാവുന്നതേയുള്ളൂ.

ഏത് ചടങ്ങിനെയും ആഘോഷമാക്കി അതിന്റെ അന്തഃസത്തയും ലക്ഷ്യവും തന്നെ അട്ടിമറിക്കപ്പെടുന്നതാണ് നാം കാണുന്നത്. കുട്ടികൾ പണം പിരിച്ച് അധ്യാപകർക്ക് ഗിഫ്റ്റ് നൽകാൻ പരസ്പരം മത്സരിച്ചുകൊണ്ടിരിക്കുന്ന പ്രവണതയും ഇപ്രാവശ്യം വർധിച്ചിട്ടുണ്ട്. മുതിർന്ന ക്ലാസ്സുകളിൽ ഇത്തരം ചെയ്തികൾ ഉണ്ടാവുകയും അത് ആവേശപൂർവം കുട്ടികളും ചില അധ്യാപകരും സാമൂഹ്യ മാധ്യമങ്ങളിൽ പങ്കുവെക്കുകയും ചെയ്യുമ്പോൾ താഴ്ന്ന ക്ലാസ്സിലെ കുട്ടികളും അത് അനുകരിക്കാൻ തുടങ്ങുകയാണ്.

എല്ലാ മേഖലയും ചൂഷണവും പ്രീണനവും പ്രലോഭനവും കൊണ്ട് വീർപ്പുമുട്ടുമ്പോൾ അധ്യാപന രംഗം അതിൽനിന്ന് മുക്തമായിരുന്നു. എന്നാൽ പുതിയ ട്രെൻഡ് വന്നതോടെ അധ്യാപകരുടെ പേരിൽ കുട്ടികൾക്ക് വീട്ടിൽനിന്ന് യഥേഷ്ടം പണം ചോദിച്ച് വാങ്ങാൻ അവസരം ഒരുങ്ങുകയാണ്. കുട്ടികൾതന്നെ പിരിവുകാരായി മാറുന്നു. വലിയ തുക കൈകാര്യം ചെയ്യുന്നു. മറുഭാഗത്ത് ലഹരി റാക്കറ്റുകളും മറ്റും വലവിരിച്ച് കാത്തിരിക്കുന്ന സാഹചര്യം കൂടിയാകുമ്പോൾ ഭാവിയിൽ എന്തെല്ലാം സംഭവിക്കും എന്ന് ഊഹിക്കാവുന്നതേയുള്ളൂ.

എല്ലാ കുട്ടികളും ഒരുപോലെയല്ലല്ലോ. പിരിവ് നടക്കുമ്പോൾ പട്ടിണിയുള്ള വീട്ടിലെ കുട്ടികളും അതിലൊരു വിഹിതം നൽകാൻ നിർബന്ധിതരാവുകയാണ്. ഒരു ക്ലാസ്സിലെ എല്ലാ അധ്യാപകർക്കും ഗിഫ്റ്റ് നൽകണമെങ്കിൽ വലിയ തുക വേണ്ടിവരും. വിലപിടിപ്പുള്ള സാധനങ്ങളാണ് കുട്ടികൾ സമ്മാനമായി കൈമാറുന്നത്. ഒരുവിഭാഗം കുട്ടികൾ ഇത് ആഘോഷമാക്കുമ്പോൾ മറ്റൊരു വിഭാഗം കുട്ടികളും രക്ഷിതാക്കളും അങ്ങേയറ്റത്തെ മാനസിക സംഘർഷമാണ് ഇതിന്റെ പേരിൽ അനുഭവിക്കുന്നത്. അധ്യാപകർക്കും കുട്ടികൾക്കുമിടയിൽ പണത്തിന്റേയും പദവിയുടെയും പേരിൽ ഡിസ്ക്രിമിനേഷൻ ഉണ്ടാക്കുന്ന ഈ പ്രവണത ഇനിയും അനുവദിച്ചുകൂടാ.

സിനിമ, സീരിയൽ, ഇൻസ്റ്റാഗ്രാം... തുടങ്ങിയ പ്ലാറ്റ്ഫോമുകളിൽ കാണുന്നതെല്ലാം ജീവിതത്തിലേക്കും പൊതുവിദ്യാലയത്തിലേക്കും അപ്പടി പകർത്തുന്ന പ്രവണത കോവിഡിന് ശേഷം വ്യാപകമാണ്. ഇന്റർനെറ്റ് അഡിക്ഷൻ സമൂഹത്തിൽ വരുത്തിയ കെടുതികളാണ് ഇതെല്ലാം. വലിയൊരു വിഭാഗം അധ്യാപകരും രക്ഷിതാക്കളും ഈ പ്രവണത ശരിയല്ലന്ന അഭിപ്രായക്കാരാണ്. പക്ഷേ പലരും ഇതിന് വിധേയരാകേണ്ടി വരികയാണ്. അധ്യാപകർക്ക് സമ്മാനം നൽകാൻ പിരിവോ?' എന്ന് ചോദിക്കുന്ന രക്ഷിതാവിനോട് കുട്ടികൾക്ക് പറയാനുള്ളത് ഇതാണ്: 'എല്ലാ കുട്ടികളും നൽകുമ്പോൾ ഞാൻ മാത്രം എങ്ങനെ നൽകാതിരിക്കും?' കുട്ടികൾ പണം പിരിച്ച് സമ്മാനമൊന്നും വാങ്ങരുത് എന്ന് പറയുന്ന അധ്യാപകരോട് കുട്ടികൾക്ക് പറയാനുള്ളത് മറ്റെല്ലാ ക്ലാസ്സിലെയും കുട്ടികൾ ചെയ്യുന്നു എന്നതാണ്. കുട്ടികൾ ഗിഫ്റ്റ് വാങ്ങുന്നത് പോലും അറിയാൻ കഴിയുന്നില്ല. പാക്ക് ചെയ്തു കൊണ്ടുവന്നത് വാങ്ങാതിരിക്കുന്നത് കുട്ടികൾക്ക് ഉണ്ടാക്കുന്ന വിഷമം ഓർത്ത് നിവൃത്തിയില്ലാതെ വാങ്ങേണ്ടി വരുന്ന അധ്യാപകരുമുണ്ട്.

ഈ പ്രവണത മൊത്തത്തിൽ തിരുത്തിയാൽ മാത്രമെ പരിഹാരമാവുകയുള്ളൂ. അടുത്ത അധ്യയന വർഷമെങ്കിലും പി.ടി.എ ജനറൽ ബോഡി യോഗത്തിൽ ഇത്തരം കാര്യങ്ങളെ സംബന്ധിച്ചുള്ള ഒരു മാർഗരേഖ നൽകേണ്ടതുണ്ട്. അതിനു സർക്കാർ തന്നെ മുൻകൈയടുത്താൽ കൂടുതൽ ഫലപ്രദമാകും. ■

# ആത്മപരിശോധനക്ക് തയ്യാറാവുക

എല്ലാ മനുഷ്യരുടെയും സ്വഭാവം ഒരുപോലെയല്ല. സത്യ വിശ്വാസികൾ; വിശിഷ്യാ പ്ര ബോധകർ ആരോട് പെരുമാറു മ്പോഴും തങ്ങളുടെ ഇസ്‌ലാമിക മേന്മ നിലനിർത്തണം. പരുഷ സ്വഭാവികളോട് അതേ പരുഷത യിൽ പെരുമാറുകയല്ല വേണ്ടത് എന്നാണ് ക്വുർആൻ പഠിപ്പിക്കു ന്നത്. ക്രൂരനും മർദകനും സ്വേ ഛാധിപതിയുമായ ഫിർഔനിന്റെ അടുത്തേക്ക് അല്ലാഹു മൂസാന ബി(അ)യെയും ഹാറൂൻ(അ) യെയും പറഞ്ഞയക്കുമ്പാൾ എങ്ങനെ പെരുമാറണമെന്ന് പറഞ്ഞുകൊടുക്കുന്നുണ്ട്:

"നിങ്ങൾ രണ്ടുപേരും ഫിർഔ ന്റെ അടുത്തേക്ക് പോകുക. തീർ ച്ചയായും അവൻ അതിക്രമകാരി യായിരിക്കുന്നു. എന്നിട്ട് നിങ്ങൾ അവനോട് സൗമ്യമായ വാക്ക് പറയുക. അവൻ ഒരുവേള ചിന്തി ച്ച് മനസ്സിലാക്കിയേക്കാം. അല്ലെ ങ്കിൽ ഭയപ്പെട്ടുവെന്ന് വരാം" (ക്വുർആൻ 20:43,44).

മുഹമ്മദ് നബി(സ്വ)യോട് അല്ലാഹു പറഞ്ഞു: "(നബിയേ,) അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാ റിയത്. നീ ഒരു പരുഷസ്വഭാവി യും കഠിനഹൃദയനുമായിരുന്നു വെങ്കിൽ നിന്റെ ചുറ്റിൽനിന്നും അവർ പിരിഞ്ഞ് പോയിക്കളയുമാ യിരുന്നു. ആകയാൽ നീ അവർക്ക് മാപ്പുകൊടുക്കുകയും അവർക്ക് വേണ്ടി പാപമോചനം തേടുകയും ചെയ്യുക..." (3:159).


പ്രബോധകർ ഈ സൂക്തത്തിന്റെ അടിസ്ഥാനത്തിൽ ആത്മപരി ശോധന നടത്തുക. നാം ക്ഷണിക്കുന്നത് വിശുദ്ധ ക്വുർആനിലേക്കും നബിചര്യയിലേക്കുമാണ്. അവ രണ്ടും പഠിപ്പിക്കുന്ന ഉദാത്തമായ സ്വ ഭാവഗുണങ്ങൾ നമ്മളിലില്ലെങ്കിൽ നമ്മുടെ പ്രബോധനം എങ്ങനെ ഫലവത്താകും? അക്ഷമയും കാർക്കശ്യവും വാശിയും തങ്ങളുടെ വ്യക്തിത്വത്തെ കളങ്കപ്പെടുത്തുമെന്ന തിരിച്ചറിവ് അനിവാര്യമാണ്.

പ്രബോധകരും പ്രസംഗകരും പണ്ഡിതന്മാരുമായ അനേകംപേർ നമ്മുടെ നാട്ടിലുണ്ട്. എന്നാൽ സൗമ്യഭാവം കൈമോശം വന്നവരാ യി അവരിൽ പലരെയും നാം കാണുന്നു. എല്ലാവരോടും സൗമ്യമാ യി പെരുമാറുന്നതുപോയിട്ട് ആദർശബന്ധുക്കളും തൗഹീദിൽ അടി യുറച്ചു നിലകൊള്ളുന്നവരുമായവരോടു പോലും സൗമ്യഭാവത്തിൽ വർത്തിക്കാൻ അവർക്കു കഴിയുന്നില്ല. എന്തിനേറെ, കണ്ടാൽ സലാം പറയാനോ മുഖത്തുനോക്കി ഒന്നു പുഞ്ചിരിക്കാനോ തയ്യാറാകാത്ത വിധം മനസ്സു കടുത്തുപോയവർ! മനസ്സ് കടുത്തുപോകുക എന്നത് വിശ്വാസികളെ ബാധിക്കാൻ പാടില്ലാത്ത ദുർഗുണമാണെന്നതിൽ സംശയമില്ല. അല്ലാഹു പറയുന്നു: "...എന്നാൽ അല്ലാഹുവിന്റെ സ്മ രണയിൽ നിന്ന് അകന്ന് ഹൃദയങ്ങൾ കടുത്തുപോയവർക്കാകുന്നു നാശം. അത്തരക്കാർ വ്യക്തമായ ദുർമാർഗത്തിലത്രെ"(39:22).

സത്യവിശ്വാസത്താൽ മനസ്സ് ആർദ്രവും സൗമ്യവുമാകാത്ത ഒരു ജനവിഭാഗത്തോട് അല്ലാഹു പറഞ്ഞു: "പിന്നീട് അതിന് ശേഷവും നിങ്ങളുടെ മനസ്സുകൾ കടുത്തുപോയി. അവ പാറപോലെയോ അതി നെക്കാൾ കടുത്തതോ ആയി ഭവിച്ചു"(ക്വുർആൻ 2:74).

വേദഗ്രന്ഥം ലഭിച്ചതിന് ശേഷം ഏറെക്കഴിഞ്ഞപ്പോൾ മനസ്സ് കടു ത്തുപോയ പൂർവവേദക്കാരെ പോലെ സത്യവിശ്വാസികൾ ആകാൻ പാടില്ലെന്ന് ക്വുർആൻ ഉണർത്തുന്നു:"വിശ്വാസികൾക്ക് അവരുടെ ഹൃദയങ്ങൾ അല്ലാഹുവിനെ പറ്റിയുള്ള സ്മരണയിലേക്കും അവതരി ച്ചുകിട്ടിയ സത്യത്തിലേക്കും കീഴൊതുങ്ങുവാനും തങ്ങൾക്ക് മുമ്പ് വേദഗ്രന്ഥം നൽകപ്പെട്ടവരെപ്പോലെ ആകാതിരിക്കുവാനും സമയമാ യില്ലേ? അങ്ങനെ ആ വേദക്കാർക്ക് കാലം ദീർഘിച്ച് പോകുകയും തൻമൂലം അവരുടെ ഹൃദയങ്ങൾ കടുത്തുപോകുകയും ചെയ്തു. അവരിൽ അധികമാളുകളും ദുർമാർഗികളാകുന്നു"(ക്വുർആൻ 57:16).

വാക്കിലോ പ്രവൃത്തിയിലോ വീക്ഷണത്തിലോ തെറ്റുപറ്റുക മനു ഷ്യസഹജമാണ്. ആത്മപരിശോധനയും തെറ്റുതിരുത്തലും പശ്ചാ ത്താപവും അതിനുള്ള പരിഹാരമാണ്.



# ക്വുർആനും കവിതയും

ഡോ. ടി. കെ യൂസുഫ്
: 9349798262

അറബി സാഹിത്യത്തിന്റെ അപ്പോസ്തലന്മാർ അരങ്ങുവാണിരുന്ന ഇസ്‌ലാമിന്റെ ആരംഭ കാലത്ത് ഇസ്‌ലാമിന്റെ ശത്രുക്കൾ ക്വുർആനിനെ വിമർശിച്ചുകൊണ്ട് പറഞ്ഞത് അത് ഒരു കവിയുടെ വാക്കുകളാണ് എന്നാണ്. കാരണം അവർക്ക് പരിചിതമായ ഗദ്യ, പദ്യ സാഹിത്യശാഖകളിൽ ഏറ്റവും പ്രിയങ്കരമായതും ഏറ്റവും സ്വാധീനമുണ്ടാക്കിയതും കവിതയായിരുന്നു. എന്നാൽ ക്വുർആൻ വചനങ്ങൾ കേട്ടതോടുകൂടി അവർ അന്ധാളിക്കുകയും സാഹിത്യത്തിലെ ഏത് ഇനമാണിതെന്ന് വേർതിരിക്കാൻ അവർ അശക്തരാകുകയും ചെയ്തു. കാരണം അവർക്ക് അറിയാവുന്ന ഗദ്യ, പദ്യ വൃത്ത, പ്രാസ ചട്ടക്കൂടുകൾക്കിടയിൽ ഒതുങ്ങുന്നതായിരുന്നില്ല ക്വുർആനിന്റെ സാഹിത്യഭംഗി. അറബി കാവ്യ സാമ്രാട്ടുകൾക്ക് ക്വുർആനിലുള്ളതു പോലുള്ള ഒരു അധ്യായം പോലും കൊണ്ടുവരാൻ കഴിഞ്ഞില്ലെന്ന വസ്തുത ക്വുർആൻ കവിതയല്ലെന്നതിന് മകുടോദാഹരണമാണ്. സർവോപരി ക്വുർആൻ കവിതയല്ലെന്ന് ക്വുർആൻ വചനങ്ങൾ തന്നെ വ്യക്തമാക്കുകയും ചെയ്യുന്നുണ്ട്.

“തീർച്ചയായും ഇത് മാന്യനായ ഒരു ദൂതന്റെ വാക്കു തന്നെയാകുന്നു. ഇതൊരു കവിയുടെ വാക്കല്ല. വളരെ കുറച്ചേ നിങ്ങൾ വിശ്വസിക്കുന്നുള്ളൂ. ഒരു ജ്യോത്സ്യന്റെ വാക്കുമല്ല. വളരെക്കുറച്ചേ നിങ്ങൾ ആലോചിച്ചു മനസ്സിലാക്കുന്നുള്ളൂ. ഇത് ലോകരക്ഷിതാവിങ്കൽ നിന്ന് അവതരിപ്പിക്കപ്പെട്ടതാകുന്നു”(ക്വുർആൻ 69:41 -43).

“അദ്ദേഹത്തിന് (നബിക്ക്) നാം കവിത പഠിപ്പിച്ചിട്ടില്ല. അത് അദ്ദേഹത്തിന് അനുയോജ്യമാകുകയുമില്ല. ഇത് ഒരു ഉൽബോധനവും കാര്യങ്ങൾ സ്പഷ്ടമാക്കുന്ന ക്വുർആനും മാത്രമാകുന്നു”(ക്വുർആൻ 36:69).

ഇമാം ബൈഹകി, ഹാകിം മുതലായ പല ഹദീസ് പണ്ഡിതന്മാരും നിവേദനം ചെയ്തിട്ടുള്ള ഒരു സംഭവം ഇങ്ങനെ വായിക്കാം:

“ഒരിക്കൽ ഖുറൈശികൾ ഒരു യോഗം ചേർന്ന് ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി: ‘നമുക്കിടയിൽ ഭിന്നിപ്പും ഛിദ്രതയും ഉണ്ടാക്കുകയും നമ്മുടെ മതത്തെ ആക്ഷേപിക്കുകയും ചെയ്യുന്ന ഈ മനുഷ്യന്റെ (നബിയുടെ) അടുക്കൽ ചെന്ന് ജാലവിദ്യ, പ്രശ്ന വിദ്യ, കവിത ആദിയായവയിൽ സമർഥനായ ഒരാൾ അവനുമായി ഒരു സംഭാഷണം നടത്തി അവനെ അതിൽനിന്ന് പിൻമാറ്റുവാൻ സാധിക്കുമോ എന്ന് നോക്കട്ടെ.’ ഇതിനായി ഉത്ബത്തുബ്നു റബീഅഃയെ അവർ പറഞ്ഞയച്ചു. ഉത്ബത്ത് നബി(സ)യുടെ അടുക്കൽ ചെന്ന് ഇങ്ങനെ പറഞ്ഞു: ‘മുഹമ്മദേ, നീയോ (നിന്റെ പിതാവായ) അബ്ദുല്ലയോ ഉത്തമൻ?’ തിരുമേനി മൗനമവലംബിച്ചു. വീണ്ടും ഉത്ബത്ത്: ‘അല്ലെങ്കിൽ നീയോ (നിന്റെ പിതാമഹൻ) അബ്ദുൽ മുത്വലിബോ ഉത്തമൻ?’ തിരുമേനി ഉത്തരം പറഞ്ഞില്ല. ഉത്ബത്ത് തുടർന്നു: ‘ഇവരെല്ലാം നിന്നെക്കാൾ ഉത്തമൻമാരായിരുന്നുവെങ്കിൽ, നീ കുറ്റപ്പെടുത്തുന്ന ഈ ദൈവങ്ങളെ (വിഗ്രഹങ്ങളെ) അവരും ആരാധിച്ചു വന്നിരുന്നു. അവരെക്കാൾ ഉത്തമൻ നീയാണെന്നു പറയുന്നുവെങ്കിൽ നീയൊന്നു സംസാരിക്കൂ, ഞങ്ങൾ കേൾക്കട്ടെ!’

ഉത്ബത്ത് തുടർന്നു: ‘അല്ലാഹുവാണ് സത്യം! ഈ ജനതയിൽ നിന്നെക്കാൾ ലക്ഷണം കെട്ട മറ്റൊരാളും ഉണ്ടായിട്ടില്ല. ഞങ്ങളുടെ ഐക്യം നീ ശിഥിലമാക്കി. ഞങ്ങളുടെ കാര്യങ്ങൾ നീ താറുമാറാക്കി. മതത്തെ നീ കുറ്റപ്പെടുത്തി. അറബികളുടെ മുമ്പിൽ ഞങ്ങളെ അപമാനിച്ചു. ഹേ, മനുഷ്യാ! നിനക്കു (സാമ്പത്തികമായ) വല്ല ആവശ്യവുമാണുള്ളതെങ്കിൽ,ഞങ്ങൾ നിനക്ക് ധനം ശേഖരിച്ചു തന്ന് നിന്നെ ഖുറൈശികളിൽ വലിയ ഒരു ധനികനാക്കിത്തരാം. വിവാഹമാണാവശ്യമെങ്കിൽ, നീ ഇഷ്ടപ്പെടുന്ന സ്ത്രീയെ നിനക്കു വിവാഹം ചെയ്തു തരാം. വേണമെങ്കിൽ പത്തുപേരെ വിവാഹം കഴിച്ചുതരാം.’

നബി(സ) ചോദിച്ചു: ‘താങ്കൾ പറഞ്ഞു കഴിഞ്ഞുവോ?’ ഉത്ബത്ത്: ‘അതെ,’ ‘എന്നാൽ കേൾക്കൂ’ എന്നു പറഞ്ഞുകൊണ്ട് തിരുമേനി(സ) ‘ഹാമീം സജദഃ’യുടെ ‘ബിസ്മില്ലാഹി’ മുതൽ 13-ാം വചനം തീരുന്നതുവരെ ഉത്ബത്തിനെ ഓതിക്കേൾപ്പിച്ചു.

കൈകൾ പിന്നിൽ കെട്ടിനിന്ന് അതെല്ലാം കേട്ട ഉത്ബത്ത് നബി(സ)യോട് അപേക്ഷിച്ചു: ‘മതി! മതി!’ ഉത്ബത്തിന്റെ വന്നപ്പോഴത്തെ മുഖഭാവം മാറി. ഖുറൈശികളുടെ സദസ്സിലേക്കല്ല, നേരെ സ്വന്തം വീട്ടിലേക്കായിരുന്നു, അയാൾ മടങ്ങിപ്പോയത്.

ഉത്ബത്ത് മതം മാറിപ്പോയോ എന്നു പോലും ഖുറൈശികൾ സംശയിച്ചു. അബൂജഹ്ൽ മുതലായവർ അയാളെ വീട്ടിൽ ചെന്നു കണ്ടു. അയാൾ അവരോടിങ്ങനെ പറഞ്ഞു: ‘മുഹമ്മദിൽനിന്നു ഞാൻ ചിലതെല്ലാം കേൾക്കുകയുകുായി, അതു ജാലമല്ല, പ്രശ്നവുമല്ല, കവിതയുമല്ല. അതുപോലുള്ള വാക്കുകൾ ഞാൻ കേട്ടിട്ടില്ല. അവസാനം അവൻ ‘ആദ്-സമൂദി’ലേതുപോലെയുള്ള ശിക്ഷയെക്കുറിച്ചു നമ്മെ താക്കീതും ചെയ്യുകയുണ്ടായി. അപ്പോൾ, ഞാനവന്റെ വായക്കുപിടിച്ച് കേണപേക്ഷിച്ചു. എന്നിട്ടാണ് അവനത് നിറുത്തിയത്. നിങ്ങൾക്കറിയാമല്ലോ, മുഹമ്മദ് കളവു പറയാറില്ലെന്ന്. അതുകൊണ്ട് നമുക്ക് വല്ല ശിക്ഷയും ബാധിച്ചേക്കുമോ എന്നു ഞാൻ ഭയപ്പെട്ടുപോയി!”

ഖുർആൻ കവിതയല്ലെങ്കിൽ പിന്നെ ഗദ്യമാണോ? അല്ല! ശരിക്കും ചിന്തിക്കുകയും പഠനം നടത്തുകയും ചെയ്യുന്ന ഒരാൾക്ക് ഖുർആൻ  കവിതയല്ലെന്നു ഗ്രഹിക്കാനാകും. അറബിസാഹിത്യത്തിൽ ഇക്കാലമത്രയും കഴിഞ്ഞുപോയ ഒരു ഗദ്യസാഹിത്യത്തിന്റെ പട്ടികയിലും ഖുർആൻ വരികയില്ല. ഖുർആൻ അവതരിച്ച കാലഘട്ടത്തിലോ അതിനു മുമ്പോ അതിനുശേഷമോ ഇത്തരത്തിലുള്ള ഒരു സാഹിത്യവിസ്മയം രംഗപ്രവേശം ചെയ്തിട്ടില്ല. ഖുർആനിന്റെ വെല്ലുവിളി നേരിടാൻ ഗദ്യ-പദ്യ പ്രതിഭകൾക്കൊന്നും കഴിഞ്ഞിട്ടില്ല. ഗദ്യമാണെങ്കിലും പദ്യമാണെങ്കിലും സാഹിത്യത്തിൽ പ്രയോഗിച്ച വാക്കു

**അറബിസാഹിത്യത്തിൽ ഇക്കാലമത്രയും കഴിഞ്ഞുപോയ ഒരു ഗദ്യസാഹിത്യത്തിന്റെ പട്ടികയിലും ഖുർആൻ വരികയില്ല. ഖുർആൻ അവതരിച്ച കാലഘട്ടത്തിലോ അതിനു മുമ്പോ അതിനുശേഷമോ ഇത്തരത്തിലുള്ള ഒരു സാഹിത്യവിസ്മയം രംഗപ്രവേശം ചെയ്തിട്ടില്ല. ഖുർആനിന്റെ വെല്ലുവിളി നേരിടാൻ ഗദ്യ-പദ്യ പ്രതിഭകൾക്കൊന്നും കഴിഞ്ഞിട്ടില്ല. ഗദ്യമാണെങ്കിലും പദ്യമാണെങ്കിലും സാഹിത്യത്തിൽ പ്രയോഗിച്ച വാക്കുകളും പദങ്ങളും തന്നെയാണ് ഖുർആനിലും പ്രയോഗിച്ചിട്ടുള്ളത്. സൗന്ദര്യത്തിലും ശൈലിയിലും ഖുർആനിന്റെ വാക്യഘടനയുടെ നാലയലത്ത്പോലും എത്താൻ സാഹിത്യകാരന്മാർക്ക് ഇന്നേവരെ കഴിഞ്ഞിട്ടില്ല.**

കളും പദങ്ങളും തന്നെയാണ് ക്വുർആനിലും പ്രയോഗിച്ചിട്ടുള്ളത്. സൗന്ദര്യത്തിലും ശൈലിയിലും ക്വുർആനിന്റെ വാക്യഘടനയുടെ നാലയലത്ത്പോലും എത്താൻ സാഹിത്യകാരന്മാർക്ക് ഇന്നേവരെ കഴിഞ്ഞിട്ടില്ല.

ജാഹിലിയ്യ കാലത്ത് മറ്റേതൊരു സാഹിത്യശാഖയെക്കാളും പ്രാധാന്യം കവിതക്കുണ്ടായിരുന്നു. അന്നുള്ള കവിതകൾ പോലും ഇന്ന് ലഭ്യമാണ്. എന്നാൽ അക്കാലഘട്ടത്തിലെ മറ്റൊരു സാഹിത്യശാഖയും കവിതപോലെ നിലനിൽക്കുല്ന്നതായി നമുക്ക് കാണാൻ സാധ്യമല്ല. അതുപോലെ സമ്പത്തും സ്ഥാനമാനങ്ങളും തറവാടിത്തവും കുലമഹിമയുമില്ലാത്തവർ പോലും കവിതയുടെ പേരിൽ മാത്രം പ്രസിദ്ധരായിത്തീർന്നിട്ടുണ്ട്. കവിതക്ക് ലഭിച്ചതിനെക്കാൾ വലിയ സ്വാധീനം ക്വുർആനിന് ലഭിച്ചിട്ടുണ്ടെന്ന വസ്തുതയുംആർക്കും നിഷേധിക്കാൻ കഴിയാത്തതാണ്.

ക്വുർആനും കവിതയും തമ്മിൽ ചെറിയ ഒരു സാമ്യതയുണ്ടെന്നത് നമുക്ക് നിഷേധിക്കാൻ കഴിയാത്തതാണ്. ക്വുർആൻ കവിതയെ പാടെ അവഗണിച്ചു എന്നും പറയാൻ കഴിയില്ല. 'ശുഅറാഅ്' (കവികൾ) എന്ന പേരിൽ ഒരു അധ്യായം പോലും നമുക്ക് ക്വുർആനിൽ കാണാൻ കഴിയും. പ്രവാചകനെ പ്രതിരോധിക്കാൻ ഹസ്സാനുബ്നിൻ സാബിത് എന്ന ഒരു കവി തന്നെയുണ്ടായിരുന്നുവല്ലോ.

അഹ്സാബ് യുദ്ധവേളയിൽ നബി(സ്വ) അബ്ദുല്ലാഹിബിൻ റവാഹിയുടെ ചില വരികൾ ചൊല്ലിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്: 'അല്ലാഹുവിന്റെ നാമത്തിൽ ഞാൻ ആരംഭിക്കുന്നു. അവനാണ് നമുക്ക് സന്മാർഗം നൽകിയത്. അവനെയല്ലാതെ മറ്റാരെയെങ്കിലുമാണ് നാം ആരാധിച്ചിരുന്നതെങ്കിൽ നാം ദൗർഭാഗ്യവാന്മാരാകുമായിരുന്നു. അല്ലാഹുവാണ് സത്യം! നീയില്ലായിരുന്നുവെങ്കിൽ ഞങ്ങൾക്ക് സന്മാർഗം ലഭിക്കുമായിരുന്നില്ല. ഞങ്ങൾ ദാനധർമം ചെയ്യുകയും നമസ്കരിക്കുകയും ചെയ്യുമായിരുന്നില്ല. നീ ഞങ്ങൾക്ക് പൊറുത്ത് തരേണമേ.ഞങ്ങൾ ഭക്തരായിരിക്കുന്നിടത്തോളം ഞങ്ങൾ നിനക്ക് എല്ലാം അർപ്പിക്കുന്നു. നീ ഞങ്ങളുടെമേൽ സമാധാനം ഇറക്കേണമേ...'

ചില ക്വുർആൻ സൂക്തങ്ങൾ കവിതയുടെ അച്ചിൽ വാർത്തെടുക്കപ്പെട്ടതാണെന്ന് തോന്നും.

**ക്വുർആൻ വചനങ്ങൾ എത്ര ആവർത്തി പാരായണം ചെയ്താലും വായനക്കാരന് മടുപ്പ് അനുഭവപ്പെടുകയില്ല. എന്നാൽ എത്ര മുന്തിയ കവിതയാണെങ്കിലും ഏതാനും തവണ പാരായണം ചെയ്യുന്നതോടുകൂടി വിരസതഅനുഭപ്പെടുന്നതാണ്. കേവലം ഭാഷാപരമായ ഒരു അനുഭൂതി എന്നതിലുപരി അറബി കവിതകളിൽ ആത്മീയ, ബൗദ്ധിക, ശാസ്ത്രീയ വൈജ്ഞാനിക വിഷയങ്ങളൊന്നും പ്രതിപാദിക്കുന്നില്ല. ക്വുർആനിലെ അധ്യായത്തിനു സമാനമായ ഒരു അധ്യായം കൊണ്ടുവരാൻ ക്വുർആൻ നടത്തിയ വെല്ലുവിളി സ്വീകരിച്ച് അതിനു കിടയൊത്ത ഒരു അധ്യായം കൊണ്ടുവരാൻ ഒരു മഹാകവിക്കും കഴിഞ്ഞില്ലെന്ന വസ്തുത ക്വുർആനിന്റെ ദൈവികത വ്യക്തമാക്കുന്നതാണ്.**

സൂറത്തുന്നജ്മിലെ സൂക്തങ്ങൾ അതിന് ഉദാഹരണമാണ്. ഈ അധ്യായത്തിലെ ഓരോ സൂക്തവും അവസാനിക്കുന്നത് സമാനമായ ശബ്ദത്തിലാണെങ്കിലും ശൈലിയിലും ആശയത്തിലും പ്രതിപാദ്യ വിഷയത്തിലും ഇവ കവിതയിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. കവിതക്ക് ഇല്ലാത്ത മറ്റൊരു സവിശേഷതയും നമുക്ക് ക്വുർആനിൽ കണ്ടെത്താൻ കഴിയും. ക്വുർആൻ വചനങ്ങൾ എത്ര ആവർത്തി പാരായണം ചെയ്താലും വായനക്കാരന് മടുപ്പ് അനുഭവപ്പെടുകയില്ല. എന്നാൽ എത്ര മുന്തിയ കവിതയാണെങ്കിലും ഏതാനും തവണ പാരായണം ചെയ്യുന്നതോടുകൂടി വിരസതഅനുഭപ്പെടുന്നതാണ്.

ജാഹിലിയ്യ അറബി കവിതകൾ വിശകലനം ചെയ്യുകയാണെങ്കിൽ മിക്കവയിലെയും പ്രതിപാദ്യ വിഷയങ്ങൾ ശൃംഗാരങ്ങൾക്കും സ്ത്രീവർണനകൾക്കും പുറമെ കാമിനിമാർ, അവരുടെ താമസ സ്ഥലങ്ങൾ, അവയുടെ അവശിഷ്ടങ്ങൾ, ഒട്ടകങ്ങൾ, കുതിരകൾ എന്നീ യാത്രാവാഹനങ്ങൾ, കവികളുടെ കുടുംബങ്ങൾ ചെയ്ത ധീര സാഹസിക കൃത്യങ്ങൾ, ജീവകാരുണ്യപ്രവർത്തനങ്ങൾ, യുദ്ധങ്ങൾ തുടങ്ങിയ വിഷയങ്ങളാണെന്ന് കാണാൻ കഴിയും. വളരെ അപൂർവം ചില കവികൾ കവിതകളിലൂടെ അൽപം തത്ത്വചിന്തകളും വെളിപ്പെടുത്തിയിട്ടുണ്ട്.

കേവലം ഭാഷാപരമായ ഒരു അനുഭൂതി എന്നതിലുപരി അറബി കവിതകളിൽ ആത്മീയ, ബൗദ്ധിക, ശാസ്ത്രീയ വൈജ്ഞാനിക വിഷയങ്ങളൊന്നും പ്രതിപാദിക്കുന്നില്ല. ക്വുർആനിലെ അധ്യായത്തിനു സമാനമായ ഒരു അധ്യായം കൊണ്ടുവരാൻ ക്വുർആൻ നടത്തിയ വെല്ലുവിളി സ്വീകരിച്ച് അതിനു കിടയൊത്ത ഒരു അധ്യായം കൊണ്ടുവരാൻ ഒരു മഹാകവിക്കും കഴിഞ്ഞില്ലെന്ന വസ്തുത ക്വുർആനിന്റെ ദൈവികത വ്യക്തമാക്കുന്നതാണ്.



"...അവരിൽ (മാതാപിതാക്കളിൽ) ഒരാളോ അവർ രണ്ടുപേരും തന്നെയോ നിന്റെ അടുക്കൽ വച്ച് വാർധക്യം പ്രാപിക്കുകയാണെങ്കിൽ അവരോട് നീ 'ഛെ' എന്ന് പറയുകയോ, അവരോട് കയർക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്ക് പറയുക. കാരുണ്യത്തോടുകൂടി എളിമയുടെ ചിറക് നീ അവർ ഇരുവർക്കും താഴ്ത്തിക്കൊടുക്കുകയും ചെയ്യുക...''
(ക്വുർആൻ 17:23,24).

# തെരുവിലേക്കെറിയപ്പെടുന്ന വാർധക്യം!

**ഇബ്നു അലി എടത്തനാട്ടുകര**

ഉയരമുള്ള മേൽപാലത്തിലൂടെ ബസ്സ് കടന്നുപോകുമ്പോൾ താഴെ ആ ആരാധനാലയം കണ്ടു. അതിന്റെ പരിസരത്ത് വെളുത്ത് മെലിഞ്ഞ് കൂനിക്കൂടിയ ആ വൃദ്ധനെ തിരഞ്ഞു; കണ്ടില്ല. ഒരു പക്ഷേ, സ്ഥിരം യാത്രക്കിടയിൽ അയാളെ മുമ്പെന്നോ കണ്ടിരിക്കണം. കാണാതെത്തന്നെ ആ സാധു എന്റെ മനസ്സിലുണ്ടല്ലോ!

സുഹൃത്താണ് ഒരിക്കൽ ആ വിഷയം പറഞ്ഞത്. അദ്ദേഹത്തിന്റെ ഗുരുനാഥനാണ് ഞാൻ തിരഞ്ഞ ആൾ. പുറത്തുനിന്ന് ഭക്ഷണം കഴിക്കില്ല. സ്കൂൾ വിട്ടാൽ കുളിച്ച് ശുദ്ധമായതിന് ശേഷം മാത്രം ആഹാരം. ശാന്തൻ, സൗമ്യൻ. അച്ചടിഭാഷയിൽ സംസാരിക്കുന്ന ആൾ. ഇതര അധ്യാപകർക്കും കുട്ടികൾക്കും നാട്ടുകാർക്കും മറ്റും ബഹുമാനമുള്ള നല്ല വ്യക്തിത്വം. അപരന്റെ കാര്യങ്ങളിൽ അനാവശ്യമായി ഇടപെടാത്ത സാത്വികൻ. സുഹൃത്തിനുതന്നെ പ്രായം 60 കഴിഞ്ഞിട്ടുണ്ട്. അപ്പോൾ മാഷിന് ചുരുങ്ങിയത് 85നടുത്ത് എത്തിയിരിക്കും. റിട്ടയർ ചെയ്ത ശേഷം വല്ലപ്പോഴും കാണാറുണ്ട്. വിശേഷങ്ങൾ പങ്കുവയ്ക്കാറുമുണ്ട്.

പെൻഷൻ തുക വീട്ടിലെ പല ആവശ്യങ്ങൾക്കും ചെലവഴിച്ചു എന്ന് കേട്ടിരുന്നു. പിന്നെ കുറെ കാലം ആളെ കണ്ടിരുന്നില്ല. ഇടക്ക് ടൗണിൽവച്ച് കണ്ടുമുട്ടിയപ്പോൾ മാഷ് ആകെ പരവശനായിരുന്നു. ദേഹം മെലിഞ്ഞിരുന്നു. കുഴിയിലാണ്ട കണ്ണുകൾ പ്രായം കൂടുതൽ തോന്നിച്ചു.

'എന്താ അസുഖം വല്ലതുമുണ്ടോ' എന്ന ശിഷ്യന്റെ ചോദ്യത്തിന് മറുപടി കണ്ണീരായിരുന്നു. ഭാര്യയും ഒരു മകനുമാണ് ഉള്ളത്. മൂന്ന് പതിറ്റാണ്ടിന്റെ സർവീസിൽ നിന്ന് പിരിഞ്ഞപ്പോൾ കിട്ടിയ ലക്ഷങ്ങൾ അവർ പറഞ്ഞ ഓരോരോ ആവശ്യത്തിന് ചെലവാക്കി. ആ പണം കഴിഞ്ഞപ്പോൾ ബാക്കിയുള്ള സ്വത്തിലേക്കായി കണ്ണ്. നിർബന്ധം സഹിക്കാതെ വന്നപ്പോൾ കിടപ്പാടം അടക്കം എല്ലാം മകന്റെയും ഭാര്യയുടെയും പേരിൽ രജിസ്റ്റർ ചെയ്തുകൊടുത്തു. വയസ്സേറെയായി, ഇന്നോ നാളെയോ എന്ന് കാത്തുനിൽക്കുന്ന അയാൾക്ക് ഇനി എന്തിന് സ്വത്ത് എന്ന് കരുതിക്കാണണം. താൻ മരണപ്പെട്ടാലും സ്വത്ത് ഭാര്യക്കും മകനും തന്നെയാണല്ലോ ചെന്നുചേരുക, അത് കുറച്ച് നേരത്തെ കൊടുത്തു എന്ന് സ്വയം വിശ്വസിപ്പിച്ച് മാഷ് ആശ്വാസം കണ്ടെത്തി.

ഇനി ഏതാനും വർഷങ്ങൾ... അത് സമാധാനത്തോടെ കുടുംബത്തോടൊപ്പം കഴിയാം എന്ന് കരുതി പാവം അധ്യാപകൻ. വിദ്യാർഥികളെ നന്മ ഉപദേശിച്ച്, അവരുടെ കുറവുകൾ കണ്ടറിഞ്ഞ് തിരുത്തി നേർവഴിക്ക് നടത്തിയ മാഷിന്റെ കണക്ക് സ്വന്തം വീട്ടിൽ പിഴച്ചുപോയി. വസ്തു എഴുതിക്കൊടുത്ത് കഴിഞ്ഞപ്പോൾ, കിട്ടേണ്ടത് കിട്ടിയപ്പോൾ, ഇനിയൊന്നും പിടുങ്ങാനില്ല എന്ന് ഉറപ്പിച്ച അവരുടെ സ്വഭാവത്തിൽ മാറ്റം വന്നു. ആ പാവത്തെ ഗൗനിക്കാതെയായി. ആവശ്യമില്ലാത്ത കുറ്റങ്ങൾ കണ്ടെത്തി പഴിക്കാൻ തുടങ്ങി. ഒടുക്കം നിഷ്കരുണം വീട്ടിൽനിന്ന് ഇറക്കിവിടുകയും ചെയ്തു. ഒറ്റപ്പെട്ട അദ്ദേഹം ഒടുവിൽ ഒരു ദേവാലയത്തിൽ സഹായിയായി കൂടി. ഭക്തർക്ക് തയ്യാറാക്കുന്ന ഭക്ഷണത്തിൽനിന്ന് പങ്കുപറ്റാം. അവിടെത്തന്നെ രാപാർക്കാം... അങ്ങനെ തലമുറകൾക്ക് നല്ല വഴി ചൊല്ലിക്കൊടുത്ത ആ ഗുരുനാഥൻ പെരുവഴിയിലായി; അല്ല ഉറ്റവർ അങ്ങനെ ആക്കി. ഇത്തരം സംഭവങ്ങൾ നമ്മുടെ നാട്ടിൽ ഒറ്റപ്പെട്ടതല്ലാത്തതായി മാറിയിരിക്കുന്നു! പറന്നു പറന്ന് ചിറകു തളർന്ന വാർധക്യങ്ങളെ നീ കൈവിടല്ലേ നാഥാ! നീ തുണ, നീ മാത്രം തുണ.



# സമ്പത്തും സത്യവിശ്വാസിയും

സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി
: 98467 97157

**സ്രഷ്ടാവ് മനുഷ്യർക്ക് നൽകിയ അനുഗ്രഹങ്ങളിൽ ഏറെ പ്രധാനപ്പെട്ടതാണ് സമ്പത്ത്. ശരീരം പോലെ, മനസ്സ് പോലെ സമ്പത്തും ശുദ്ധീകരിക്കുമ്പോൾ മാത്രമെ വിശ്വാസിയുടെ ബാധ്യത പൂർണമാകുന്നുള്ളൂ. നിശ്ചിത പരിധിയ്ക്കപ്പുറം സമ്പത്ത് കൈവന്നാൽ അതിൽ നിയതമായ വിഹിതം മറ്റുള്ളവരുടെ അവകാശമാണെന്ന് പഠിപ്പിക്കുന്ന ഇസ്‌ലാമിന്റെ സകാത്ത് സമ്പ്രദായം ഉന്നതമായ നീതിബോധമാണ് വിളംബരം ചെയ്യുന്നത്. ദാനധർമങ്ങൾക്കും സകാത്തിനും ഇസ്‌ലാം നൽകുന്ന പ്രാധാന്യവും അവയുടെ മഹത്ത്വവും വിശദമായി ഗ്രഹിക്കാം.**

മനുഷ്യന് എണ്ണിത്തിട്ടപ്പെടുത്താൻ സാധിക്കാത്തത്ര അനുഗ്രഹങ്ങളാണ് അല്ലാഹു ഭൂമിയിൽ സംവിധാനിച്ചിട്ടുള്ളത്. ഈ അനുഗ്രഹങ്ങളിൽ മുഴുവൻ മനുഷ്യരും ആഗ്രഹിക്കുകയും നേടിയെടുക്കാൻ അങ്ങേയറ്റം പരിശ്രമിക്കുകയും ചെയ്യുന്ന ഏറ്റവും വലിയ അനുഗ്രഹമാണ് സമ്പത്ത്. ഈ അനുഗ്രഹം ദൈവിക ദാനമാണ്. അത് അല്ലാഹുവിന്റെ നിയമ നിർദേശങ്ങൾക്കനുസരിച്ചാണ് സമ്പാദിക്കേണ്ടതും വിനിയോഗിക്കേണ്ടതും. അല്ലാഹു പറയുന്നത് ശ്രദ്ധിക്കുക:

"അല്ലാഹു നിങ്ങൾക്ക് നൽകിയിട്ടുള്ള സമ്പത്തിൽനിന്ന് അവർക്ക് നിങ്ങൾ നൽകി സഹായിക്കുകയും ചെയ്യുക" (നൂർ:33).

"അല്ലാഹു അവന്റെ അനുഗ്രഹത്തിൽനിന്ന് തങ്ങൾക്കു തന്നിട്ടുള്ളതിൽ പിശുക്ക് കാണിക്കുന്നവർ അതവർക്ക് ഗുണകരമാണെന്ന് ഒരിക്കലും വിചാരിക്കരുത്. അല്ല, അവർക്ക് ദോഷകരമാണത്. അവർ പിശുക്ക് കാണിച്ച ധനംകൊണ്ട് ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ അവരുടെ കഴുത്തിൽ മാലചാർത്തപ്പെടുന്നതാണ്. ആകാശങ്ങളുടെയും ഭൂമിയുടെയും അനന്തരാവകാശം അല്ലാഹുവിനത്രെ. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു" (ആലുഇംറാൻ: 180).

### അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുക

അല്ലാഹു നൽകിയ സമ്പത്ത് അവന്റെ മാർഗത്തിൽ ചെലവഴിക്കേണ്ടത് ഒരു വിശ്വാസിയുടെ ബാധ്യതയാണ്. അല്ലാഹു നബി(സ്വ)യോട് പറയുന്നത് കാണുക:

"വിശ്വാസികളായ എന്റെ ദാസൻമാരോട് നീ പറയുക: അവർ നമസ്കാ



രം മുറപോലെ നിർവഹിക്കുകയും നാം അവർക്കു നൽകിയ ധനത്തിൽ നിന്ന്, യാതൊരു ക്രയവിക്രയവും ചങ്ങാത്തവും നടക്കാത്ത ഒരു ദിവസം വരുന്നതിന് മുമ്പായി രഹസ്യമായും പരസ്യമായും അവർ (നല്ലവഴിയിൽ) ചെലവഴിക്കുകയും ചെയ്തുകൊള്ളട്ടെ" (ഇബ്റാഹീം: 31).

"അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ ചെലവ് ചെയ്യുക" (ബക്വറ: 195).

"അതിനാൽ നിങ്ങൾക്ക് സാധ്യമായവിധം അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. നിങ്ങൾ കേൾക്കുകയും അനുസരിക്കുകയും നിങ്ങൾക്കുതന്നെ ഗുണകരമായ നിലയിൽ ചെലവഴിക്കുകയും ചെയ്യുക. ആർ മനസ്സിന്റെ പിശുക്കിൽനിന്ന് കാത്തുരക്ഷിക്കപ്പെടുന്നുവോ അവർതന്നെയാകുന്നു വിജയംപ്രാപിച്ചവർ" (തഗാബുൻ: 16).

"ചെലവുചെയ്യുകയാണെങ്കിൽ അമിതവ്യയം നടത്തുകയോ പിശുക്കിപ്പിടിക്കുകയോ ചെയ്യാതെ അതിനിടക്കുള്ള മിതമായ മാർഗം സ്വീകരിക്കുന്നവരുമാകുന്നു അവർ" (ഫുർക്വാൻ: 67).

**അല്ലാഹുവിന് ആരുണ്ട് കടം കൊടുക്കാൻ?**

അല്ലാഹുവിന്റെ മാർഗത്തിൽ സമ്പത്ത് ചെലവഴിക്കുന്നതിനെ അല്ലാഹുവിന് കടം കൊടുക്കുകയെന്ന രൂപത്തിലാണ് അല്ലാഹു വിശേഷിപ്പിച്ചിട്ടുള്ളത്.

"ആരുണ്ട് അല്ലാഹുവിന് ഒരു നല്ല കടം കൊടുക്കുവാൻ? എങ്കിൽ അവനത് അയാൾക്ക് വേണ്ടി ഇരട്ടിപ്പിക്കുന്നതാണ്. അയാൾക്കാണ് മാന്യമായ പ്രതിഫലമുള്ളത്" (ഹദീദ്: 11).

**"മനുഷ്യന് എണ്ണിത്തിട്ടപ്പെടുത്താൻ സാധിക്കാത്തത്ര അനുഗ്രഹങ്ങളാണ് അല്ലാഹു ഭൂമിയിൽ സംവിധാനിച്ചിട്ടുള്ളത്. ഈ അനുഗ്രഹങ്ങളിൽ മുഴുവൻ മനുഷ്യരും ആഗ്രഹിക്കുകയും നേടിയെടുക്കാൻ അങ്ങേയറ്റം പരിശ്രമിക്കുകയും ചെയ്യുന്ന ഏറ്റവും വലിയ അനുഗ്രഹമാണ് സമ്പത്ത്. ഈ അനുഗ്രഹം ദൈവിക ദാനമാണ്. അത് അല്ലാഹുവിന്റെ നിയമ നിർദേശങ്ങൾക്കനുസരിച്ചാണ് സമ്പാദിക്കേണ്ടതും വിനിയോഗിക്കേണ്ടതും. അല്ലാഹു നൽകിയ സമ്പത്ത് അവന്റെ മാർഗത്തിൽ ചെലവഴിക്കേണ്ടത് ഒരു വിശ്വാസിയുടെ ബാധ്യതയാണ്. അല്ലാഹുവിന്റെ മാർഗത്തിൽ സമ്പത്ത് ചെലവഴിക്കുന്നതിനെ അല്ലാഹുവിന് കടം കൊടുക്കുകയെന്ന രൂപത്തിലാണ് അല്ലാഹു വിശേഷിപ്പിച്ചിട്ടുള്ളത്.**

**നഷ്ടമില്ലാത്ത കച്ചവടം**

ഇസ്‌ലാമിന്റെ മാർഗത്തിൽ ചെലവഴിക്കുന്നത് ഒരിക്കലും നഷ്ടം വരാത്ത കച്ചവടമാണ്. അല്ലാഹു പറയുന്നത് നോക്കൂക:

“തീർച്ചയായും അല്ലാഹുവിന്റെ ഗ്രന്ഥം പാരായണം ചെയ്യുകയും, നമസ്കാരം മുറപോലെ നിർവ ഹിക്കുകയും, നാം കൊടുത്തിട്ടുള്ളതിൽനിന്ന് രഹസ്യമായും പരസ്യമായും ചെലവഴിക്കുകയും ചെയ്യുന്നവരാരോ അവർ ആശിക്കുന്നത് ഒരിക്കലും നഷ്ടം സംഭവിക്കാത്ത ഒരു കച്ചവടമാകുന്നു. അവർക്ക് അവരുടെ പ്രതിഫലങ്ങൾ അവൻ പൂർത്തിയാക്കി കൊടുക്കുവാനും അവന്റെ അനുഗ്രഹത്തിൽനിന്ന് അവൻ അവർക്ക് കൂടുതലായി നൽകുവാനും വേണ്ടി. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനും നന്ദിയുള്ളവനുമാകുന്നു'' (ഫാത്വിർ: 29,30).

**സകാത്ത് നിർബന്ധം**

സകാത്ത് നൽകൽ നിർബന്ധമാണ്. അതിനുള്ള തെളിവുകൾ ക്വുർആനും പ്രവാചക ചര്യയും മുസ്‌ലിം സമൂഹത്തിന്റെ ഇജ്മാഉമാണ്.

**ക്വുർആനിലെ തെളിവുകൾ**

അല്ലാഹു പറയുന്നു: “നിങ്ങൾ നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും റസൂലിനെ അനുസരിക്കുകയും ചെയ്യുവിൻ. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം'' (നൂർ: 56).

“എന്നാൽ അവരിൽനിന്ന് അടിയുറച്ച അറിവുള്ളവരും സത്യവിശ്വാസികളുമായിട്ടുള്ളവർ നിനക്ക് അവതരിപ്പിക്കപ്പെട്ടതിലും നിനക്ക് മുമ്പ് അവതരിപ്പിക്കപ്പെട്ടതിലും വിശ്വസിക്കുന്നു. പ്രാർഥന മുറപോലെ നിർവഹിക്കുന്നവരും സകാത്ത് നൽകുന്നവരും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരുമത്രെ അവർ. അങ്ങനെയുള്ളവർക്ക് നാം മഹത്തായ പ്രതിഫലം നൽകുന്നതാണ്'' (നിസാഅ്: 162).

**“സ്വർണവും വെള്ളിയും നിക്ഷേപമാക്കിവയ്ക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ അത് ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനയേറിയ ശിക്ഷയെപ്പറ്റി സന്തോഷവാർത്ത അറിയിക്കുക. നരകാഗ്നിയിൽവച്ച് അവ ചുട്ടുപഴുപ്പിക്കപ്പെടുകയും എന്നിട്ട് അതുകൊണ്ട് അവരുടെ നെറ്റികളിലും പാർശ്വങ്ങളിലും മുതുകുകളിലും ചൂടുവയ്ക്കപ്പെടുകയും ചെയ്യുന്ന ദിവസം (അവരോട് പറയപ്പെടും:) നിങ്ങൾ നിങ്ങൾക്ക് വേണ്ടി തന്നെ നിക്ഷേപിച്ചുവച്ചതാണിത്. അതിനാൽ നിങ്ങൾ നിക്ഷേപിച്ചുവച്ചിരുന്നത് നിങ്ങൾ ആസ്വദിച്ച് കൊള്ളുക'' (തൗബ: 34,35)**



“ചില ആളുകൾ, അല്ലാഹുവെ സ്മരിക്കുന്നതിൽനിന്നും നമസ്കാരം മുറപോലെ നിർവഹിക്കുന്നതിൽ നിന്നും സകാത്ത് നൽകുന്നതിൽനിന്നും കച്ചവടമോ ക്രയവിക്രയമോ അവരുടെ ശ്രദ്ധ തിരിച്ചുവിടുകയില്ല. ഹൃദയങ്ങളും കണ്ണുകളും ഇളകിമറിയുന്ന ഒരു ദിവസത്തെ അവർ ഭയപ്പെട്ടുകൊണ്ടിരിക്കുന്നു'' (നൂർ: 37).

**പ്രവാചക സുന്നത്ത്**

ഉമർ(റ) നിവേദനം: അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: “ഇസ്‌ലാം പടുത്തുയർത്തപ്പെട്ടിട്ടുള്ളത് അഞ്ച് കാര്യങ്ങളിലാണ്. അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ റസൂലുാണെന്നും സാക്ഷ്യം വഹിക്കൽ, നമസ്കാരം നിലനിർത്തൽ, സകാത്ത് നൽകൽ, ഹജ്ജ് ചെയ്യൽ, റമളാനിലെ നോമ്പ്'' (ബുഖാരി, മുസ്‌ലിം).

**ഇജ്മാഅ്**

സകാത്ത് നിർബന്ധമാണെന്നതിൽ മുസ്‌ലിം സമുദായം ഏകോപിച്ചിരിക്കുന്നു. ആരെങ്കിലും അതിന്റെ നിർബന്ധതയെ ധിക്കാരപൂർവം നിഷേധിക്കുകയാണെങ്കിൽ അവൻ അവിശ്വാസിയായി.

ഇസ്‌ലാം ദീൻ പടുത്തുയർത്തപ്പെട്ട തൂണുകളിൽ പെട്ട ഒരു തൂണാകുന്നു സകാത്ത് എന്ന് സൂചിപ്പിച്ചു. ഈ തൂൺ കൂടാതെ ഇസ്‌ലാം മതം പൂർണമാവുകയില്ല. വിശുദ്ധ ക്വുർആനിൽ നമസ്കാരത്തോടൊപ്പം 82 തവണ സകാത്തിനെ ചേർത്ത് പറഞ്ഞിരിക്കുന്നു. ഹിജ്റ രണ്ടാം വർഷമാണ് സകാത്ത് നിർബന്ധമാക്കിയത്. പ്രവാചക തിരുമേനി(സ്വ) അത്

പിരിക്കുവാനും അർഹരായവർക്ക് എത്തിക്കുവാനും വേണ്ടി ആളുകളെ നിയോഗിക്കാറുണ്ടായിരുന്നു.

അല്ലാഹു പറയുന്നു: “സ്വർണവും വെള്ളിയും നിക്ഷേപമാക്കിവയ്ക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ അത് ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനയേറിയ ശിക്ഷയെപ്പറ്റി സന്തോഷവാർത്ത അറിയിക്കുക. നരകാഗ്നിയിൽവച്ച് അവ ചുട്ടുപഴുപ്പിക്കപ്പെടുകയും എന്നിട്ട് അതുകൊണ്ട് അവരുടെ നെറ്റികളിലും പാർശ്വങ്ങളിലും മുതുകുകളിലും ചൂടുവയ്ക്കപ്പെടുകയും ചെയ്യുന്ന ദിവസം (അവരോട് പറയപ്പെടും:) നിങ്ങൾ നിങ്ങൾക്ക് വേണ്ടി തന്നെ നിക്ഷേപിച്ചുവച്ചതാണിത്. അതിനാൽ നിങ്ങൾ നിക്ഷേപിച്ചുവച്ചിരുന്നത് നിങ്ങൾ ആസ്വദിച്ച് കൊള്ളുക” (തൗബ: 34,35)

അബൂഹുറയ്റ(റ) നിവേദനം; നബി(സ്വ) പറഞ്ഞു: “അല്ലാഹു ആർക്കെങ്കിലും സമ്പത്ത് നൽകിയിട്ട് അവനതിന്റെ സകാത്ത് നൽകിയില്ലെങ്കിൽ അവന്റെ ധനത്തെ അല്ലാഹു അന്ത്യനാളിൽ ഉഗ്രവിഷമുള്ള, ഇരുതലയുള്ള പാമ്പാക്കി മാറ്റി അവന്റെ കഴുത്തിലണിയിക്കും. അത് അവന്റെ ഇരുകവിളിലും കൊത്തിക്കൊണ്ട് പറയും: ‘ഞാനാണ് നിന്റെ സമ്പത്ത്, ഞാനാണ് നിന്റെ നിധി.’ ശേഷം ഈ ആയത്ത് പാരായണം ചെയ്തു: ‘അല്ലാഹു അവന്റെ അനുഗ്രഹത്തിൽനിന്ന് തങ്ങൾക്കു തന്നിട്ടുള്ളതിൽ പിശുക്ക് കാണിക്കുന്നവർ അതവർക്ക് ഗുണകരമാണെന്ന് ഒരിക്കലും വിചാരിക്കരുത്. അല്ല, അവർക്ക് ദോഷകരമാണത്. അവർ പിശുക്ക് കാണിച്ച ധനംകൊണ്ട് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവരുടെ കഴുത്തിൽ മാലചാർത്തപ്പെടുന്നതാണ്. ആകാശങ്ങളുടെയും ഭൂമിയുടെയും അനന്തരാവകാശം അല്ലാഹുവിനത്രെ. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു’’ (ആലുഇംറാൻ: 180) (ബുഖാരി).

**ഇസ്‌ലാം ദീൻ പടുത്തുയർത്തപ്പെട്ട തൂണുകളിൽ പെട്ട ഒരു തൂണാകുന്നു സകാത്ത് എന്ന് സൂചിപ്പിച്ചു. ഈ തൂൺ കൂടാതെ ഇസ്‌ലാം മതം പൂർണമാവുകയില്ല. വിശുദ്ധ ക്വുർആനിൽ നമസ്‌കാരത്തോടൊപ്പം 82 തവണ സകാത്തിനെ ചേർത്ത് പറഞ്ഞിരിക്കുന്നു. ഹിജ്‌റ രണ്ടാം വർഷമാണ് സകാത്ത് നിർബന്ധമാക്കിയത്. പ്രവാചക തിരുമേനി(സ്വ) അത് പിരിക്കുവാനും അർഹരായവർക്ക് എത്തിക്കുവാനും വേണ്ടി ആളുകളെ നിയോഗിക്കാറുണ്ടായിരുന്നു**

അബൂഹുറയ്റ(റ) നിവേദനം; നബി(സ്വ) പറഞ്ഞു: “സ്വർണവും വെള്ളിയും സമ്പാദ്യമുള്ളവർ അതിന്റെ ബാധ്യത (സകാത്ത്) നൽകിയില്ലെങ്കിൽ അന്ത്യനാളിൽ അവ തീകൊണ്ടുള്ള ഷീറ്റ് രൂപത്തിലാക്കി നരകത്തിലിട്ട് കഠിനമായി ചൂടാക്കി അൻപതിനായിരം വർഷത്തെ ദൈർഘ്യമുള്ള ദിനത്തിൽ അത്കൊണ്ട് അവന്റെ പാർശ്വങ്ങളിലും നെറ്റിത്തടങ്ങളിലും മുതുകുകളിലും ചൂടാക്കിക്കൊണ്ടിരിക്കും. ആ ചൂട് ശമിക്കുമ്പോഴെല്ലാം വീണ്ടും അതുപോലെ ആവർത്തിച്ചുകൊണ്ടിരിക്കും. അടിമകൾക്കിടയിൽ വിധി നടപ്പിലാക്കുന്നത് വരെ. അവസാനം അവന് അവന്റെ മാർഗം കാണിക്കപ്പെടും. ഒരുപക്ഷേ, സ്വർഗത്തിലേക്ക്, അല്ലെങ്കിൽ നരകത്തിലേക്ക്”(മുസ്‌ലിം).

“അവരെ ശുദ്ധീകരിക്കുകയും അവരെ സംസ്‌കരിക്കുയും ചെയ്യാനുതകുന്ന ദാനം അവരുടെ സ്വത്തുകളിൽനിന്ന് നീ വാങ്ങുകയും ചെയ്യുക” (തൗബ: 103).

ഇബ്‌നു അബ്ബാസ്(റ) നിവേദനം; മുആദി(റ)നെ യമനിലേക്ക് നിയോഗിച്ച വേളയിൽ നബി (സ്വ) പറഞ്ഞു: “അവരുടെ സമ്പത്തിൽനിന്ന് അല്ലാഹു സ്വദക്വ (സകാത്ത്) നിർബന്ധമാക്കിയിരിക്കുന്നു എന്നും, അത് അവരിലെ സമ്പന്നരിൽനിന്ന് സ്വീകരിച്ച് അവരിലെ ദരിദ്രർക്ക് നൽകണമെന്നും അവരെ പഠിപ്പിക്കുക’’ (മുസ്‌ലിം).

“ഇനി അവർ പശ്ചാത്തപിക്കുകയും നമസ്‌കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും ചെയ്യുന്നപക്ഷം നിങ്ങൾ അവരുടെ വഴി ഒഴിവാക്കികൊടുക്കുക. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാണ്’’ (തൗബ: 5).

നബി(സ്വ)യുടെ വഫാതിന് ശേഷം അബൂബക്കർ(റ) ഖലീഫയായ വേളയിൽ ചില യാളുകൾ സകാത്ത് നൽകുകയില്ലെന്ന് പറഞ്ഞപ്പോൾ ഞാനവരോട് യുദ്ധം ചെയ്യുമെന്ന് പറഞ്ഞു. ഉമർ(റ) പറഞ്ഞു: ‘അവരെല്ലാം ലാഇലാഹ ഇല്ലല്ലാഹ് എന്ന് പറഞ്ഞവരല്ലേ? അവരോട് നിങ്ങളെങ്ങനെ യുദ്ധം ചെയ്യും?’ അബൂബക്കർ(റ) പ്രതികരിച്ചത് ഇങ്ങനെ: ‘ആരെങ്കിലും നമസ്‌കാരത്തിനും സകാത്തിനും ഇടയിൽ വേർതിരിവ് കാണിച്ചാൽ അവനോട് ഞാൻ യുദ്ധം ചെയ്യുകതന്നെ ചെയ്യും. അല്ലാഹുവാണെ സത്യം! ആരെങ്കിലും പ്രവാചകന്റെ കാലത്ത് ഒട്ടകത്തിന്റെ മൂക്കുകയറാണ് സകാത്തായി നൽകിയിരുന്നതെങ്കിൽ അത് നൽകാത്തതിന്റെ പേരിൽ ഞാനവനോട് യുദ്ധം ചെയ്യുകതന്നെ ചെയ്യുന്നതാണ്’’ (ബുഖാരിയിലും മുസ്‌ലിമിലുമുള്ള ഹദീസിന്റെ സംഗ്രഹം).

### രഹസ്യമായും പരസ്യമായും ചെലവഴിക്കുക

രഹസ്യമായും പരസ്യമായും അല്ലാഹുവിന്റെ മാർഗത്തിൽ ചെല

വഴിക്കുന്ന വിശ്വാസികൾക്ക് ഒരിക്കലും ഭയപ്പെടേണ്ടതില്ല. അവർക്ക് വർദ്ധിച്ച പ്രതിഫലവുമുണ്ട്.

“രാത്രിയും പകലും രഹസ്യമായും പരസ്യമായും തങ്ങളുടെ സ്വത്തുക്കൾ ചെലവഴിച്ചുകൊണ്ടിരിക്കു ന്നവർക്ക് അവരുടെ രക്ഷിതാവിങ്കൽ അവർ അർഹിക്കുന്ന പ്രതിഫലമുണ്ടായിരിക്കുന്നതാണ്. അവർ യാതൊന്നും ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല” (ബഖറ: 274).

“തങ്ങളുടെ രക്ഷിതാവിന്റെ പ്രീതി ആഗ്രഹിച്ചുകൊണ്ട് ക്ഷമ കൈക്കൊള്ളുകയും, നമസ്കാരം മുറപോലെ നിർവഹിക്കുകയും, നാം നൽകിയിട്ടുള്ളതിൽനിന്ന് രഹസ്യമായും പരസ്യമായും ചെലവഴിക്കുകയും, തിൻമയെ നൻമകൊണ്ട് തടുക്കുകയും ചെയ്യുന്നവർ. അത്തരക്കാർക്ക് അനുകൂലമത്രെ ലോകത്തിന്റെ പര്യവസാനം” (റഅ്ദ്: 22).

“വിശ്വാസികളായ എന്റെ ദാസൻമാരോട് നീ പറയുക: അവർ നമസ്കാരം മുറപോലെ നിർവഹിക്കുകയും, നാം അവർക്കു നൽകിയ ധനത്തിൽനിന്ന്, യാതൊരു ക്രയവിക്രയവും ചങ്ങാത്തവും നടക്കാത്ത ഒരു ദിവസം വരുന്നതിന് മുമ്പായി രഹസ്യമായും പരസ്യമായും അവർ (നല്ലവഴിയിൽ) ചെലവഴിക്കുകയും ചെയ്ത് കൊള്ളട്ടെ” (ഇബ്റാഹീം: 31).

### സമ്പത്തുകൊണ്ട് ജിഹാദ് ചെയ്യുക

ഇസ്‌ലാമിൽ വളരെ പുണ്യമുള്ള കാര്യമാണ് ജിഹാദ്. ജിഹാദ് പലരൂപത്തിലുണ്ട്. വൃദ്ധരായ മാതാപിതാക്കളെ നല്ല രൂപത്തിൽ പരിചരിക്കുന്നത് ജിഹാദാണ്. അതുപോലെ അല്ലാഹു നമുക്ക് നൽകിയ സമ്പത്ത് അവന്റെ പ്രീതി കാംക്ഷിച്ച് ചെലവഴിക്കുന്നതും ജിഹാദാണ്. ശരീരംകൊണ്ട് ചെയ്യുന്ന ജിഹാദിനെക്കാൾ സമ്പത്ത് കൊണ്ട് ചെയ്യുന്ന ജിഹാദിനെയാണ് ക്വുർആൻ മുന്തിപ്പിച്ച് പറഞ്ഞിട്ടുള്ളത്. ക്വുർആൻ പറയുന്നത് കാണുക:

**ഇസ്‌ലാമിൽ വളരെ പുണ്യമുള്ള കാര്യമാണ് ജിഹാദ്. ജിഹാദ് പലരൂപത്തിലുണ്ട്. വൃദ്ധരായ മാതാപിതാക്കളെ നല്ല രൂപത്തിൽ പരിചരിക്കുന്നത് ജിഹാദാണ്. അതുപോലെ അല്ലാഹു നമുക്ക് നൽകിയ സമ്പത്ത് അവന്റെ പ്രീതി കാംക്ഷിച്ച് ചെലവഴിക്കുന്നതും ജിഹാദാണ്. ശരീരംകൊണ്ട് ചെയ്യുന്ന ജിഹാദിനെക്കാൾ സമ്പത്ത് കൊണ്ട് ചെയ്യുന്ന ജിഹാദിനെയാണ് ക്വുർആൻ മുന്തിപ്പിച്ച് പറഞ്ഞിട്ടുള്ളത്.**

“നിങ്ങൾ സൗകര്യമുള്ളവരാണെങ്കിലും ഞെരുക്കമുള്ളവരാണെങ്കിലും (ധർമസമരത്തിന്) ഇറങ്ങിപുറപ്പെട്ടുകൊള്ളുക. നിങ്ങളുടെ സ്വത്തുക്കൾകൊണ്ടും ശരീരങ്ങൾകൊണ്ടും അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ സമരം ചെയ്യുക. അതാണ് നിങ്ങൾക്ക് ഉത്തമം. നിങ്ങൾ മനസ്സിലാക്കുന്നുണ്ടെങ്കിൽ” (തൗബ: 41).

“അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും പിന്നീട് സംശയിക്കാതിരിക്കുകയും, തങ്ങളുടെ സ്വത്തുക്കളും ശരീരങ്ങളുംകൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ സമരം നടത്തുകയും ചെയ്തവരാരോ അവർ മാത്രമാകുന്നു സത്യവിശ്വാസികൾ. അവർ തന്നെയാകുന്നു സത്യവാൻമാർ” (ഹുജുറാത്ത്: 15).

“പക്ഷേ, റസൂലും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരും തങ്ങളുടെ സ്വത്തുക്കൾ കൊണ്ടും ശരീരങ്ങൾ കൊണ്ടും സമരം ചെയ്തു. അവർക്കാണ് നൻമകളുള്ളത്. അവർ തന്നെയാണ് വിജയം പ്രാപിച്ചവർ. അല്ലാഹു അവർക്ക് താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകൾ ഒരുക്കി വച്ചിരിക്കുന്നു. അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ വിജയം'' (തൗബ: 88,89).

### അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നില്ലേ?

അല്ലാഹു നമുക്ക് അനുഗ്രഹിച്ച് നൽകിയ സമ്പത്ത് എന്തുകൊണ്ടാണ് നിങ്ങൾ അവന്റെ മാർഗത്തിൽ ചെലവഴിക്കാത്തത് എന്ന് ക്വുർആൻ ചോദിക്കുന്നത് കാണാം:

“ആകാശങ്ങളുടെയും ഭൂമിയുടെയും അനന്തരാവകാശം അല്ലാഹുവിനുള്ളതായിരിക്കെ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാതിരിക്കാൻ നിങ്ങൾക്കെന്താണ് ന്യായം? നിങ്ങളുടെ കൂട്ടത്തിൽനിന്നു(മക്കാ) വിജയത്തിനു മുമ്പുള്ള കാലത്ത് ചെലവഴിക്കുകയും യുദ്ധത്തിൽ പങ്കെടുക്കുകയും ചെയ്തവരും (അല്ലാത്തവരും) സമമാകുകയില്ല. അക്കൂട്ടർ പിന്നീടു ചെലവഴിക്കുകയും യുദ്ധത്തിൽ പങ്കുവഹിക്കുകയും ചെയ്തവരെക്കാൾ മഹത്തായ പദവിയുള്ളവരാകുന്നു. എല്ലാവർക്കും ഏറ്റവും നല്ല പ്രതിഫലം അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മജ്ഞാനമുള്ളവനാണ് അല്ലാഹു. ആരുണ്ട് അല്ലാഹുവിന് ഒരു നല്ല കടം കൊടുക്കുവാൻ? എങ്കിൽ അവനത് അയാൾക്ക് വേണ്ടി ഇരട്ടിപ്പിക്കുന്നതാണ്. അയാൾക്കാണ് മാന്യമായ പ്രതിഫലമുള്ളത്” (ഹദീദ്: 10,11).

### ഇരട്ടിയായി പ്രതിഫലം ലഭിക്കും

അല്ലാഹുവിന്റെ മാർഗത്തിൽ സകാത്തിലൂടെ, ദാനധർമത്തിലൂടെ ചെലവഴിക്കുന്ന സമ്പത്തിന് ഇരട്ടിയിരട്ടിയായി പ്രതിഫലം ലഭിക്കും. അല്ലാഹുവിന്റെ വാക്കുകൾ ശ്രദ്ധിക്കൂ:

“അല്ലാഹുവിന്റെ മാർഗത്തിൽ

തങ്ങളുടെ ധനം ചെലവഴിക്കുന്ന വരെ ഉപമിക്കാവുന്നത് ഒരു ധാന്യ മണിയോടാകുന്നു. അത് ഏഴ് കതിരുകൾ ഉൽപാദിപ്പിച്ചു. ഓരോ കതിരിലും നൂറ് ധാന്യമണിയും. അല്ലാഹു താൻ ഉദ്ദേശിക്കുന്ന വർക്ക് ഇരട്ടിയായി നൽകുന്നു. അല്ലാഹു വിപുലമായ കഴിവുക ളുള്ളവനും (എല്ലാം) അറിയുന്ന വനുമാണ്" (ബക്വറ: 261).

"തീർച്ചയായും ധർമിഷ്ഠരായ പുരുഷൻമാരും സ്ത്രീകളും അല്ലാഹുവിന് നല്ല കടം കൊടുത്തവരും ആരോ അവർക്കത് ഇരട്ടിയായി നൽകപ്പെടുന്നതാണ്. അവർക്ക ത്രെ മാന്യമായ പ്രതിഫലമുള്ള ത്" (ഹദീദ്: 18).

"അല്ലാഹുവിന് ഉത്തമമായ കടം നൽകുവാനാരുണ്ട്? എങ്കിൽ അല്ലാഹു അതവന്ന് അനേകം ഇരട്ടികളായി വർധിപ്പിച്ച് കൊടു ക്കുന്നതാണ്. (ധനം) പിടിച്ചുവ യ്ക്കുന്നതും വിട്ടുകൊടുക്കുന്നതും അല്ലാഹുവാകുന്നു. അവങ്കലേക്ക് തന്നെയാകുന്നു നിങ്ങൾ മടക്കപ്പെ ടുന്നതും" (ബക്വറ: 245).

"അല്ലാഹുവിന്റെ പ്രീതി തേടി ക്കൊണ്ടും തങ്ങളുടെ മനസ്സു കളിൽ (സത്യവിശ്വാസം) ഉറ പ്പിച്ചുകൊണ്ടും ധനം ചെലവഴി ക്കുന്നവരെ ഉപമിക്കാവുന്നത് ഒരു ഉയർന്നസ്ഥലത്ത് സ്ഥിതി ചെയ്യുന്ന തോട്ടത്തോടാകുന്നു. അതിന്നൊരു കനത്ത മഴ ലഭിച്ച പ്പോൾ അത് രണ്ടിരട്ടി കായ്ക നികൾ നൽകി. ഇനി അതിന്ന് കനത്ത മഴയൊന്നും കിട്ടിയില്ല, ഒരു ചാറൽ മഴയേ ലഭിച്ചുള്ളൂ എങ്കിൽ അതും മതിയാകുന്നതാണ്. അല്ലാഹു നിങ്ങൾ പ്രവർത്തി ക്കുന്നതെല്ലാം കണ്ടറിയുന്നവനാകുന്നു" (ബക്വറ: 265).

**നൽകിയ സകാത്തും ദാനധർമങ്ങളും നാമൊരിക്കലും ലോകമാന്യത്തിലൂടെയോ, എടുത്ത് പറഞ്ഞുകൊണ്ടോ, വാങ്ങിയവരെ ഉപദ്രവിച്ചുകൊണ്ടോ പാഴാക്കിക്കളയരുത്. "സത്യവിശ്വാസികളേ, (കൊടുത്തത്) എടുത്തുപറഞ്ഞ് കൊണ്ടും, ശല്യമുണ്ടാക്കിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ ദാനധർമങ്ങളെ നിഷ്ഫലമാക്കിക്കളയരുത്. അല്ലാഹുവിലും പരലോകത്തിലും വിശ്വാസമില്ലാതെ, ജനങ്ങളെ കാണിക്കുവാൻ വേണ്ടി ധനം ചെലവ് ചെയ്യുന്നവനെപ്പോലെ നിങ്ങളാകരുത്.**



**ദാനധർമങ്ങൾ പാഴാക്കരുത്**

നൽകിയ സകാത്തും ദാനധർ മങ്ങളും നാമൊരിക്കലും ലോക മാന്യത്തിലൂടെയോ, എടുത്ത് പറഞ്ഞുകൊണ്ടോ, വാങ്ങിയവ രെ ഉപദ്രവിച്ചുകൊണ്ടോ പാഴാ ക്കിക്കളയരുത്. ക്വുർആൻ പറയു ന്നത് കാണുക:

"സത്യവിശ്വാസികളേ, (കൊ ടുത്തത്) എടുത്തുപറഞ്ഞ് കൊണ്ടും, ശല്യമുണ്ടാക്കിക്കൊ ണ്ടും നിങ്ങൾ നിങ്ങളുടെ ദാനധർമ ങ്ങളെ നിഷ്ഫലമാക്കിക്കളയരുത്. അല്ലാഹുവിലും പരലോകത്തി ലും വിശ്വാസമില്ലാതെ, ജനങ്ങ ളെ കാണിക്കുവാൻ വേണ്ടി ധനം ചെലവ് ചെയ്യുന്നവനെപ്പോലെ നിങ്ങളാകരുത്. അവനെ ഉപമി ക്കാവുന്നത് മുകളിൽ അൽപം മണ്ണ് മാത്രമുള്ള മിനുസമുള്ള ഒരു പാറയോടാകുന്നു. ആ പാറമേൽ ഒരു കനത്തമഴ പതിച്ചു. ആ മഴ അതിനെ ഒരു മൊട്ടപ്പാറയാക്കി മാറ്റിക്കളഞ്ഞു. അവർ അധ്വാ നിച്ചതിന്റെ യാതൊരു ഫലവും കരസ്ഥമാക്കാൻ അവർക്ക് കഴി യില്ല. അല്ലാഹു സത്യനിഷേധിക ളായ ജനതയെ നേർവഴിയിലാക്കു കയില്ല" (ബക്വറ: 264).

**ആരും അറിയാതെയും ചെലവഴിക്കുക**

വളരെ രഹസ്യമായി ചെലവ ഴിക്കുന്നവർക്ക് മരണാനന്തരം പരലോകത്ത് ലഭിക്കുന്ന വർധി ച്ച പ്രതിഫലം പ്രവാചകൻ (സ്വ) പഠിപ്പിക്കുന്നത് കാണുക:

**ഏഴ് വിഭാഗം ആളുകൾക്ക്, പരലോകത്ത് അല്ലാഹു അവന്റെ തണലല്ലാതെ മറ്റൊരു തണലും ലഭിക്കാത്ത സന്ദർഭത്തിൽ അവന്റെ തണൽ നൽകുന്നതാണ്; നീതിമാനായ ഭരണാധികാരി, അല്ലാഹുവിനെ ആരാധിച്ച് കൊണ്ട് വളർന്നുവന്ന ഒരു യുവാവ്, അല്ലാഹുവിന് വേണ്ടി പരസ്പരം ഇഷ്ടപ്പെടുകയും അതിൽ ഒരുമിക്കുകയും, അതിൽതന്നെ വേർപിരിയുകയും ചെയ്ത രണ്ടാളുകൾ, ഒറ്റക്കിരുന്ന് അല്ലാഹുവിനെ ഓർത്ത് കരഞ്ഞ ഒരാൾ, ഹൃദയം പള്ളിയുമായി ബന്ധിപ്പിച്ച വ്യക്തി, തന്റെ വലതുകൈ നൽകിയ ദാനം ഇടതുകൈ പോലും അറിയാതെ മറച്ചുവച്ച വ്യക്തി, കുലീനതയും സൗന്ദര്യവുമുള്ള ഒരു സ്ത്രീ മോശമായ പ്രവർത്തനത്തിന് ക്ഷണിച്ചപ്പോൾ ലോകരക്ഷിതാവായ അല്ലാഹുവിനെ ഞാൻ ഭയപ്പെടുന്നുവെന്ന് പറഞ്ഞ ഒരാൾ (എന്നിവരാണ് ആ വിഭാഗം ആളുകൾ)'' (ബുഖാരി, മുസ്‌ലിം).**

അബൂഹുറയ്റ(റ) നിവേദനം: “അല്ലാഹുവിന്റെ റസൂൽ(സ്വ) പറയുന്നതായി ഞാൻ കേട്ടു: ‘ഏഴ് വിഭാഗം ആളുകൾക്ക്, പരലോകത്ത് അല്ലാഹു അവന്റെ തണലല്ലാതെ മറ്റൊരു തണലും ലഭിക്കാത്ത സന്ദർഭത്തിൽ അവന്റെ തണൽ നൽകുന്നതാണ്; നീതിമാനായ ഭരണാധികാരി, അല്ലാഹുവിനെ ആരാധിച്ച് കൊണ്ട് വളർന്നുവന്ന ഒരു യുവാവ്, അല്ലാഹുവിന് വേണ്ടി പരസ്പരം ഇഷ്ടപ്പെടുകയും അതിൽ ഒരുമിക്കുകയും, അതിൽതന്നെ വേർപിരിയുകയും ചെയ്ത രണ്ടാളുകൾ, ഒറ്റക്കിരുന്ന് അല്ലാഹുവിനെ ഓർത്ത് കരഞ്ഞ ഒരാൾ, ഹൃദയം പള്ളിയുമായി ബന്ധിപ്പിച്ച വ്യക്തി, തന്റെ വലതുകൈ നൽകിയ ദാനം ഇടതുകൈ പോലും അറിയാതെ മറച്ചുവച്ച വ്യക്തി, കുലീനതയും സൗന്ദര്യവുമുള്ള ഒരു സ്ത്രീ മോശമായ പ്രവർത്തനത്തിന് ക്ഷണിച്ചപ്പോൾ ലോകരക്ഷിതാവായ അല്ലാഹുവിനെ ഞാൻ ഭയപ്പെടുന്നുവെന്ന് പറഞ്ഞ ഒരാൾ (എന്നിവരാണ് ആ വിഭാഗം ആളുകൾ)” (ബുഖാരി, മുസ്‌ലിം).

**ദാനധർമങ്ങളുടെ ശ്രേഷ്ഠത**

അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവും ആഗ്രഹിച്ച് നൽകുന്ന സകാത്തിനും ദാനധർമങ്ങൾക്കും ഒരുപാട് മഹത്ത്വവും ശ്രേഷ്ഠതയും ഗുണങ്ങളും പ്രതിഫലവുമുണ്ട്:

1. *റബ്ബിന്റെ കോപം ശമിപ്പിക്കും.*
2. *പാപം മായ്ച്ച് കളയും.* അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: “ദാനധർമം പാപങ്ങളെ മായ്ച്ച് കളയും, വെള്ളം തീ അണക്കുന്നതുപോലെ” (സ്വഹീഹുത്തർഗീബ്).
3. *നരകത്തിൽനിന്നുള്ള സുരക്ഷയാണ്: റസൂൽ(സ്വ) പറഞ്ഞു: ‘ഒരു കാരക്കച്ചീള് കൊണ്ടെങ്കിലും നരകത്തെ സൂക്ഷിക്കുക.’*
4. *പരലോകത്ത് സ്വദക്വയുടെ തണൽ ലഭിക്കും:*

ഉഖ്ബതുബ്നു ആമിർ(റ) പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ(സ്വ) പറയുന്നതായി ഞാൻ കേട്ടു: “എല്ലാ മനുഷ്യരും അവരുടെ സ്വദക്വയുടെ തണലിലായിരിക്കും, ജനങ്ങൾക്കിടയിൽ വിധി നടപ്പിലാക്കപ്പെടുന്നത് വരെ” (സ്വഹീഹുൽ ജാമിഅ്).

5. *ശാരീരിക രോഗത്തിനുള്ള മരുന്നാണ് സ്വദക്വ:*

റസൂൽ(സ്വ) പറഞ്ഞു: “നിങ്ങൾ നിങ്ങളുടെ രോഗികളെ സ്വദക്വ കൊണ്ട് ചികിൽസിക്കുക” (സ്വഹീഹുൽ ജാമിഅ്).



6. *ഹൃദയരോഗ ശമനമാണ്:*

‘ഹൃദയം കടുത്തുപോയി, എന്താണ് പരിഹാരം’ എന്ന് ചോദിച്ചയാളോട് നബി(സ്വ) പറഞ്ഞു: ‘നീ നിന്റെ ഹൃദയം ലോലമാകണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ സാധുക്കളെ ഭക്ഷിപ്പിക്കുകയും അനാഥകളുടെ ശിരസ്സ് തടവുകയും ചെയ്യുക’ (അഹ്മദ്).

7. *പരീക്ഷണങ്ങളെ തടയും.*
8. *അൽബിർറ് (പുണ്യം) എന്ന പദവി കരസ്ഥമാക്കാം*

“നിങ്ങൾ ഇഷ്ടപ്പെടുന്നതിൽ നിന്ന് നിങ്ങൾ ചെലവഴിക്കുന്നത് വരെ നിങ്ങൾക്ക് പുണ്യം നേടാനാവില്ല” (ആലു ഇംറാൻ: 92).

9. *മലക്കുകൾ പ്രാർഥിക്കും:*

നബി(സ്വ) പറയുന്നു: “ഒരു അടിമയും അവന്റെ കൂടെ രണ്ടു മലക്കുകൾ ഇറങ്ങാതെ പ്രഭാതമാക്കുന്നില്ല. ആ രണ്ട് മലക്കുകളിൽ ഒരാൾ പറയും: ‘അല്ലാഹുവേ, ചെലവഴിക്കുന്നവന് പകരം നൽകേണമേ.’ രണ്ടാമത്തെ മലക്ക് പറയും: ‘അല്ലാഹുവേ, പിടിച്ചുവയ്ക്കുന്നവന് നാശം നൽകേണമേ”

(ബുഖാരി).

*10. സമ്പത്തിൽ ബറകത്തുണ്ടാകും:*

നബി(സ്വ) പറഞ്ഞു: "ഒരു ദാനധർമവും സമ്പത്തിനെ കുറച്ചിട്ടില്ല" (മുസ്‌ലിം).

*11. സ്വദക്വ മാത്രമാണ് സ്വന്തത്തിന് ലഭിക്കുക:*

"നല്ലതായ എന്തെങ്കിലും നിങ്ങൾ ചെലവഴിക്കുകയാണെങ്കിൽ അത് നിങ്ങളുടെ നൻമയ്ക്ക് വേണ്ടി തന്നെയാണ്'' (ബഖറ: 272).

നബി(സ്വ) ആഇശ(റ)യോട്, വീട്ടിൽ അറുത്ത ആടിന്റെ മാംസത്തിൽനിന്ന് എന്താണ് അവശേഷിച്ചത് എന്ന് ചോദിച്ചപ്പോൾ അവർ പറഞ്ഞു: 'ഒരു കൈക്കുറക് മാത്രമെ അവശേഷിക്കുന്നുള്ളൂ.' അവിടുന്ന് പറഞ്ഞു: 'ആ കൈക്കുറക് അല്ലാത്തത് മുഴുവനും അവശേഷിച്ചിരിക്കുന്നു' (മുസ്‌ലിം).

*12. ബാബുസ്സ്വദക്വയിലൂടെ സ്വർഗത്തിലേക്ക്:*

അബൂഹുറയ്‌റ(റ) നിവേദനം: '...ആരാണോ നമസ്‌കാരത്തിന്റെ ആൾ അവനെ ബാബുസ്സ്വലാത് വിളിക്കും, ആരാണോ ജിഹാദിന്റെ ആൾ അവനെ ബാബുൽ ജിഹാദ് വിളിക്കും, ആരാണോ സ്വദക്വയുടെ ആൾ അവനെ ബാബുസ്സ്വദക്വ വിളിക്കും, ആരാണോ നോമ്പിന്റെ ആൾ അവനെ ബാബുർറയ്യാൻ വിളിക്കും.' അപ്പോൾ അബൂബക്കർ(റ) ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, ആ വാതിലുകളിൽനിന്നെല്ലാം വിളിക്കപ്പെടുന്ന ആരെങ്കിലും ഉണ്ടാകുമോ?' അവിടുന്ന് പറഞ്ഞു: 'അതെ, നിങ്ങൾ അവരിൽ പെട്ടവരാവാൻ ഞാനാഗ്രഹിക്കുന്നു' (ബുഖാരി, മുസ്‌ലിം).

*13. അടിമയുടെ വിശ്വാസത്തിനും സത്യസന്ധതക്കും തെളിവാണ് സ്വദക്വ:*

അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: 'സ്വദക്വ തെളിവാണ്' (മുസ്‌ലിം).

*14. സമ്പത്തിനെ മാലിന്യങ്ങളിൽ നിന്ന് ശുദ്ധീകരിക്കലാണ്:*

നബി(സ്വ) കച്ചവടക്കാരോട് ഇങ്ങനെ വസ്വിയ്യത്ത് ചെയ്യാറുണ്ടായിരുന്നു: 'അല്ലയോ വ്യാപാരി സമൂഹമേ, നിശ്ചയം ഈ കച്ചവടം എന്നത് അനാവശ്യ വർത്തമാനവും സത്യംചെയ്യലും കടന്നു വരുന്നതാണ്. ദാനധർമങ്ങൾകൊണ്ട് നിങ്ങളതിനെ ശുദ്ധീകരിക്കുവിൻ' (അഹ്മദ്, ഇബ്‌നുമാജ, നസാഇ. സ്വഹീഹുൽ ജാമിഅ്).

**നബി(സ്വ) കച്ചവടക്കാരോട് ഇങ്ങനെ വസ്വിയ്യത്ത് ചെയ്യാറുണ്ടായിരുന്നു: 'അല്ലയോ വ്യാപാരി സമൂഹമേ, നിശ്ചയം ഈ കച്ചവടം എന്നത് അനാവശ്യ വർത്തമാനവും സത്യംചെയ്യലും കടന്നു വരുന്നതാണ്. ദാനധർമങ്ങൾകൊണ്ട് നിങ്ങളതിനെ ശുദ്ധീകരിക്കുവിൻ' വാങ്ങുന്ന കൈകളെക്കാൾ അല്ലാഹുവിങ്കൽ ഉത്തമമായിട്ടുള്ളത് കൊടുക്കുന്ന കൈകളാണ്. പ്രവാചകൻ(സ്വ) വിശദമാക്കുന്നത് കാണുക: അബ്ദുല്ലാഹിബ്നു ഉമർ(റ) നിവേദനം: "അവിടുന്ന് ദാനധർമത്തെയും മറ്റുള്ളവരോട് ചോദിക്കുന്നതിനെ കുറിച്ചും പറഞ്ഞു. മുകളിലുള്ള കൈയാണ് താഴെയുള്ള കൈയിനെക്കാൾ ഉത്തമമായിട്ടുള്ളത്. മുകളിലെ കൈ ചെലവഴിക്കുന്നവന്റെതും താഴെയുള്ള കൈ ചോദിക്കുന്നവന്റെതുമാണ്''**

*15. ദുർമരണത്തിൽനിന്ന് രക്ഷ ലഭിക്കും:*

അനസ്(റ) നിവേദനം; നബി(സ്വ) പറഞ്ഞു: "ദാനധർമങ്ങൾ റബ്ബിന്റെ കോപത്തെ ശമിപ്പിക്കും, ദുർമരണത്തെ തടയുകയും ചെയ്യും'' (ബുഖാരി, മുസ്‌ലിം).

16. മുകളിലെ കൈയാണ് ഉത്തമം:

വാങ്ങുന്ന കൈകളെക്കാൾ അല്ലാഹുവിങ്കൽ ഉത്തമമായിട്ടുള്ളത് കൊടുക്കുന്ന കൈകളാണ്. പ്രവാചകൻ(സ്വ) വിശദമാക്കുന്നത് കാണുക:

അബ്ദുല്ലാഹിബ്നു ഉമർ(റ) നിവേദനം: "അവിടുന്ന് ദാനധർമത്തെയും മറ്റുള്ളവരോട് ചോദിക്കുന്നതിനെ കുറിച്ചും പറഞ്ഞു. മുകളിലുള്ള കൈയാണ് താഴെയുള്ള കൈയിനെക്കാൾ ഉത്തമമായിട്ടുള്ളത്. മുകളിലെ കൈ ചെലവഴിക്കുന്നവന്റെതും താഴെയുള്ള കൈ ചോദിക്കുന്നവന്റെതുമാണ്'' (നസാഇ. അൽബാനി സ്വഹീഹാണെന്ന് വിശേഷിപ്പിച്ചു).

കുറഞ്ഞ സമ്പത്തിലെ ചെറിയ ദാനമാണ് ഒരുപാട് സമ്പത്തിൽനിന്നുള്ള ധാരാളക്കണക്കായ ദാനധർമത്തെക്കാൾ ശ്രേഷ്ഠതയുള്ളത്. ഒരു ഹദീസ് കാണുക:

അബൂഹുറയ്‌റ(റ) നിവേദനം; നബി(സ്വ) പറഞ്ഞു: 'ഒരു ദിർഹം നൂറായിരം ദിർഹമുകളെ മുൻകടന്നു.' അവർ ചോദിച്ചു: 'അതെങ്ങനെയാണ്?' നബി(സ്വ) പറഞ്ഞു: 'ഒരു വ്യക്തിക്ക് രണ്ട് ദിർഹമുണ്ടായിരുന്നു, അയാൾ അതിൽനിന്ന് ഒരു ദിർഹം ദാനം നൽകി. മറ്റൊരാൾ തന്റെ വിശാലമായ സമ്പത്തിലെ കൂമ്പാരത്തിലേക്ക് ചെന്ന് അതിൽനിന്ന് നൂറായിരം എടുത്ത് ദാനം നൽകുകയും ചെയ്തു' (നസാഇ. സ്വഹീഹുൽ ജാമിഅ്).

**(അവസാനിച്ചില്ല)**

ലേഖനം



# ലൈലതുൽ ക്വദ്ർ എന്ന പുണ്യരാവ്

**അബൂമിസ്ഫർ**
: 81296 17676

മാനവരാശിയുടെ മോചനത്തിനായി അവതരിപ്പിക്കപ്പെട്ട വിശുദ്ധ ക്വുർആൻ റമദാൻ മാസത്തിലാണല്ലോ അവതരിപ്പിക്കപ്പെട്ടത്. സത്യത്തെയും അസത്യത്തെയും വിവേചിക്കുന്ന, മനുഷ്യകുലത്തെ ഇരുട്ടിൽനിന്നും വെളിച്ചത്തിലേക്ക് നയിക്കുന്ന, ലോകത്തിനു മുന്നിൽ അത്ഭുതങ്ങളുടെ കലവറയായി ഇന്നും അവശേഷിക്കുന്ന ക്വുർആൻ, റമദാൻ മാസത്തിലാണ് മുഹമ്മദ് നബി(സ്വ)ക്ക് ജിബ്‌രീൽ എന്ന മലക്ക് മുഖേന അല്ലാഹു നൽകിയത്.അത് ക്വുർആൻ വ്യക്തമാക്കുന്നത് ഇപ്രകാരമാണ്:

"ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധ ക്വുർആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് റമദാൻ"(2:185).

മുഹമ്മദ് നബി(സ്വ)ക്ക് വ്യത്യസ്ത സന്ദർഭങ്ങളിലായി 23 വർഷം കൊണ്ടാണ് ക്വുർആനിന്റെ അവതരണം പൂർത്തിയായത്. എന്നാൽ ക്വുർആൻ നേരത്തെ തന്നെ അല്ലാഹുവിന്റെ പക്കൽ ലൗഹുൽ മഹ്ഫൂദിൽ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു. പിന്നീട് ഒരു പ്രത്യേക രാവിൽ

**മുഹമ്മദ് നബി(സ്വ)ക്ക് വ്യത്യസ്ത സന്ദർഭങ്ങളിലായി 23 വർഷം കൊണ്ടാണ് ക്വുർആനിന്റെ അവതരണം പൂർത്തിയായത്. എന്നാൽ ക്വുർആൻ നേരത്തെ തന്നെ അല്ലാഹുവിന്റെ പക്കൽ ലൗഹുൽ മഹ്ഫൂദിൽ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു. പിന്നീട് ഒരു പ്രത്യേക രാവിൽ ഒന്നാം ആകാശത്തേക്ക് അല്ലാഹു അതിനെ അവതരിപ്പിക്കുകയാണുണ്ടായത്. ആ രാവാണ് ലൈലതുൽ ക്വദ്ർ.**

ഒന്നാം ആകാശത്തേക്ക് അല്ലാഹു അതിനെ അവതരിപ്പിക്കുകയാണുണ്ടായത്. ആ രാവാണ് ലൈലതുൽ ക്വദ്ർ.

സൂറതുൽ ക്വദ്റിൽ നമുക്കിങ്ങനെ കാണാം: "തീർച്ചയായും നാം ഇതിനെ (ക്വുർആനിനെ) ലൈലതുൽ ക്വദ്റിൽ അഥവാ നിർണയത്തിന്റെ രാവിൽ അവതരിപ്പിച്ചിരിക്കുന്നു. ലൈലതുൽ ക്വദ്ർ എന്നാൽ എന്താണെന്ന് നിനക്കറിയാമോ?ലൈലത്തുൽ ക്വദ്ർ ആയിരം മാസത്തെക്കാൾ ഉത്തമമാണ്. മലക്കുകളും ജിബ്രീലും അവരുടെ രക്ഷിതാവിന്റെ എല്ലാ കാര്യത്തെ സംബന്ധിച്ചുമുള്ള ഉത്തരവുമായി ആ രാത്രിയിൽ ഇറങ്ങിവരും.പ്രഭാതോദയം വരെ അത് സമാധാനമത്രെ" (97:1-5).

ക്വുർആനിലെ മറ്റൊരു അധ്യായമായ ദുഖാനിൽ ഇപ്രകാരം കാണാം:

"ഹാമീം. സ്പഷ്ടമായ വേദഗ്രന്ഥം തന്നെയാണ് സത്യം.തീർച്ചയായും നാം അതിനെ ഒരു അനുഗൃഹീത രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു. തീർച്ചയായും നാം മുന്നറിയിപ്പ് നൽകുന്നവനാകുന്നു.ആ രാത്രിയിൽ യുക്തിപൂർണമായ ഓരോ കാര്യവും വേർത്തിരിച്ചു വിവരിക്കപ്പെടുന്നു" (44:1-4).

മേൽസൂക്തങ്ങളിൽ പറയപ്പെട്ട രാവുകളെക്കുറിച്ച് പ്രാമാണിക ക്വുർആൻ വ്യാഖ്യാനങ്ങളിൽ വിശദീകരിക്കുന്നത് എപ്രകാരമാണെന്ന് നോക്കാം:


ഇബ്നുഅബ്ബാസ്(റ)വും മറ്റും പറയുന്നു: "അല്ലാഹു ക്വുർആനിനെ മുഴുവനായും ലൗഹുൽ മഹ്ഫൂദിൽ നിന്നും ഒന്നാം ആകാശത്തെ ബൈതുൽ ഇസ്സത്തിലേക്ക് അവതരിപ്പിച്ചു. പിന്നീട് ഓരോ സംഭവങ്ങളുടെ അടിസ്ഥാനത്തിൽ 23 വർഷങ്ങളിലായി റസൂൽ(സ്വ)ക്ക് അതിനെ അവതരിപ്പിക്കുകയാണുണ്ടായത്. (തഫ്സീർ ഇബ്നുക്ഥീർ 97:1-5 ന്റെ വ്യാഖ്യാനത്തിൽ നിന്ന്).

**എന്താണ് ലൈലത്തുൽ ക്വദ്ർ?**

ലൈലതുൽ ക്വദ്റിന് എന്ത് അർഥമാണ് നൽകേണ്ടത് എന്ന കാര്യത്തിൽ വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ടായിട്ടുണ്ട്. 'ക്വദ്ർ' എന്ന പദത്തിന് അറബി ഭാഷയിൽ ഇടുക്കം, ബഹുമാനം, മതിപ്പ്, വിധി തുടങ്ങിയ അർഥങ്ങളുണ്ട്. ഇവയിൽ ഏത് അർഥവും യോജിച്ചുവരാവുന്നതുമാണ്. ഹാഫിദ് ഇബ്നുഹജറുൽ അസ്ക്വലാനി ബുഖാരിയുടെ വ്യാഖ്യാന ഗ്രന്ഥമായ ഫത്ഹുൽബാരിയിൽ 'കിതാബു ഫദ്‌ലു ലൈലതിൽ ക്വദ്റി'ന്റെ പ്രാരംഭത്തിൽ ഇതു സംബന്ധമായി വിശദീകരിക്കുന്നത് ശ്രദ്ധിക്കുക:

"ഈ രാവിലേക്ക് ചേർത്തു പറയുന്ന ക്വദ്ർ എന്ന പദത്തിന്റെ ഉദ്ദേശം എന്താണ് എന്ന കാര്യത്തിൽ ഭിന്നാഭിപ്രായങ്ങളുണ്ട്. അവർ അല്ലാഹുവിനെ ബഹുമാനിക്കേണ്ടതു പ്രകാരം ബഹുമാനിച്ചില്ല (ക്വുർആൻ 6:91) എന്ന ആയത്തിൽ സൂചിപ്പിച്ച പോലെ തഅ്ദീം അഥവാ ബഹുമാനം എന്നാണ് ഒരു അർഥമെന്ന്പറയപ്പെട്ടിട്ടുണ്ട്. അതു പ്രകാരം ആ രാവ് ക്വുർആൻ അവതരിപ്പിക്കപ്പെടുക വഴി ആദരിക്കപ്പെട്ടുവെന്നോ അല്ലെങ്കിൽ മലക്കുകളുടെ സാന്നിധ്യംകൊണ്ടോ അനുഗ്രഹം, കാരുണ്യം, പാപമോചനം എന്നിവകൊണ്ടോ ബഹുമാനിക്കപ്പെട്ടു എന്നോ അർഥം കൽപിക്കാം.

സൂറതുത്ത്വലാക്വിലെ ഏഴാം വചനത്തിലെ 'വമൻ ക്വദറ



**‘ആ രാത്രിയിൽ യുക്തിപൂർണമായ ഓരോ കാര്യവും വേർതിരിച്ചു വിവരിക്കപ്പെടുന്നു’ എന്നും ’മലക്കുകളും ജിബ്‌രീലും അവരുടെ രക്ഷിതാവിന്റെ എല്ലാ കാര്യത്തെ സംബന്ധിച്ചുമുള്ള ഉത്തരവുമായി ആ രാത്രിയിൽ ഇറങ്ങിവരും’ എന്നും ക്വുർആൻ പറഞ്ഞു. അതിനർഥം ആ വർഷത്തിലെ കാര്യങ്ങൾ മലക്കുകൾക്ക് കാണിക്കപ്പെടുമെന്നും അവരുടെ ചുമതലകൾ ഇന്നവയാണെന്ന് നിർണയിക്കപ്പെടുമെന്നും ആയിത്തീരുന്നു. ഇതെല്ലാം അല്ലാഹുവിന്റെ മുൻ നിശ്ചയവും അറിവും വെച്ചുകൊണ്ടുതന്നെയാണ് സംഭവിക്കപ്പെടുന്നത്. ആ രാവ് ലോകാവസാനം വരെ നിലനിൽക്കുമെന്നും സ്വഹീഹായ ഹദീസുകൾ കൊണ്ട് സ്ഥിരപ്പെട്ടിരിക്കുന്നു’**

അലയ്ഹി രിസ്ക്വുഹു’ (ആരുടെയെങ്കിലും ഉപജീവനം ഇടുങ്ങിയ നിലയിലായെങ്കിൽ) എന്നതിലെ ‘ക്വദറ’യുടെ അർഥപ്രകാരം ‘ഇടുങ്ങിയത്’ എന്നാണ് ഇതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് എന്നും പറയപ്പെട്ടിട്ടുണ്ട്.ഈ രാവ് ഏതാണെന്ന് ഗോപ്യമാക്കപ്പെട്ടതുകൊണ്ടോ അല്ലെങ്കിൽ മലക്കുകളുടെ ആധിക്യം കൊണ്ട് ഭൂമി ഇടുങ്ങിയതായിത്തീരുന്നതുകൊണ്ടോ ആവാം ഈ അർഥം ഉദ്ദേശിക്കപ്പെടുന്നത്.

മറ്റൊരു അഭിപ്രായം ‘ക്വദ്ർ’ എന്ന പദത്തിലെ ദാലിന് സുകൂനിനു പകരം ഫത്ഹ് ആണ് എന്നുള്ളതാണ്. ഇതു പ്രകാരം ‘ക്വദാഅ്’ അഥവാ വിധി എന്ന അർഥമായിരിക്കും ലഭിക്കുക.നേരത്തെ ഉദ്ധരിച്ച സൂറതു ദുഃഖാനിലെ നാലാം വചനത്തിൽ പറയപ്പെട്ട പോലെ ‘ആ രാത്രിയിൽ യുക്തിപൂർണമായ ഓരോ കാര്യവും വേർത്തിരിച്ചു വിവരിക്കപ്പെടുന്നു’ എന്നതിൽനിന്നും ഇതേ ആശയമാണല്ലോ ലഭിക്കുന്നത്. ഇമാം നവവി ഈ അഭിപ്രായം കൊണ്ടാണ് അദ്ദേഹത്തിന്റെ സംസാരം തുടങ്ങുന്നതു തന്നെ. അദ്ദേഹം പറയുന്നത് മേൽ വിവരിച്ച ആയത്തിന്റെ അടിസ്ഥാനത്തിൽ പണ്ഡിതന്മാർ പറയുന്നത് മലക്കുകൾ തീരുമാനങ്ങൾ എഴുതി വെക്കുന്നതിനാലാണ് ആ രാവിന് ലൈലതുൽ ക്വദ്ർ എന്ന് നാമകരണം ചെയ്തിരിക്കുന്നത് എന്നാണ്.അബ്ദുറസാഖ് മുതലായ ക്വുർആൻ വ്യാഖ്യതാക്കൾ മുജാഹിദ്, ഇക്‌രിമ, ഖത്താദ തുടങ്ങിയവരിൽനിന്ന് സ്വീകാര്യമായ നിലക്ക് ഇക്കാര്യം ഉദ്ധരിച്ചിട്ടുണ്ട്’’ (ഫത്ഹുൽ ബാരി).

സ്വഹീഹ് മുസ്‌ലിമിന്റെ വ്യാഖ്യാന ഗ്രന്ഥമായ അൽമിൻഹാജ് ഫീ ശറഹി സ്വഹീഹി മുസ്‌ലിമിൽ ഇമാം നവവി ഇപ്രകാരമാണ് വിശദീകരിച്ചു തുടങ്ങുന്നത്:

“ആ വർഷത്തിലെ ഭക്ഷണം, ആയുസ്സ്, തീരുമാനങ്ങൾ മുതലായവ മലക്കുകൾക്ക് കാണിക്കപ്പെടുന്ന ദിനമായതുകൊണ്ടാണ് ലൈലതുൽ ക്വദ്ർ എന്ന് നാമകരണം ചെയ്യപ്പെട്ടതെന്ന് പണ്ഡിതർ പറയുന്നു. ‘ആ രാത്രിയിൽ യുക്തിപൂർണമായ ഓരോ കാര്യവും വേർതിരിച്ചു വിവരിക്കപ്പെടുന്നു’ എന്നും’മലക്കുകളും ജിബ്‌രീലും അവരുടെ രക്ഷിതാവിന്റെ എല്ലാ കാര്യത്തെ സംബന്ധിച്ചുമുള്ള ഉത്തരവുമായി ആ രാത്രിയിൽ ഇറങ്ങിവരും’ എന്നും ക്വുർആൻ പറഞ്ഞു. അതിനർഥം ആ വർഷത്തിലെ കാര്യങ്ങൾ മലക്കുകൾക്ക് കാണിക്കപ്പെടുമെന്നും അവരുടെ ചുമതലകൾ ഇന്നവയാണെന്ന് നിർണയിക്കപ്പെടുമെന്നും ആയിത്തീരുന്നു. ഇതെല്ലാം അല്ലാഹുവിന്റെ മുൻ നിശ്ചയവും അറിവും വെച്ചുകൊണ്ടുതന്നെയാണ് സംഭവിക്കപ്പെടുന്നത്.ആ രാവ് ലോകാവസാനം വരെ നിലനിൽക്കുമെന്നും സ്വഹീഹായ ഹദീസുകൾ കൊണ്ട് സ്ഥിരപ്പെട്ടിരിക്കുന്നു”(ശറഹു മുസ്‌ലിം).

ചുരുക്കത്തിൽ കാര്യങ്ങൾ നിർണയിക്കപ്പെടുന്ന രാവ്, അല്ലാഹുവിന്റെ മഹത്തായ കാരുണ്യവും പാപമോചനവും അനുഗ്രഹങ്ങളും കൊണ്ടും വിശുദ്ധ ക്വുർആനിന്റെ അവതരണംകൊണ്ടും ആദരിക്കപ്പെട്ട രാവ്, മലക്കുകളുടെ ആധിക്യംകൊണ്ട് ഭൂതലം ഇടുങ്ങുന്ന രാവ് തുടങ്ങിയ വിശേഷണങ്ങളെല്ലാം ലൈലതുൽ ക്വദ്റിന് അനു



യോജ്യമായി വരുന്നു.

**എന്നാണ് ലൈലതുൽ ക്വദ്ർ?**

കൃത്യമായി ഇന്ന ദിവസമായിരിക്കും ഓരോ വർഷവും ലൈലതുൽ ക്വദ്ർ എന്ന് നിശ്ചയിക്കാൻ ഒരു മാർഗവുമില്ല. അക്കാര്യം വിശദമാക്കുന്ന ക്വുർആൻ വചനമോ സ്വീകാര്യമായ പ്രവാചക വചനമോ ഇല്ല എന്നതാണ് അതിനുകാരണം. എന്നാൽ അതേസമയം അതിനെ പ്രതീക്ഷിക്കാവുന്ന ദിവസങ്ങളുടെ സൂചനകൾ പ്രവാചകക് (സ്വ) നൽകിയിട്ടുണ്ട്. റമദാനിലെ അവസാനത്തെ പത്തിൽ ഒറ്റയായി വരുന്ന രാവുകളിൽ അതിനെ അന്വേഷിക്കുവാനാണ് പ്രവാചകൻ(സ്വ) നമ്മോട് നിർദേശിച്ചിട്ടുള്ളത്.

ആഇശ(റ)യിൽ നിന്നും ഉദ്ധരിക്കുന്നു. റസൂൽ(സ്വ) പറഞ്ഞു: “നിങ്ങൾ റമദാൻ അവസാനത്തെ പത്തിൽ ഒറ്റയായ രാവുകളിൽ ലൈലതുൽ ക്വദ്റിനെ അന്വേഷിക്കുക” (ബുഖാരി).

ഇബ്നു അബ്ബാസി(റ)ൽനിന്നും ഉദ്ധരിക്കുന്നു: “തീർച്ചയായും നബി(സ്വ) ഇപ്രകാരം പറഞ്ഞു: ‘നിങ്ങളതിനെ (ലൈലതുൽ ക്വദ്റിനെ) റമദാൻ അവസാനത്തെ പത്തിൽ തിരയുക.അതായത് ഒമ്പത് ബാക്കിയുള്ളപ്പോൾ, ഏഴു ബാക്കിയുള്ളപ്പോൾ, അഞ്ചു ബാക്കിയുള്ളപ്പോൾ” (ബുഖാരി).

ഒരിക്കൽ നബി(സ്വ) എന്നാണ് ലൈലതുൽ ക്വദ്റെന്ന് സ്വഹാബത്തിനെ പഠിപ്പിക്കാൻ തുനിഞ്ഞതായിരുന്നു.പക്ഷേ, പിന്നീട് അറിവ് മറക്കപ്പെടുകയും ഉയർത്തപ്പെടുകയു മാണുണ്ടായത്. ഇമാം ബുഖാരി ആ സംഭവം ഉദ്ധരിക്കുന്നത് ഇപ്രകാരമാണ്:

ഉബാദതുബ്നു സ്വാമിത(റ)വിൽനിന്ന് ഉദ്ധരിക്കുന്നു: “ലൈലതുൽ ക്വദ്റിനെക്കുറിച്ച് ഞങ്ങളെ അറിയിക്കുവാൻ നബി (സ്വ) ഒരിക്കൽ പുറപ്പെട്ടു.അപ്പോൾ മുസ്ലിംകളിൽപെട്ട രണ്ടുപേർ തമ്മിൽ ശണ്ഠ കൂടുകയുണ്ടായി. നബി(സ്വ) പറഞ്ഞു: ‘ലൈലതുൽ ക്വദ്റിനെക്കുറിച്ച് നിങ്ങളെ അറിയിക്കുവാൻ വേണ്ടി ഞാൻ പുറപ്പെട്ടു. അപ്പോൾ ഇന്നവനും ഇന്നവനും തമ്മിൽ ശണ്ഠ കൂടുകയുണ്ടായി. അങ്ങനെ ആ വിജ്ഞാനം ഉയർത്തപ്പെട്ടു. ഒരുപക്ഷേ, അതു നിങ്ങൾക്ക് ഗുണകരമായിരിക്കാം. അതുകൊണ്ട് നിങ്ങൾ അതിനെ ഒമ്പതിലും ഏഴിലും അഞ്ചിലും അന്വേഷിക്കുക” (ബുഖാരി).

മേൽ ഉദ്ധരിച്ച ഹദീസുകളിൽനിന്നും റമദാനിന്റെ അവസാനത്തെ പത്തിലെ 25, 27, 29 രാവുകളിലാണ് അതുണ്ടാവുക എന്നാണ് വ്യക്തമാകുന്നത്. എന്നാൽ 21, 23 രാവുകളെ സൂചിപ്പിച്ചുകൊണ്ടുള്ള ഹദീസുകളും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഇമാം മുസ്ലിം അദ്ദേഹത്തിന്റെ സ്വഹീഹിൽ ഇപ്രകാരം ഉദ്ധരിക്കുന്നു: അബൂസഈദിൽ ഖുദ്രി(റ)ൽനിന്ന് നിവേദനം: ‘അദ്ദേഹം പറഞ്ഞു: റമദാനിലെ ആദ്യത്തെ പത്തിൽ നബി(സ്വ) ഇഅ്തികാഫ് ഇരിക്കുകയുണ്ടായി. തുടർന്ന് നടുവിലെ പത്തിലും ഇഅ്തികാഫിരുന്നു. ഒരു(ചെറിയ) തുർക്കി ഖുബ്ബയിലായിരുന്നു അദ്ദേഹം.അതിന്റെ കവാടത്തിൽ ഒരു പായ ഉണ്ടായിരുന്നു.’ അദ്ദേഹം (അബൂസഈദ്) പറഞ്ഞു: ‘അദ്ദേഹം (നബി) പായ കൈയിലെടുത്ത് ഖുബ്ബയുടെ ഒരു ഭാഗത്ത് കൊണ്ടുപോയി വെച്ചു.എന്നിട്ട് തല പുറത്തിട്ടുകൊണ്ട് ജനങ്ങളോട് സംസാരിച്ചു.ആളുകൾ അദ്ദേഹത്തിന്റെ അടുത്തേക്ക് വന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു: ‘ഈ രാവിനെ (ലൈലതുൽ ക്വദ്റിനെ) തേടിക്കൊണ്ടാണ് ഞാൻ ആദ്യത്തെ പത്തിൽ ഇഅ്തികാഫ് ഇരുന്നത്. പിന്നീട് നടുവിലെ പത്തിലും ഇരുന്നു. പിന്നീട് അത് അവസാനത്തെ പത്തിലാണെന്ന് ഞാൻ അറിയിക്കപ്പെട്ടു. അതുകൊണ്ട് ആരെങ്കിലും എന്റെ കൂടെ ഇഅ്തികാഫ് ഇഷ്ടപ്പെടുന്നുവെങ്കിൽ അവർ ഇഅ്തികാഫ് ഇരുന്നുകൊള്ളട്ടെ.’ അങ്ങനെ ജനങ്ങൾ അദ്ദേഹത്തിന്റെ കൂടെ ഇഅ്തികാഫ് ഇരുന്നു. അദ്ദേഹം (നബി) പറഞ്ഞു: ‘എനിക്കത് ഒറ്റയായി വരുന്ന രാവായും അതിന്റെ പ്രഭാതത്തിൽ മഴ പെയ്തു വെള്ളത്തിലും ചെളിയിലും സുജൂദ് ചെയ്യുന്നതുമായിട്ടാണ് കാണിക്കപ്പെട്ടത്.’ അങ്ങനെ ഇരുപത്തിയൊന്നാം രാവായി.

നബി(സ്വ) സ്വുബ്ഹി നമസ്കാരം നിർവഹിക്കാൻ ആരംഭിച്ചു. അപ്പോൾ മഴ പെയ്യുകയും പള്ളി ചോർന്നൊലിക്കുകയും ചെയ്തു. വെള്ളവും കളിമണ്ണും ഞാൻ കണ്ടു. സ്വുബ്ഹി നമസ്കാരത്തിൽനിന്നും അദ്ദേഹം വിരമിച്ചതിനു ശേഷം അദ്ദേഹം പുറത്തു വന്നു. അദ്ദേഹത്തിന്റെ നെറ്റിത്തടത്തിലും മൂക്കിന്മേലും മണ്ണും വെള്ളവും പറ്റിയിരുന്നു. ആ സംഭവം അവസാനത്തെ പത്തിലെ

**ലൈലതുൽ ക്വദ്ർ എന്നാണെന്ന് നിർണയിക്കുവാൻ നമുക്ക് സാധ്യമല്ല.അവസാനത്തെ പത്തിലെ ഒറ്റയായി വരുന്ന രാവുകളിൽ അതിനെ പ്രതീക്ഷിക്കുക എന്ന പ്രാവചക നിർദേശത്തെ ഉൾക്കൊള്ളുകയല്ലാതെ മറ്റൊരു നിർവാഹവും നമ്മെ സംബന്ധിച്ചിടത്തോളം ഇല്ല. ലൈലതുൽ ക്വദ്ർ റമദാനിലെ ഇരുപത്തിയേഴാം രാവിൽ തന്നെയാണ് എന്ന് വിശ്വസിച്ച് വരുന്ന അനേകം പേരുണ്ട്. യഥാർഥത്തിൽ പ്രവാചകനിൽനിന്നും അത്തരമൊരു അഭിപ്രായം സ്വീകാര്യയോഗ്യമായി ഉദ്ധരിക്കപ്പെട്ടിട്ടില്ല.**



ഇരുപത്തിയൊന്നാം രാവിലായിരുന്നു''(മുസ്‌ലിം).

ഇമാം മുസ്‌ലിം തന്നെ ഇതേ സംഭവം അബ്ദുല്ലാഹിബ്നു ഉനൈസി(റ)വിൽനിന്ന് ഉദ്ധരിക്കുന്നുണ്ട്. (ഹദീസ് നമ്പർ 1168).പ്രസ്തുത ഹദീസിൽ ഇരുപത്തിയൊന്നാം രാവ് എന്നതിനു പകരം ഇരുപത്തി മൂന്നാം രാവ് എന്നാണ് വന്നിട്ടുള്ളത്.

ചുരുക്കത്തിൽ ലൈലതുൽ ക്വദ്ർ എന്നാണെന്ന് നിർണയിക്കുവാൻ നമുക്ക് സാധ്യമല്ല. അവസാനത്തെ പത്തിലെ ഒറ്റയായി വരുന്ന രാവുകളിൽ അതിനെ പ്രതീക്ഷിക്കുക എന്ന പ്രാവചക നിർദേശത്തെ ഉൾക്കൊള്ളുകയല്ലാതെ മറ്റൊരു നിർവാഹവും നമ്മെ സംബന്ധിച്ചിടത്തോളം ഇല്ല.

**27ാം രാവും ലൈലതുൽ ക്വദ്‌റും**

ലൈലതുൽ ക്വദ്ർ റമദാനിലെ ഇരുപത്തിയേഴാം രാവിൽ തന്നെയാണ് എന്ന് വിശ്വസിച്ച് വരുന്ന അനേകം പേരുണ്ട്. യഥാർഥത്തിൽ പ്രവാചകനിൽനിന്നും അത്തരമൊരു അഭിപ്രായം സ്വീകാര്യയോഗ്യമായി ഉദ്ധരിക്കപ്പെട്ടിട്ടില്ല. അതേസമയം ഇമാം മുസ്‌ലിം അബൂഹുറയ്‌റ(റ)യിൽ നിന്നും ഉദ്ധരിക്കുന്ന ഹദീസിൽ ഇപ്രകാരം കാണാം:

''ഞങ്ങൾ പ്രവാചക സന്നിധിയിൽ ലൈലതുൽ ക്വദ്‌റിനെ അനുസ്മരിച്ചുകൊണ്ടിരുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു: 'ചന്ദ്രൻ ഉദിക്കുമ്പോൾ അത് ഒരു കിണ്ണത്തിന്റെ പകുതി പോലെയാവുന്നത് നിങ്ങളിൽ ആരെങ്കിലും സ്മരിക്കുണ്ടോ?'' (മുസ്‌ലിം).

ഈ ഹദീസിൽ പരാമർശിച്ച ചന്ദ്രന്റെ സവിശേഷതകൾ ഇരുപത്തി ഏഴാം രാവിനാണെന്ന് അബുൽ ഹസൻ അൽഫാരിസി അഭിപ്രായപ്പെട്ടതായി അസ്ക്വലാനി ഫത്ഹുൽ ബാരിയിൽ പറയുന്നുണ്ട്.അതേ സമയം ഈ സവിശേഷതകൾ 27നു മാത്രമല്ല, അവസാനത്തെ പത്തിലെ എല്ലാ രാവുകൾക്കും ഉണ്ടെന്നതാണ് വാസ്തവം.

അതുപോലെ സ്വഹീഹ് മുസ്‌ലിമിൽ തന്നെ മറ്റൊരു സംഭവം ഉദ്ധരിക്കുണ്ട്. ഉബയ്യിബ്നുകഅ്ബ്(റ) ലൈലതുൽ ക്വദ്ർ റമദാനിലെ അവസാനത്തെ പത്തിലെ ഇരുപത്തിയേഴാം രാവിലാണെന്ന് ആ ഹദീസിൽ പ്രസ്താവിക്കുന്നതായി കാണാം. എന്നാൽ ഏതടിസ്ഥാനത്തിലാണ് താങ്കൾ അങ്ങനെ പറയുന്നത് എന്ന ചോദ്യത്തിന് അദ്ദേഹം മറുപടി നൽകിയത് ഇപ്രകാരമാണ്: 'പ്രവാചകൻ(സ്വ) പറഞ്ഞ അടയാളങ്ങൾ കൊണ്ട്. അഥവാ കൂടുതൽ പ്രകാശിതമല്ലാത്ത ചന്ദ്രൻ എന്ന അടയാളം.' ഇവിടെ ലൈലതുൽ ക്വദ്ർ ഇരുപത്തിയേഴാം രാവിലാണ് എന്ന് പ്രവാചകൻ (സ്വ) പറഞ്ഞു എന്ന് ഉബയ്യ്(റ) പറയുന്നില്ല.മറിച്ച് അദ്ദേഹം പ്രസ്താവിച്ച അടയാളങ്ങൽ ആപേക്ഷികമാണ് താനും. അത് മറ്റു രാവുകൾക്കും ഉണ്ടാവാം. അല്ലാഹുവിന്റെ പ്രീതി ലഭിക്കുന്ന പ്രവർത്തനങ്ങളിൽ വ്യാപൃതരാവുക എന്ന മഹത്തായ കാര്യമാണ് വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഈ ദിനങ്ങളിൽ നിർവഹിക്കാനുള്ളത്. ഈ രാവിന്റെ ക്ലിപ്തത ലഭ്യമാവാത്തത് മൂലം വിശ്വാസികൾക്ക് ദോഷങ്ങളെക്കാളും ഗുണങ്ങളാണുണ്ടാവുക എന്ന് പ്രവാചകൻ (സ്വ) വ്യക്തമാക്കിയത് നേരത്തെ സൂചിപ്പിച്ചുവല്ലോ. ഒരു ദിവസം മാത്രം കൂടുതൽ സൽകർമങ്ങൾ ചെയ്യുന്നതിനു പകരം കൂടുതൽ സൽകർമങ്ങൾ കൂടുതൽ ദിനരാത്രങ്ങളിൽ നിർവഹിക്കുവാൻ അതു മൂലം സാധിക്കും എന്നത് പ്രത്യേകം പറയേണ്ടതില്ലല്ലോ. ■

**അല്ലാഹുവിന്റെ പ്രീതി ലഭിക്കുന്ന പ്രവർത്തനങ്ങളിൽ വ്യാപൃതരാവുക എന്ന മഹത്തായ കാര്യമാണ് വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഈ ദിനങ്ങളിൽ നിർവഹിക്കാനുള്ളത്. ഈ രാവിന്റെ ക്ലിപ്തത ലഭ്യമാവാത്തത് മൂലം വിശ്വാസികൾക്ക് ദോഷങ്ങളെക്കാളും ഗുണങ്ങളാണുണ്ടാവുക എന്ന് പ്രവാചകൻ (സ്വ) വ്യക്തമാക്കിയത് നേരത്തെ സൂചിപ്പിച്ചുവല്ലോ. ഒരു ദിവസം മാത്രം കൂടുതൽ സൽകർമങ്ങൾ ചെയ്യുന്നതിനു പകരം കൂടുതൽ സൽകർമങ്ങൾ കൂടുതൽ ദിനരാത്രങ്ങളിൽ നിർവഹിക്കുവാൻ അതു മൂലം സാധിക്കും .**

ലേഖനം



# സമകാലിക ലോകവും ഇസ്‌ലാമിക പ്രബോധനവും

അബൂഫായിദ

അല്ലാഹു മുസ്‌ലിംകളുടെമേൽ വിവിധ ബാധ്യതകൾ ഏൽപിച്ചിട്ടുണ്ട്. ഏകദൈവാരാധനയിൽ സ്വയം മുന്നോട്ടു പോകുക മാത്രമല്ല, മറ്റുള്ളവരെ അതിലേക്ക് ക്ഷണിക്കലും ഇതര മുസ്‌ലിംകളുടെ നാനാവിധ ഉദ്ധാരണം വരെയുള്ള നിരവധി ബാധ്യതകളിൽ ബന്ധിതനാണ് മുസ്‌ലിം. മതപ്രബോധനം മുസ്‌ലിംകളുടെ സാമുദായിക സംരംഭങ്ങൾക്കുള്ള ഒരു മേൽവിലാസമല്ല. പ്രത്യുത പ്രവാചകത്വ പരിസമാപ്തിക്കു ശേഷം മുസ്‌ലിംകൾക്ക് ലഭിച്ച അനന്തരാവകാശമാണ്.

മനസ്സിലാക്കിയ സത്യം മറ്റുള്ളവരിലേക്ക് എത്തിക്കുന്നതിനെ ഇസ്‌ലാം വലിയ പുണ്യമായി കാണുന്നു. ക്വുർആൻ പറയുന്നു:

“അല്ലാഹുവിലേക്ക് ക്ഷണിക്കുകയും സൽകർമം പ്രവർത്തിക്കുകയും ‘തീർച്ചയായും ഞാൻ മുസ്‌ലിംകളുടെ കൂട്ടത്തിലാകുന്നു’ എന്ന് പറയുകയും ചെയ്തവനെക്കാൾ വിശിഷ്ടമായ വാക്ക് പറയുന്ന മറ്റാരുണ്ട്?” (41:33).

“മനുഷ്യവംശത്തിനുവേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമ സമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു. വേദക്കാർ വിശ്വസിച്ചിരുന്നുവെങ്കിൽ അതവർക്ക് ഉത്തമമായിരുന്നു. അവരുടെ കൂട്ടത്തിൽ വിശ്വാസമുള്ളവരുണ്ട്. എന്നാൽ അവരിൽ അധികപേരും ധിക്കാരികളാകുന്നു” (3:110).

സഹ്‌ലുബ്നു സഅ്ദി(റ)ൽനിന്ന് നിവേദനം. നബി(സ്വ) പറഞ്ഞു: "അല്ലാഹു തന്നെയാണ് സത്യം! നീ നിമിത്തമായി ഒരാളെ അല്ലാഹു ഹിദായത്തി(സന്മാർഗത്തി)ലാക്കുക എന്നത് ചുവന്ന ഒട്ടകങ്ങൾ കിട്ടുന്നതിനെക്കാൾ നിനക്കുത്തമമാണ്" (ബുഖാരി, മുസ്‌ലിം).

അബൂമസ്ഊദ്(റ) പറയുന്നു: നബി(സ്വ) പറഞ്ഞു: "ആരെങ്കിലും ഒരു നന്മ (മറ്റാർക്കെങ്കിലും) അറിയിച്ചുകൊടുത്താൽ അതനുസരിച്ച് പ്രവർത്തിക്കുന്നവന്റേതിന് സമാനമായ പ്രതിഫലം ആ നന്മ അറിയിച്ച ആൾക്കുമുണ്ട്" (മുസ്‌ലിം).

അബൂഹുറയ്‌റ(റ)യിൽ നിന്ന് നിവേദനം. നബി(സ്വ) പറഞ്ഞു: "ആരെങ്കിലും ഒരു സന്മാർഗത്തിലേക്ക് ക്ഷണിച്ചാൽ അവനെ അനുഗമിക്കുന്നവരുടെയൊക്കെ പ്രതിഫലങ്ങൾക്ക് തുല്യമായത് അവന് കിട്ടും. അത് മറ്റുള്ളവരുടെ പ്രതിഫലത്തിന് കുറവ് വരുത്തുകയുമില്ല. എന്നാൽ വല്ലവരും ഒരു വഴികേടിലേക്ക് ക്ഷണിക്കുന്നുവെങ്കിൽ അവനെ അനുഗമിക്കുന്നവരുടേതിന് തുല്യമായ പാപങ്ങളുണ്ടായിരിക്കുന്നതാണ്. അതാകട്ടെ അവരുടെ പാപങ്ങൾക്ക് കുറവ് വരുത്തുകയില്ല" (മുസ്‌ലിം).

പ്രബോധനം നിർവഹിക്കാനുള്ള വേദിയെക്കുറിച്ച് വ്യക്തമായ ബോധമാണ് ഏറ്റവും പ്രാധാന്യമർഹിക്കുന്നത്. നമ്മുടെ പൂർവികരെ സംബന്ധിച്ചിടത്തോളം ദൈവമാർഗത്തിലുള്ള പ്രബോധനം എന്നു പറഞ്ഞാൽ 'ശിർക്കിന്റെ' യുഗത്തിന് അന്ത്യം കുറിക്കുകയെന്നതായിരുന്നു. ഇന്ന് നമ്മെ സംബന്ധിച്ചിടത്തോളം ദൈവമാർഗത്തിലുള്ള പ്രബോധനമെന്നാൽ നാസ്തിക ചിന്തകൾക്ക് അന്ത്യം കുറിക്കുക കൂടിയാണ്.

ആധുനിക ബുദ്ധിജീവികൾ ദൈവത്തെ സകലമാന വിജ്ഞാന മണ്ഡലങ്ങളിൽനിന്നും പുറന്തള്ളിയിരിക്കുന്നു. ഭൂമിശാസ്ത്രം, ചരിത്രം, ഭൗതികശാസ്ത്രം, സസ്യശാസ്ത്രം, ജീവശാസ്ത്രം, ഗോളശാസ്ത്രം എന്നിങ്ങനെ സകല ശാസ്ത്രങ്ങളും ഏറെ വിശദമായി ക്രോഡീകരിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ, അവയിലൊരിടത്തും അവയൊന്നും യഥാർഥത്തിൽ ദൈവത്തെ നിഷേധിക്കുന്നില്ല. എന്നുമാത്രമല്ല, ഒരാൾ കണ്ണുതുറന്ന് പ്രപഞ്ചത്തെ വിലയിരുത്തുമ്പോൾ എല്ലായിടത്തും അവന് ദൈവത്തിന്റെ ചിഹ്നങ്ങൾ പ്രകടമായി കാണാനാകുന്നു. എന്നാൽ ലിഖിത ശാസ്ത്രങ്ങളിലെല്ലാം ഭൗതികമതക്കാർ ഇന്നും പറയുന്നു ദൈവം എന്നത് ഒരു 'ഇല്ലാത്ത വസ്തു'വാണ് എന്ന്!

**ഒരാൾ കണ്ണുതുറന്ന് പ്രപഞ്ചത്തെ വിലയിരുത്തുമ്പോൾ എല്ലായിടത്തും അവന് ദൈവത്തിന്റെ ചിഹ്നങ്ങൾ പ്രകടമായി കാണാൻ കഴിയുന്നു. എന്നാൽ ലിഖിത ശാസ്ത്രങ്ങളിലെല്ലാം ഭൗതികമതക്കാർ ഇന്നും പറയുന്നു ദൈവം എന്നത് ഒരു 'ഇല്ലാത്ത വസ്തു'വാണ് എന്ന്! ഇത്തരമൊരു സാഹചര്യത്തിൽ പ്രാപഞ്ചിക സത്യങ്ങളുടെ പിൻബലത്തിൽ പ്രമാണങ്ങളെ ഉപയോഗപ്പെടുത്തി ദൈവത്തെ പരിചയപ്പെടുത്തുക പ്രധാനമാണ്. ഓരോ മുസ്‌ലിമിന്റെയും ബാധ്യതയാണ് താൻ മനസ്സിലാക്കിയ സത്യം ഇതരർക്ക് എത്തിച്ചുകൊടുക്കൽ.**

ഇത്തരമൊരു സാഹചര്യത്തിൽ പ്രാപഞ്ചിക സത്യങ്ങളുടെ പിൻബലത്തിൽ പ്രമാണങ്ങളെ ഉപയോഗപ്പെടുത്തി ദൈവത്തെ പരിചയപ്പെടുത്തുക പ്രധാനമാണ്. ഓരോ മുസ്‌ലിമിന്റെയും ബാധ്യതയാണ് താൻ മനസ്സിലാക്കിയ സത്യം ഇതരർക്ക് എത്തിച്ചുകൊടുക്കൽ.

ഹുദൈബിയാ സന്ധിയിൽ മുസ്‌ലിംകൾ ഏകപക്ഷീയമായി ഇസ്‌ലാമിന്റെ ശത്രുക്കളുടെ അപേക്ഷൾ മുഴുവൻ അംഗീകരിക്കുകയായിരുന്നു. മുസ്‌ലിംകൾ ഈ കരാറിൽ ഒപ്പുവെച്ച് മടങ്ങിയതോടെ അല്ലാഹു ഇപ്രകാരം അവതരിപ്പിച്ചു:

"നിശ്ചയം നാം നിനക്ക് വ്യക്തമായ വിജയം തുറന്നുതന്നിരിക്കുന്നു..." (48:1).

പ്രത്യക്ഷത്തിൽ പരാജയമായിത്തോന്നുന്ന കരാർ എങ്ങനെ ദൈവത്തിങ്കൽ വിജകരമായി മാറി?

നിരന്തരയുദ്ധം മൂലം ഇസ്‌ലാമിന്റെ പ്രബോധന കർമങ്ങൾക്ക് ഭംഗം നേരിട്ടിരുന്നു. ഹുദൈബിയ്യയിൽ അവിശ്വാസികളുടെ താൽപര്യങ്ങളെല്ലാം അംഗീകരിച്ചുകൊണ്ട് പത്തുകൊല്ലത്തേക്ക് ഇരുവിഭാഗവും തമ്മിൽ പ്രത്യക്ഷമോ പരോക്ഷമോ ആയ യാതൊരു യുദ്ധവുമുണ്ടാവില്ലെന്ന് സന്ധിചെയ്യുകയുണ്ടായി. യുദ്ധം അവസാനിച്ചതോടെ പ്രബോധന പ്രവർത്തനങ്ങൾ കൂടുതൽ കരുത്താർജിച്ചു. പോരാട്ടത്തിന് അറുതി വന്നതോടെ തൗഹീദിന്റെ സത്യതയെ തകർക്കാനുതകുന്ന യാതൊന്നും തന്നെ ശിർക്കിന്റെ പക്ഷത്ത് ഇല്ലാതായി. തൽഫലമായി അറബിഗോത്രങ്ങളൊന്നായി ഇസ്‌ലാമിലേക്കൊഴുകാൻ തുടങ്ങി.സത്യനിഷേധിക

**ഇസ്‌ലാമിന്റെ സുന്ദരമായ സന്ദേശം ജനമനസ്സുകളിലേക്ക് ഇറങ്ങിച്ചെല്ലണം. അസാധ്യമെന്ന് തോന്നാവുന്ന കാര്യങ്ങൾ അല്ലാഹു നമുക്ക് സാധ്യമാക്കിത്തന്നിട്ടുണ്ട്. അല്ലാഹു സത്യപ്രബോധകരുടെ സഹായത്തിന് മനുഷ്യ ചരിത്രത്തിൽ ഒരു പുതിയ വിപ്ലവം സംജാതമാക്കിയിട്ടുണ്ട്. അതാണ് ശാസ്ത്രീയ വിപ്ലവം. ശാസ്ത്ര, സാങ്കേതിക രംഗത്തെ കുതിച്ചുചാട്ടം അമ്പരപ്പുളവാക്കുന്നതാണ്. ഒരു സന്ദേശം ലോകമെങ്ങുമെത്തിക്കാൻ സെക്കന്റുകൾ മതി. ലോകത്തിന്റെ ഏതുകോണിൽ നടക്കുന്ന പ്രബോധന പ്രവർത്തനവും അതേസമയം തന്നെ കാണാനും കേൾക്കാനുമുള്ള ഭൗതിക സാഹചര്യം അല്ലാഹു ഒരുക്കിത്തന്നിരിക്കുന്നു. സത്യാന്വേഷികൾ ലോകത്തെമ്പാടുമുണ്ട്. അവരുടെ ദാഹം തീർക്കാൻ നമുക്ക് കഴിയണം.**

ളുടെ കരുത്തു നിലച്ചു. സന്ധിക്കു ശേഷം രണ്ടുവർഷത്തിനിടയ്ക്ക് മക്കാവിജയം സംഭവിച്ചു.

'അല്ലാഹു പേനകൊണ്ട് പഠിപ്പിച്ചു'വെന്ന് വിശുദ്ധ ക്വുർആൻ (68:4) പറയുന്നു. 'സൃഷ്ടിച്ചവനായ, നിന്റെ രക്ഷിതാവിന്റെ നാമത്തിൽ വായിക്കുക' എന്നാണ് നബി(സ്വ)ക്ക് ആദ്യമായി ലഭിച്ച ദിവ്യബോധനത്തിന്റെ പ്രഥമസൂക്തം. എഴുത്തിന്റെയും വായനയുടെയും പ്രധാന്യം ഇതിൽനിന്ന് വ്യക്തമാണല്ലോ.

പ്രബോധന രംഗത്ത് ഇസ്‌ലാമിക സാഹിത്യങ്ങൾ ഉപയോഗപ്പെടുത്താമെന്ന് ഈ സൂക്തങ്ങൾ മനസ്സിലാക്കിത്തരുന്നു. ഇസ്‌ലാമിന്റെ പേരിൽ പ്രാമാണികതയില്ലാത്ത കുറച്ച് കൃതികളെഴുതി ഏതെങ്കിലും വിധത്തിൽ വിവിധ ഭാഷകളിൽ അച്ചടിച്ചു വിതരണം ചെയ്യുകയെന്നതല്ല ഇതിന്നർഥം.

അല്ലാഹു അറബിയിലാണ് വിശുദ്ധ ക്വുർആൻ അവതരിപ്പിച്ചത്. എങ്കിലും അതിന്റെ പ്രബോധനം ഇതര ഭാഷകളിലും നടക്കേണ്ടതുണ്ട്. പ്രബോധനം പ്രബോധിതന്റെ ഭാഷയിൽ നിർവഹിക്കപ്പെടണമെന്നർഥം. ഈ അർഥത്തിൽ 'പേനകൊണ്ട് പഠിപ്പിച്ചു'വെന്ന വചനത്തിന് വിശാലമായ മാനമാണുള്ളത്. ഇതര ഭാഷകളിൽ 'പേനകൊണ്ട് പഠിപ്പിക്കുക' എന്ന ബാധ്യത മനുഷ്യനാണ് നിർവഹിക്കേണ്ടത്.

അറബി കവിയായിരുന്ന ലബീദ് വിശുദ്ധ ക്വുർആൻ കേൾക്കാനിടയായി. അതോടെ അദ്ദേഹം കവിതയാലപിക്കുന്നത് നിർത്തിക്കളഞ്ഞു. എന്തുകൊണ്ടാണ് താങ്കൾ കവിത നിർത്തിയത് എന്ന് ചോദിച്ചപ്പോൾ 'വിശുദ്ധ ക്വുർആൻ അവതരിച്ച ശേഷമോ?' എന്ന മറുചോദ്യമായിരുന്നു അയാളിൽനിന്ന് ഉണ്ടായത്. വിശുദ്ധ ക്വുർആൻ അക്കാലത്തെ ബുദ്ധിജീവികളെയും സാധാരണക്കാരെയും ഒരുപോലെ കീഴ്പ്പെടുത്തിക്കളഞ്ഞുവെന്ന് ചരിത്രം വിളിച്ചുപറയുന്നുണ്ട്.

ഇസ്‌ലാമിന്റെ സുന്ദരമായ സന്ദേശം ജനമനസ്സുകളിലേക്ക് ഇറങ്ങിച്ചെല്ലണം. അസാധ്യമെന്ന് തോന്നാവുന്ന കാര്യങ്ങൾ അല്ലാഹു നമുക്ക് സാധ്യമാക്കിത്തന്നിട്ടുണ്ട്. അല്ലാഹു സത്യപ്രബോധകരുടെ സഹായത്തിന് മനുഷ്യ ചരിത്രത്തിൽ ഒരു പുതിയ വിപ്ലവം സംജാതമാക്കിയിട്ടുണ്ട്. അതാണ് ശാസ്ത്രീയ വിപ്ലവം. ശാസ്ത്ര, സാങ്കേതിക രംഗത്തെ കുതിച്ചുചാട്ടം അമ്പരപ്പുളവാക്കുന്നതാണ്. ഒരു സന്ദേശം ലോകമെങ്ങുമെത്തിക്കാൻ സെക്കന്റുകൾ മതി. ലോകത്തിന്റെ ഏതുകോണിൽ നടക്കുന്ന പ്രബോധന പ്രവർത്തനവും അതേസമയം തന്നെ കാണാനും കേൾക്കാനുമുള്ള ഭൗതിക സാഹചര്യം അല്ലാഹു ഒരുക്കിത്തന്നിരിക്കുന്നു. സത്യാന്വേഷികൾ ലോകത്തെമ്പാടുമുണ്ട്. അവരുടെ ദാഹം തീർക്കാൻ നമുക്ക് കഴിയണം.

ഹിക്മത്തോടെയുള്ള പ്രബോധന പ്രവർത്തനങ്ങൾ അല്ലാഹു വിജയിപ്പിക്കാതിരിക്കില്ല. അല്ലാഹു പറയുന്നു:

"യുക്തിദീക്ഷയോടുകൂടിയും സദുപദേശം മുഖേനയും നിന്റെ രക്ഷിതാവിന്റെ മാർഗത്തിലേക്ക് നീ ക്ഷണിച്ചുകൊള്ളുക..." (16:125).

അതായത് ഇസ്‌ലാമിലേക്ക് അഥവാ മുഹമ്മദ് നബി(സ്വ) മുഖേന അല്ലാഹു അവതരിപ്പിച്ച സത്യമതത്തിലേക്കാണ് ക്ഷണിക്കേണ്ടത്; വ്യക്തികളിലേക്കോ കക്ഷിത്വത്തിലേക്കോ മനുഷ്യനിർമിത പ്രത്യയശാസ്ത്രങ്ങളിലേക്കോ മദ്ഹബുകളിലേക്കോ അല്ല. അതിൽ അതിപ്രധാനമായ സംഗതി കറകളഞ്ഞ ഏകദൈവ വിശ്വാസമാണ്. അല്ലാഹുവിലും അവന്റെ ദൂതന്മാരിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും അല്ലാഹുവും അവന്റെ ദൂതനും അറിയിച്ച എല്ലാറ്റിനെയും സത്യപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. ഇതാണ് നേരായ പാതയുടെ അടിത്തറ. അതായത് അല്ലാഹു വല്ലാതെ മറ്റാരും ആരാധനക്കർഹരല്ലെന്നും മുഹമ്മദ്(സ്വ) അല്ലാഹുവിന്റെ ദൂതനാണെന്നുമുള്ള സത്യസാക്ഷ്യത്തിലേക്കായിരിക്കണം പ്രഥമമായ പ്രബോധനം. പ്രവാചകന്മാരഖിലവും അവരുടെ ജനതയോട് പ്രഥമമായി പ്രബോധനം ചെയ്തത് ഈ അടിസ്ഥാന വിഷയംതന്നെയായിരുന്നു.




# സർക്കാർ അഭിഭാഷകർക്ക് നിയമവിദഗ്ധരുടെ മറുപടി

**സുഫ്‌യാൻ അബ്ദുസ്സലാം**
81296 17676

ശിരോവസ്ത്ര വിഷയവുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിൽ 18 നിയമപണ്ഡിതരാണ് മുസ്‌ലിം സമുദായത്തിന് വേണ്ടി ആദ്യ ഘട്ടത്തിൽ വാദങ്ങൾ അവതരിപ്പിച്ചിരുന്നത്. അവരുടെ വാദങ്ങളെ ഖണ്ഡിക്കുന്നതിന് വേണ്ടി കർണാടക അഡ്വക്കേറ്റ് ജനറലിന് പുറമെ കേന്ദ്ര സർക്കാറിന്റെ സോളിസിറ്റർ ജനറൽ, അഡീഷണൽ സോളിസിറ്റർ ജനറൽ എന്നിവരായിരുന്നു ഹാജരായിരുന്നത്. എന്നാൽ ഫലപ്രദമായ ഖണ്ഡനങ്ങൾ അവതരിപ്പിക്കാൻ അവർക്ക് സാധിച്ചില്ല. പല ഘട്ടങ്ങളിലും രണ്ടംഗ ബെഞ്ചിന്റെ ക്രോസിംഗിൽ അവർ വിയർക്കുകയായിരുന്നു. പ്രത്യേകിച്ച് ജസ്റ്റിസ് സുധൻഷു ധൂലിയയുടെ കുറിക്ക് കൊള്ളുന്ന ചോദ്യങ്ങൾ അവരെ പലപ്പോഴും കുഴപ്പിക്കുകയുണ്ടായി.

### ദുഷ്യന്ത് ദവെ വീണ്ടും

സർക്കാർ അഭിഭാഷകരുടെ വാദം പൂർത്തിയായതോടെ വീണ്ടും വിദ്യാർഥിനികൾക്ക് വേണ്ടി ഹാജരായ നിയമ പണ്ഡിതർ ഓരോരുത്തരായി വീണ്ടും അവരുടെ മറുവാദങ്ങൾ സമർപ്പിക്കാൻ രണ്ടംഗ ബെഞ്ചിന് മുമ്പിൽ തയ്യാറായി. പ്രമുഖ നിയമപണ്ഡിതനായ ദുഷ്യന്ത് ദവെയാണ് ആദ്യം സംസാരിച്ചുതുടങ്ങിയത്. 2022 ഫെബ്രുവരി 5 നു കർണാടക സർക്കാർ പുറത്തിറക്കിയ സർക്കുലറിലെ വാചകങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ് അദ്ദേഹം ആരംഭിച്ചത്. 'ചില വിദ്യാർഥികൾ മതപരമായ ആചരണങ്ങൾ നടത്തിയതാണ് ഐക്യത്തിനും സമത്വത്തിനും തടസ്സമായി നിൽക്കുന്നു.' സർക്കാർ ഈ സർക്കുലർ ഇറക്കുന്ന സമയത്ത് പോപ്പുലർ ഫ്രണ്ടുമായി ബന്ധപ്പെട്ട പരാതികൾ ഉണ്ടായിരുന്നില്ല. വിഷയത്തെ പോപ്പുലർ ഫ്രണ്ടുമായി ബന്ധിപ്പിക്കാൻ ശ്രമിച്ചുകൊണ്ട് വിഷയത്തെ വഴിതിരിച്ചുവിടാനാണ് സർക്കാർ ശ്രമിക്കുന്നത്.

### സർക്കുലർ വിദ്യാഭ്യാസ ചട്ടങ്ങൾക്ക് എതിര്

ദവെ തുടർന്നു: '2021ൽ സർക്കാർ പുറത്തിറക്കിയ മാർഗനിർദേശങ്ങളിൽ യൂണിഫോം നിർബന്ധമല്ലെന്ന് പറയുന്നു. പ്രസ്തുത മാർഗനിർദേശങ്ങൾ ഹൈക്കോടതിക്ക് മുമ്പിൽ സർക്കാർ സമർപ്പിച്ച റിട്ട് ഹരജിയുടെ ഭാഗമായി ഇപ്പോഴും അവശേഷിക്കുന്നുണ്ട്. എന്നാൽ മാർഗനിർദേശങ്ങൾ സാധുവല്ലെന്നാണ് സോളിസിറ്റർ ജനറൽ ഇവിടെ

പറഞ്ഞത്. എങ്കിൽ അതെങ്ങനെ സർക്കാർ തങ്ങളുടെ വാദത്തിനുള്ള പിൻബലമായി ഹൈക്കോടതിയുടെ മുമ്പാകെ കൊണ്ടുവന്നു? നിങ്ങൾ സമർപ്പിച്ച രേഖകൾ നിങ്ങൾക്ക് തന്നെ എങ്ങനെ നിരാകരിക്കാനാകും? സോളിസിറ്റർ ജനറലിനും അഡ്വക്കേറ്റ് ജനറലിനും അതൊരു സാധുവല്ലാത്ത രേഖ (unsubstantiated document) ആണെന്ന് പറയാൻ സാധിക്കില്ല.'

*ജസ്റ്റിസ് ധൂലിയ:* 'ഈ മാർഗനിർദേശങ്ങൾക്ക് ശേഷമാണല്ലോ ഫെബ്ര#ുവരി 5 ന് സർക്കാർ സർക്കുലർ ഇറക്കിയത്. അപ്പോൾ സർക്കുലർ മാർഗനിർദശങ്ങളെ ദുർബലമാക്കിയതായി കരുതിക്കൂടെ?'

*ദുഷ്യന്ത് ദവെ:* 'അങ്ങനെ കരുതാൻ കഴിയില്ല. കാരണം യൂണിഫോം നിർബന്ധമല്ലെന്ന് വ്യക്തമാക്കുന്ന മാർഗനിർദേശം പുറത്തിറക്കിയത് വിദ്യാഭ്യാസ വകുപ്പാണ്. വിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കുന്ന മാർഗനിർദേശത്തെ ഒരു സർക്കുലറിലൂടെ സർക്കാരിന് ദുർബലമാക്കാൻ കഴിയില്ല. മാത്രവുമല്ല, സർക്കുലറിൽ ദുർബലമാക്കി എന്ന വാചകവും കാണാൻ കഴിയില്ല. ഫെബ്രുവരി 5ലെ സർക്കുലറിന് യാതൊരു ന്യായീകരണവുമില്ലെന്ന എന്റെ വാദത്തെ ഇത് ഒന്നുകൂടി ദൃഢീകരിക്കുന്നു.'

ഈ സന്ദർഭത്തിൽ ബെഞ്ച് കൂടുതൽ വിശദീകരണം നൽകാൻ സർക്കാർ അഭിഭാഷകരോട് ആവശ്യപ്പെട്ടു. അഡീഷണൽ സോളിസിറ്റർ ജനറൽ കെ.എം. നടരാജ് ഇതിനോട് പ്രതികരിച്ചത് 'മാർഗനിർദേശങ്ങൾ അവകാശങ്ങൾ വകവെച്ചുകൊടുക്കുന്നില്ല എന്നതിനാൽ സർക്കാർ നൽകുന്ന നിയമപരമായ നിർദ്ദേശങ്ങളെ അത് ബാധിക്കില്ല' എന്നായിരുന്നു. അതായത് എന്തെല്ലാം മാർഗനിർദേശങ്ങൾ ഉണ്ടായിരുന്നാലും അതിനെ നിയന്ത്രിക്കാനോ ദുർബലപ്പെടുത്താനോ സർക്കാർ സർക്കുലറിന് സാധിക്കുമെന്ന ഫാസിസ്റ്റ് വിശദീകരണമാണ്

**യൂണിഫോം നിർബന്ധമല്ലെന്ന് വ്യക്തമാക്കുന്ന മാർഗനിർദേശം പുറത്തിറക്കിയത് വിദ്യാഭ്യാസ വകുപ്പാണ്. വിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കുന്ന മാർഗനിർദേശത്തെ ഒരു സർക്കുലറിലൂടെ സർക്കാരിന് ദുർബലമാക്കാൻ കഴിയില്ല. മാത്രവുമല്ല, സർക്കുലറിൽ ദുർബലമാക്കി എന്ന വാചകവും കാണാൻ കഴിയില്ല. ഫെബ്രുവരി 5ലെ സർക്കുലറിന് യാതൊരു ന്യായീകരണവുമില്ലെന്ന വാദത്തെ ഇത് ഒന്നുകൂടി ദൃഢീകരിക്കുന്നു.'**

അദ്ദേഹം നൽകിയത്.

*ജസ്റ്റിസ് ഗുപ്ത:* 'മി.ദവെ, താങ്കൾ പറയുന്നത് 2021-22ന് മുമ്പ് യൂണിഫോം ഉണ്ടായിരുന്നില്ല എന്നാണോ?'

*ദവെ:* 'നമ്മുടെ ഇപ്പോഴത്തെ കേസിൽ ശിരോവസ്ത്രം ആ കാലത്ത് നിരോധിക്കപ്പെട്ടിരുന്നോ ഇല്ലയോ എന്ന കാര്യമാണ്. അന്ന് യൂണിഫോം ഒരു സ്വമനസ്സാലെ ചെയ്യുന്ന ഒരു പ്രവൃത്തി (voluntary pra-ctice) മാത്രമായിരുന്നു. ഏതായിരുന്നാലും അന്ന് യൂണിഫോം നിർബന്ധമായിരുന്നില്ല.'

അക്കാലത്ത് കുട്ടികൾ യൂണിഫോം അണിഞ്ഞിരുന്നോ എന്നാണ് തനിക്ക് അറിയേണ്ടത് എന്ന് ജസ്റ്റിസ് ഗുപ്ത ആവശ്യപ്പെട്ടപ്പോൾ 'അതല്ലല്ലോ ഇവിടുത്തെ വിഷയം, കുട്ടികൾ ശിരോവസ്ത്രം അണിഞ്ഞിരുന്നോ ഇല്ലയോ എന്നതല്ലേ നമ്മുടെ മുമ്പിലുള്ള വിഷയം' എന്ന് ജസ്റ്റിസ് ധൂലിയ തിരിച്ചുചോദിച്ചു.

**മതത്തിന്റെ അവിഭാജ്യഘടകമോ മൗലികാവകാശമോ?**

*ദവെ :* എ.ജിയുടെ വാദം ശിരോവസ്ത്രം നിർബന്ധമല്ല എന്നാണ്. ചിലർ അത് ധരിക്കുന്നില്ല, കൂടുതൽ മതബോധം പ്രകടമാക്കുന്നവർ അത് ധരിക്കുന്നുവെന്നും അതുകൊണ്ടുതന്നെ 'എസെൻഷ്യൽ റിലീജിയസ്' വാദങ്ങൾ ഇവിടെ കൊണ്ടുവരേണ്ട കാര്യമുണ്ടായിരുന്നില്ല എന്നും അത് പിൻവാതിലിലൂടെ കടന്നുവന്ന വിഷയമാണ് എന്നുമാണ് എ.ജി പറഞ്ഞത്.

*ജസ്റ്റിസ് ധൂലിയ:* 'പരാതിക്കാരായ വിദ്യാർഥികൾ ശിരോവസ്ത്രം എസെൻഷ്യൽ റിലീജിയസ് പ്രാക്ടീസ് ആണെന്ന് വാദിക്കുന്നുണ്ടല്ലോ. അതൊരു നിർബന്ധ കർമമാണെന്ന് വിധി നൽകണമെന്നാണ് അവർ നൽകിയിരിക്കുന്ന ഹരജിയിൽ പറയുന്നത്.'

*ദവെ:* 'ചിലർ അത് നിർബന്ധമാണെന്ന് വാദിക്കുന്നുണ്ടെങ്കിലും അത് ഒരു ചോയ്സിന്റെ ഭാഗം മാത്രമാണ്. കോടതിക്ക് മുമ്പാകെ അത് നിർബന്ധ കർമമാണെന്നുള്ള വിധി ലഭിക്കുന്നതിന് വേണ്ടി പരാതി ആരെങ്കിലും കൊണ്ടുവന്നിട്ടുണ്ടെങ്കിലും കോടതി ഭരണഘടനയുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണം അന്തിമവിധി നൽകേണ്ടത്. ഭരണഘടനയുടെ കാര്യത്തിൽ ഒരു ഇളവും അനുവദിക്കാൻ പാടില്ല.'

വിദ്യാർഥികൾക്ക് വേണ്ടി ഹാജരായ അഭിഭാഷകർക്കിടയിൽ നിലനിന്നിരുന്ന ഒരു അഭിപ്രായവ്യത്യാസമാണ് ഈ ഘട്ടത്തിൽ കോടതിയിൽ പരസ്യമായത്. ദുഷ്യന്ത് ദവെയെ പോലുള്ള മതനിരപേക്ഷതക്ക് ഏറെ പ്രാമുഖ്യം നൽകുന്ന നിയമപണ്ഡിതർ ശിരോവസ്ത്ര വിഷയത്തെ മതത്തിന്റെ അഭിവാജ്യഘടകം എന്ന നിലയിൽ കോടതിയിൽ കൊണ്ടുവരുന്നതിന് എതിരായിരുന്നു. അതേസമയം അതെല്ലാം വ്യ

ക്തികളുടെ അഭിപ്രായസ്വാതന്ത്ര്യം (Freedom of speech),, മനഃസാക്ഷി (conscience) എന്നിവയുടെ ഭാഗമാണ് എന്നതാണ് അവരുടെ വീക്ഷണം. അഭിപ്രായവ്യത്യാസം കോടതിക്ക് മുമ്പാകെ വന്നതോടെ വിശദീകരണം ആവശ്യമായി. നേരത്തെ ഈ വിഷയം അവതരിപ്പിച്ച മുൻകേന്ദ്രമന്ത്രി കൂടിയായ സൽമാൻ ഖുർഷിദ് ആയിരുന്നു വിശദീകരണം നൽകിയത്.

**സൽമാൻ ഖുർഷിദിന്റെ വിശദീകരണം**

ഒരു കാര്യം മതത്തിന്റെ അവിഭാജ്യ ഘടകമാണെങ്കിലും അവിടെയും ചോയ്സിനുള്ള സാധ്യതയുണ്ട്. ഉദാഹരണമായി നേരത്തെ ഇവിടെ പലരും ഉന്നയിച്ച ഖുറേഷി വിധി എന്നറിയപ്പെടുന്ന 'ബലിയറുക്കുന്നതുമായി ബന്ധപ്പെട്ട വിധി നോക്കുക. ബലിയറുക്കൽ മതത്തിന്റെ അവിഭാജ്യഘടകമാണെങ്കിലും ഏത് മൃഗത്തെ അറുക്കണം എന്ന കാര്യത്തിൽ ചോയ്സ് ഉണ്ട്. അതോടൊപ്പം ഇതെല്ലാം മതത്തെ സംബന്ധിച്ചിടത്തോളം അവിഭാജ്യ ഘടകമാണെങ്കിലും ഭരണഘടനയെ സംബന്ധിച്ചിടത്തോളം ഒരാളുടെ മനഃസാക്ഷി, സംസ്കാരം, സ്വകാര്യത എന്നീ സ്വാതന്ത്ര്യത്തിന്മേലുള്ള അവകാശത്തിന്റെ ഭാഗവുമാണ്.

**ഇന്ത്യയുടെ മതനിരപേക്ഷത**

*സൽമാൻ ഖുർഷിദ്:* 'ഫ്രാൻസ് പോലുള്ള രാജ്യങ്ങളെ കുറിച്ച് ഇവിടെ പറയുന്നത് കേട്ടു. അവിടെ കുരിശ് പോലും പുറത്ത് കാണിക്കാൻ പാടില്ല. മതപരമായ എല്ലാ അടയാളങ്ങളും പരസ്യമാക്കുന്നതിന് അവിടെ വിലക്കുണ്ട്. മെക്സിക്കോയിൽ അവിടുത്തെ പ്രസിഡണ്ടിന് പോലും പരസ്യമായി ചർച്ചിൽ പോകുവാൻ സ്വാതന്ത്ര്യമില്ല. മതവും സ്റ്റേറ്റും ആ നിലക്ക് അത്തരം രാജ്യങ്ങളിൽ വേർതിരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഇന്ത്യയിൽ അങ്ങനെയല്ല. ഇന്ത്യയുടെ മതനിരപേക്ഷത മത സ്വത്വ അടയാളങ്ങളെ പരസ്യമാക്കാൻ അനുവദിച്ചുകൊണ്ടുള്ളതാണ്.'

> **ഒരു കാര്യം മതത്തിന്റെ അവിഭാജ്യ ഘടകമാണെങ്കിലും അവിടെയും ചോയ്സിനുള്ള സാധ്യതയുണ്ട്. ഉദാഹരണമായി ബലിയറുക്കുന്നതുമായി ബന്ധപ്പെട്ട വിധി നോക്കുക. ബലിയറുക്കൽ മതത്തിന്റെ അവിഭാജ്യഘടകമാണെങ്കിലും ഏത് മൃഗത്തെ അറുക്കണം എന്ന കാര്യത്തിൽ ചോയ്സ് ഉണ്ട്. അതോടൊപ്പം ഇതെല്ലാം മതത്തെ സംബന്ധിച്ചിടത്തോളം അവിഭാജ്യ ഘടകമാണെങ്കിലും ഭരണഘടനയെ സംബന്ധിച്ചിടത്തോളം ഒരാളുടെ മനഃസാക്ഷി, സംസ്കാരം, സ്വകാര്യത എന്നീ സ്വാതന്ത്ര്യത്തിന്മേലുള്ള അവകാശത്തിന്റെ ഭാഗവുമാണ്.**

**എസൻഷ്യൽ ടെസ്റ്റും കോടതികളും**

*സൽമാൻ ഖുർഷിദ്:* മുത്ത്വലാഖ് വിധിയിൽ ജസ്റ്റിസ് കുര്യൻ തോമസ് ഇസ്‌ലാമിക പ്രമാണങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ് അത് ഇസ്‌ലാമിന്റെ അഭിവാജ്യഘടകമല്ല എന്ന് സ്ഥാപിച്ചത്. ബാബരി കേസിൽ പള്ളിയിൽ പോയി പ്രാർത്ഥിക്കൽ മതത്തിന്റെ അവിഭാജ്യ ഘടകമല്ല എന്ന പരാമർശമുണ്ട്. അപ്പോൾ മതത്തിന്റെ അവിഭാജ്യ ഘടകമാണോ അല്ലയോ എന്ന പരിശോധന കോടതികൾ നടത്തിയിട്ടുണ്ട് എന്ന് ഇതിൽനിന്നും മനസ്സിലാക്കാം. എന്നാൽ ഓരോ വിഷയവും മതത്തിന്റെ അവിഭാജ്യഘടകമാണോ എന്ന് പരിശോധിക്കുക എന്നത് കോടതിയുടെ പരിധിയിൽ വരുന്ന കാര്യമല്ല എന്നത് ശരിയാണ്. അവകാശങ്ങൾ സന്തുലിതമാക്കാനും മതത്തിന്റെ പേരിൽ വളർന്നുവന്ന കാര്യങ്ങൾ നീക്കം ചെയ്യാനും മതത്തിന് ദോഷം വരാതിരിക്കാനും വേണ്ടിയാണ് എസെൻഷ്യൽ പ്രാക്ടീസ് ടെസ്റ്റ് (അവിഭാജ്യ ഘടകമാണോ എന്ന പരിശോധന) വികസിപ്പിച്ചെടുത്തത്.

**തുല്യതയും വൈവിധ്യവും**

ആർട്ടിക്കിൾ 51എ സംയോജിത സംസ്കാരം, മാനവികത, വൈവിധ്യം എന്നിവ പരിപോഷിപ്പിക്കണം എന്ന് പഠിപ്പിക്കുന്നുണ്ടെങ്കിലും അതിൽനിന്നും പൗരന്മാർ എല്ലാവരും ഒരുപോലെ ഏകീകൃതനാകണമെന്ന് നിർദ്ധാരണം ചെയ്യാൻ സാധിക്കില്ല. മനേകാ ഗാന്ധി കേസ് വിധി മൗലികാവകാശങ്ങളിൽ ഒരു നിലക്കുമുള്ള വിവേചനവും പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

**സ്വകാര്യത പ്രധാനം**

പുട്ടസ്വാമി വിധിയിൽ സ്വകാര്യത പോലും മൗലികാവകാശമായിട്ടുണ്ട്. ശാരീരികം, സ്ഥലപരം, പെരുമാറ്റപരം എന്നിങ്ങനെ എല്ലാ തലങ്ങളിലും സ്വകാര്യതയുണ്ട്. പൊതുസ്ഥലങ്ങളിലായിരുന്നാലും ഈ സ്വകാര്യത അവകാശങ്ങൾക്ക് പ്രത്യേകം മാറ്റം നിഷ്കർഷിച്ചിട്ടില്ല. ഇവിടുത്തെ വിഷയം ഞാൻ എന്തു ധരിക്കണം എന്ന എന്റെ പെരുമാറ്റപരമായ സ്വകാര്യതക്കുള്ള (behavioural privacy) അവകാശമാണ്. ഈ അവകാശം മറ്റൊരാളുടെ അവകാശത്തെ ലംഘിച്ചുകൊണ്ടുള്ളതാണെങ്കിൽ അതിനെ സന്തുലിതമാക്കാം. ഇല്ലെങ്കിൽ അതിനെ പൂർണാർഥത്തിൽ അനുവദിച്ചു നൽകുകയാണ് വേണ്ടത്. ഒരാളുടെ രൂപവും വസ്ത്രവും അയാൾ തെരഞ്ഞെടുക്കുന്നത് അനുച്ഛേദം 25 അനുസരിച്ച് തന്നെ വേണമെന്നില്ല. സ്വകാര്യതക്കുള്ള അവകാശത്തിൽനിന്നുമാവാം. ശിരോവസ്ത്ര വിഷയത്തിൽ സ്റ്റേറ്റിന്റെ അമിതമായ താൽപര്യത്തിന്റെ പിന്നുള്ള ലക്ഷ്യവും പരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്.

*(അടുത്ത ലക്കത്തിൽ: സർക്കാർ സർക്കുലർ ഭരണഘടനാ വിരുദ്ധം)*



# വിശുദ്ധ ക്വുർആൻ പ്രപഞ്ച സ്രഷ്ടാവിന്റെ സന്ദേശം

02

**കുടുംബ, സാമൂഹ്യ രാഷ്ട്രീയ, സാമ്പത്തിക രംഗങ്ങളിലൊക്കെ പാലിക്കേണ്ടുന്ന ധാർമികതയെ കുറിച്ച് ക്വുർആൻ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. അവയിലേതെങ്കിലുമൊന്ന് ന്യായപ്രകാരം തെളിവുകൾ നിരത്തി അധാർമികമെന്ന് വിമർശിക്കാൻ ക്വുർആനിന്റെ ശത്രുക്കൾക്കിന്നോളം സാധിച്ചിട്ടില്ല. അഥവാ ക്വുർആൻ ധർമമെന്ന് പരിചയപ്പെടുത്തിയ ഒന്നിനെ അധർമമെന്ന് തെളിയിക്കാനോ, അധർമമെന്ന് പഠിപ്പിച്ച ഒന്നിനെ ധർമമെന്ന് തെളിയിക്കാനോ ഇന്നോളം സാധിച്ചിട്ടില്ല! മാത്രമല്ല, കാലം മുന്നോട്ട് ഗമിക്കുന്തോറും ലോകം അറിയാതെ തന്നെ ക്വുർആനിന്റെ ധാർമികാധ്യാപനത്തിന്റെ മഹത്ത്വം മനസ്സിലാക്കുന്നു എന്നതാണ് യാഥാർഥ്യം.**

**ശമീർ മദീനി**
: 9048 221 212

**കുറ്റമറ്റ മാർഗദർശനം**

ആത്മീയവും ഭൗതികവും സാംസ്കാരികവും സ്വഭാവ സംബന്ധവുമായ എല്ലാ മേഖലകളിലും കുറ്റമറ്റതും കിടയറ്റതുമായ മാർഗദർശനമാണ് ക്വുർആൻ നൽകുന്നത്. കുടുംബ, സാമൂഹ്യ രാഷ്ട്രീയ, സാമ്പത്തിക രംഗങ്ങളിലൊക്കെ പാലിക്കേണ്ടുന്ന ധാർമികതയെ കുറിച്ച് ക്വുർആൻ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. അവയിലേതെങ്കിലുമൊന്ന് ന്യായപ്രകാരം തെളിവുകൾ നിരത്തി അധാർമികമെന്ന് വിമർശിക്കാൻ ക്വുർആനിന്റെ ശത്രുക്കൾക്കിന്നോളം സാധിച്ചിട്ടില്ല. അഥവാ ക്വുർആൻ ധർമമെന്ന് പരിചയപ്പെടുത്തിയ ഒന്നിനെ അധർമമെന്ന് തെളിയിക്കാനോ, അധർമമെന്ന് പഠിപ്പിച്ച ഒന്നിനെ ധർമമെന്ന് തെളിയിക്കാനോ ഇന്നോളം സാധിച്ചിട്ടില്ല! മാത്രമല്ല, കാലം മുന്നോട്ട് ഗമിക്കുന്തോറും ലോകം അറിയാതെ തന്നെ ക്വുർആനിന്റെ ധാർമികാധ്യാപനത്തിന്റെ മഹത്ത്വം മനസ്സിലാക്കുന്നു എന്നതാണ് യാഥാർഥ്യം. വിശുദ്ധ ക്വുർആനിനോടുള്ള അന്ധമായ ശത്രുത മാറ്റിവച്ച് സത്യസന്ധമായി അതിനെ സമീപിക്കുന്നവർക്കൊക്കെയും ഈ വസ്തുത ബോധ്യപ്പെടുന്നതാണ്.

“തീർച്ചയായും ഈ ക്വുർആൻ ഏറ്റവും ശരിയായതിലേക്ക് വഴികാണിക്കുകയും, സൽകർമങ്ങൾ പ്ര

വർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു" (17:9).

ലൈംഗിക സദാചാരത്തെ കുറിച്ചും മാന്യമായ വസ്ത്രധാരണത്തെ കുറിച്ചും ക്വുർആൻ പറയുന്നത് ഉദാഹരണങ്ങൾ മാത്രം. വ്യഭിചരിക്കരുതെന്ന് മാത്രമല്ല, വ്യഭിചാരത്തോട് അടുക്കുകപോലും ചെയ്യരുതെന്നാണ് ക്വുർആനിക ഉദ്ബോധനം

"നിങ്ങൾ വ്യഭിചാരത്തെ സമീപിച്ച് പോകരുത്. തീർച്ചയായും അത് ഒരു നീചവൃത്തിയും ദുഷിച്ച മാർഗവുമാകുന്നു" (17:32).

മാന്യവും കുലീനവുമായ വസ്ത്രധാരണ രീതിയാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. മാന്യമായ വസ്ത്രധാരണം സ്ത്രീ സുരക്ഷക്കും സാമൂഹിക സാദാചാരത്തിനും അനുഗുണമാണെന്ന് ഇക്കാലത്ത് അനുഭവങ്ങളിലൂടെ ബോധ്യപ്പെട്ടുകൊണ്ടിരിക്കുന്ന യാഥാർഥ്യമാണല്ലോ.

ക്വുർആൻ പറയുന്നു: "നബിയേ, നിന്റെ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും അവർ തങ്ങളുടെ മൂടുപടങ്ങൾ തങ്ങളുടെമേൽ താഴ്ത്തിയിടാൻ പറയുക: അവർ തിരിച്ചറിയപ്പെടുവാനും അങ്ങനെ അവർ ശല്യം ചെയ്യപ്പെടാതിരിക്കുവാനും അതാണ് ഏറ്റവും അനുയോജ്യമായത്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു" (33:59).

"(നബിയേ,) നീ സത്യവിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും പറയുക. അതാണ് അവർക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്. തീർച്ചയായും അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു. സത്യവിശ്വാസിനികളോടും അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും അവരുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും, അവരുടെ ഭംഗിയിൽ നിന്ന് പ്രത്യക്ഷമായതൊഴിച്ച് മറ്റൊന്നും വെളിപ്പെടുത്താതിരിക്കുവാനും നീ പറയുക. അവരുടെ മക്കനകൾ കുപ്പായമാറുകൾക്ക് മീതെ അവർ താഴ്ത്തിയിട്ടുകൊള്ളട്ടെ..." (24:30-31).

**പ്രവചനങ്ങളുടെ പുലർച്ച**

നിരക്ഷരനായ മുഹമ്മദ് നബി (സ്വ)യിലൂടെ ലോകം ശ്രവിച്ച ക്വുർആനിക വചനങ്ങൾ തികച്ചും ദൈവികം തന്നെ എന്ന് വിളിച്ചറിയിക്കുന്ന മറ്റൊരു ദൃഷ്ടാന്തമാണ് ക്വുർആനിക പ്രവചനങ്ങളും അവയുടെ കൃത്യമായ പുലർച്ചയും

ഉദാഹരണത്തിന്, നബി(സ്വ)യുടെ മക്കാകാലഘട്ടത്തിൽ അവതരിച്ച അധ്യായങ്ങളിലൊന്നാണ് 30ാം സൂറത്തു റൂം. പേർഷ്യയും റോമും ലോകത്തെ ഏറ്റവും പ്രബല ശക്തികളായിരുന്ന കാലം. തുല്യശക്തികൾക്കിടയിൽ ഉണ്ടാവാറുള്ളതുപോലെയുള്ള യുദ്ധങ്ങളും പോരാട്ടങ്ങളും അവർക്കിടയിലും നടന്നിരുന്നു. പേർഷ്യക്കാർ അഗ്നിപൂജകരായിരുന്ന ബഹുദൈവാരാധകരായിരുന്നു. റോമുകാരാകട്ടെ തൗറാത്തിന്റെയും ഇഞ്ചീലിന്റെയും വക്താക്കാളായി അറിയപ്പെട്ടിരുന്ന വേദക്കാരും. പേർഷ്യക്കാരെക്കാൾ മുസ്‌ലിംകളോട് അടുപ്പമുള്ള റോം വിജയിക്കണമെന്നായിരുന്നു മുസ്‌ലിംകളുടെ ആഗ്രഹം. എന്നാൽ സംഭവിച്ചതോ നേരെ മറിച്ചും. പേർഷ്യ റോമിനെ നിലംപരിശാക്കിക്കളഞ്ഞു. ഇനി ഒരിക്കലും ഒരു തിരിച്ചുവരവ് റോമിനുണ്ടാകില്ലെന്ന് ആരും വിധിപറയുമാറ് അമ്പേ പരാജപ്പെട്ടിരിക്കുകയാണ് റോം. ആ അവസരത്തിലാണ് ക്വുർആനിലെ ഈ സൂക്തങ്ങൾ അവതരിക്കുന്നത്.

"അലിഫ്‌ലാംമീം. റോമക്കാർ തോൽപിക്കപ്പെട്ടിരിക്കുന്നു. അടുത്തനാട്ടിൽ വെച്ച്. തങ്ങളുടെ പരാജയത്തിനു ശേഷം അവർ വിജയം നേടുന്നതാണ്. ഏതാനും വർഷങ്ങൾക്കുള്ളിൽ തന്നെ. മുമ്പും പിമ്പും അല്ലാഹുവിനാകുന്നു കാര്യങ്ങളുടെ നിയന്ത്രണം. അന്നേദിവസം സത്യവിശ്വാസികൾ സന്തുഷ്ടരാകുന്നതാണ്. അല്ലാഹുവിന്റെ സഹായംകൊണ്ട്. താൻ ഉദ്ദേശിക്കുന്നവരെ അവൻ സഹായിക്കുന്നു. അവനത്രെ പ്രതാപിയും കരുണാനിധിയും. അല്ലാഹുവിന്റെ വാഗ്ദാനമത്രെ ഇത്. അല്ലാഹു അവന്റെ വാഗ്ദാനം ലംഘിക്കുകയില്ല. പക്ഷേ, മനുഷ്യരിൽ അധികപേരും മനസ്സിലാക്കുന്നില്ല. ഐഹികജീവിതത്തിൽ നിന്ന് പ്രത്യക്ഷമായത് അവർ മനസ്സിലാക്കുന്നു. പരലോകത്തെപ്പറ്റിയാകട്ടെ അവർ അശ്രദ്ധയിൽ തന്നെയാകുന്നു"(30:1-7).

ഈ വചനങ്ങളവതരിക്കുമ്പോൾ അത് തികച്ചും അവിശ്വസനീയമായിക്കണ്ട ബഹുദൈവാരാധകർ മുസ്‌ലിംകളുമായി പന്തയം വെക്കുക പോലുമുണ്ടായി. എന്നാൽ ഏതാനും വർഷങ്ങൾക്കുള്ളിൽ ക്വുർആൻ പറഞ്ഞതുപോലെ റോമിന്റെ അത്ഭുതകരമായ ഒരു തിരിച്ചു വരവും വിജയവുമാണ് ലോകം കണ്ടത്.

**കൃത്യമായ ചരിത്രവിവരണം**

മുഹമ്മദ് നബി(സ്വ)യുടെ ജനനത്തിനും എത്രയോ നൂറ്റാണ്ടുകൾക്ക്

> **ക്വുർആനിന്റെ ഏതെങ്കിലും പരാമർശം ശാസ്ത്രീയ കണ്ടെത്തലുകൾക്കോ ചരിത്രപരമായ വസ്തുതകൾക്കോ നിരക്കാത്തതായിപ്പോയി എന്ന് ന്യായസഹിതം അവതരിപ്പിക്കാൻ ഇന്നേവരെ ക്വുർആനിന്റെ എതിരാളികൾക്ക് സാധിച്ചിട്ടില്ല. എന്നാൽ അവതരണ കാലത്തുണ്ടായിരുന്ന അബദ്ധ ധാരണകളൊന്നും കൂടിക്കലരാത്ത, പുതിയ പുതിയ കണ്ടെത്തലുകളെ വിസ്മയിപ്പിക്കുന്ന തരത്തിലുള്ള പരാമർശങ്ങൾ ക്വുർആനിൽ കാണാൻ സാധിക്കുന്നു!**



മുമ്പ് കഴിഞ്ഞുപോയ പ്രവാചകന്മാരെ കുറിച്ചും ജനസമൂഹങ്ങളെ കുറിച്ചും ഖുർആൻ പ്രതിപാദിക്കുന്നുണ്ട്. അവരെക്കുറിച്ച് നാട്ടിൽ പ്രചാരത്തിലുള്ളതും കേട്ടുകേൾവിക്കുമപ്പുറം അവരുടെ യഥാർഥ ചരിത്രം ഖുർആൻ അനാവരണം ചെയ്യുകയാണുണ്ടായത്. ചരിത്ര വിവരണത്തിൽ മറ്റു പലർക്കും സംഭവിച്ച അബദ്ധങ്ങളും പിഴവുകളുമില്ലാതെ വാക്കുകളിലും പ്രയോഗങ്ങളിലും ഖുർആൻ പുലർത്തുന്ന കൃത്യത പല ചരിത്ര ഗവേഷകരെയും അത്ഭുതപ്പെടുത്തിയിട്ടുണ്ട്.

ഉദാഹരണത്തിന്, ഈജിപ്ഷ്യൻ ഭരണാധികാരികൾക്ക് ആദ്യകാലത്ത് രാജാവ് (മാലിക്) എന്നാണ് പ്രയോഗിച്ചിരുന്നത്. ക്രിസ്തുവിന് മുമ്പ് 1539 വരെ അങ്ങനെയായിരുന്നുവത്രെ. അതിന് ശേഷമാണ് ഫിർഔൻ (ഫറോവ) എന്ന പേര് ഉപയോഗിക്കപ്പെട്ടു തുടങ്ങിയത്. യൂസുഫ് നബി(അ)യുടെയും മൂസാനബി(അ)യുടെയും ചരിത്രം വിശദീകരിക്കുമ്പോൾ ഖുർആനിന്റെ പ്രയോഗങ്ങളിൽ ഈ കൃത്യത നമുക്ക് കാണാവുന്നതാണ്.

**വൈരുധ്യങ്ങളില്ല എന്ന പ്രഖ്യാപനം**

ഇരുപത്തിമൂന്ന് വർഷ കാലയളവിൽ വ്യത്യസ്തങ്ങളായ സാഹചര്യങ്ങളിൽ പലപ്പോഴായി അവതരിച്ച ഖുർആനിന്റെ സൂക്തങ്ങൾ തമ്മിൽ ആശയപ്പൊരുത്തക്കേടോ വൈരുധ്യങ്ങളോ വെച്ചുപുലർത്തുന്നില്ലെന്ന് മാത്രമല്ല പരസ്പര പൂരകങ്ങളായ വിവരണങ്ങളും അധ്യാപനങ്ങളുമാണ് അതിലുള്ളത്. ആ കാലഘട്ടത്തിലുണ്ടായിരുന്ന വൈജ്ഞാനിക രംഗത്തെ ഏറ്റക്കുറച്ചിലുകളോ ആളുകളുടെ ചിന്താഗതികളോ ഒന്നും ഖുർആനിന്റെ വചനങ്ങളെ സ്വാധീനിച്ചിട്ടില്ല. ഖുർആനിന്റെ ദൈവികതക്കുള്ള മറ്റൊരു തെളിവായി ഖുർആൻ ഇത് സമർപ്പിക്കുന്നത് കാണുക:

“അവർ ഖുർആനിനെപ്പറ്റി ചിന്തിക്കുന്നില്ലേ? അത് അല്ലാഹു അല്ലാത്തവരുടെ പക്കൽ നിന്നുള്ളതായിരുന്നെങ്കിൽ അവരതിൽ ധാരാളം വൈരുധ്യം കണ്ടെത്തുമായിരുന്നു”(4:82).

ഖുർആനിന്റെ ഏതെങ്കിലും പരാമർശം ശാസ്ത്രീയ കണ്ടെത്തലുകൾക്കോ ചരിത്രപരമായ വസ്തുതകൾക്കോ നിരക്കാത്തതായിപ്പോയി എന്ന് ന്യായസഹിതം അവതരിപ്പിക്കാൻ ഇന്നേവരെ ഖുർആനിന്റെ എതിരാളികൾക്ക് സാധിച്ചിട്ടില്ല. എന്നാൽ അവതരണ കാലത്തുണ്ടായിരുന്ന അബദ്ധ ധാരണകളൊന്നും കൂടിക്കലരാത്ത, പുതിയ പുതിയ കണ്ടെത്തലുകളെ വിസ്മയിപ്പിക്കുന്ന തരത്തിലുള്ള പരാമർശങ്ങൾ ഖുർആനിൽ കാണാൻ സാധിക്കുന്നു! ഭ്രൂണശാസ്ത്രവുമായിബന്ധപ്പെട്ട് ഖുർആൻ നൽകുന്ന വിവരണം അതിനൊരുദാഹരണമാണ്. അല്ലാഹു പറയുന്നു:

“തീർച്ചയായും മനുഷ്യനെ കളിമണ്ണിന്റെ സത്തിൽ നിന്ന് നാം സൃഷ്ടിച്ചിരിക്കുന്നു. പിന്നീട് ഒരു ബീജമായിക്കൊണ്ട് അവനെ നാം ഭദ്രമായ ഒരു സ്ഥാനത്ത് വെച്ചു. പിന്നെ ആ ബീജത്തെ നാം ഒരു ഭ്രൂണമായി രൂപപ്പെടുത്തി. അനന്തരം ആ ഭ്രൂണത്തെ നാം ഒരു മാംസപിണ്ഡമായി രൂപപ്പെടുത്തി. തുടർന്ന് നം ആ മാംസപിണ്ഡത്തെ അസ്ഥികൂടമായി രൂപപ്പെടുത്തി. എന്നിട്ട് നാം അസ്ഥികൂടത്തെ മാംസം കൊണ്ട് പൊതിഞ്ഞു. പിന്നീട് മറ്റൊരു സൃഷ്ടിയായി നാം അവനെ വളർത്തിയെടുത്തു. അപ്പോൾ ഏറ്റവും നല്ല സൃഷ്ടികർത്താവായ അല്ലാഹു അനുഗ്രഹപൂർണനായിരിക്കുന്നു” (23:12-14).

“എന്നാൽ മനുഷ്യൻ ചിന്തിച്ചു നോക്കട്ടെ; താൻ എന്തിൽനിന്നാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്ന്. തെറിച്ചുവീഴുന്ന ഒരു ദ്രാവകത്തിൽ നിന്നത്രെ അവൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. മുതുകെല്ലിനും വാരിയെല്ലുകൾക്കുമിടയിൽനിന്ന് അത് പുറത്തുവരുന്നു”(86:5-7).

ഇത്തരത്തിലുള്ള ദൃഷ്ടാന്തങ്ങളിലൂടെ ഖുർആനിന്റെ ദൈവികത തിരിച്ചറിയാനും അതിന്റെ മാർഗനിർദേശങ്ങൾ പിൻപറ്റുവാനുമാണ് ഖുർആൻ മനുഷ്യരാശിയോട് ആവശ്യപ്പെടുന്നത്. അത് അവഗണിച്ച് ജീവിച്ചാൽ വരാനിരിക്കുന്ന മഹാ അപകടത്തെക്കുറിച്ചും ഖുർആൻ മുന്നറിയിപ്പ് നൽകുന്നുണ്ട്:

“എന്റെ ഉൽബോധനത്തെ വിട്ട് വല്ലവനും തിരിഞ്ഞുകളയുന്ന പക്ഷം തീർച്ചയായും അവന്ന് ഇടുങ്ങിയ ഒരു ജീവിതമാണുണ്ടായിരിക്കുക. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവനെ നാം അന്ധനായ നിലയിൽ എഴുന്നേൽപിച്ച് കൊണ്ടുവരുന്നതുമാണ്” (20:124).

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം 41

# സൂറ: ഫുസ്സ്വിലത്ത്

## (വിശദീകരിക്കപ്പെട്ട)

(മക്കയിൽ അവതരിച്ചത്)

حمٓ ١
تَنزِيلٌ مِّنَ ٱلرَّحۡمَٰنِ ٱلرَّحِيمِ ٢
كِتَٰبٌ فُصِّلَتۡ ءَايَٰتُهُۥ قُرۡءَانًا عَرَبِيًّا لِّقَوۡمٍ
يَعۡلَمُونَ ٣
بَشِيرًا وَنَذِيرًا فَأَعۡرَضَ أَكۡثَرُهُمۡ فَهُمۡ لَا
يَسۡمَعُونَ ٤
وَقَالُواْ قُلُوبُنَا فِيٓ أَكِنَّةٍ مِّمَّا تَدۡعُونَآ إِلَيۡهِ
وَفِيٓ ءَاذَانِنَا وَقۡرٌ وَمِنۢ بَيۡنِنَا وَبَيۡنِكَ حِجَابٌ
فَٱعۡمَلۡ إِنَّنَا عَٰمِلُونَ ٥

1. ഹാമീം.
2. പരമകാരുണികനും കരുണാനിധിയുമായിട്ടുള്ളവന്റെ പക്കൽനിന്ന് അവതരിപ്പിക്കപ്പെട്ടതത്രെ ഇത്.
3. വചനങ്ങൾ വിശദീകരിക്കപ്പെട്ട ഒരു വേദഗ്രന്ഥം. മനസ്സിലാക്കുന്ന ആളുകൾക്ക് വേണ്ടി അറബിഭാഷയിൽ പാരായണം ചെയ്യപ്പെടുന്ന (ഒരു ഗ്രന്ഥം).
4. സന്തോഷവാർത്ത അറിയിക്കുന്നതും താക്കീത് നൽകുന്നതുമായിട്ടുള്ള (ഗ്രന്ഥം). എന്നാൽ അവരിൽ അധികപേരും തിരിഞ്ഞുകളഞ്ഞു. അവർ കേട്ട് മനസ്സിലാക്കുന്നില്ല.
5. അവർ പറഞ്ഞു: നീ ഞങ്ങളെ എന്തൊന്നിലേക്ക് വിളിക്കുന്നുവോ അത് മനസ്സിലാക്കാനാവാത്ത വിധം ഞങ്ങളുടെ ഹൃദയങ്ങൾ മൂടികൾക്കുള്ളിലാകുന്നു. ഞങ്ങളുടെ കാതുകൾക്ക് ബധിരതയുമാകുന്നു. ഞങ്ങൾക്കും നിനക്കുമിടയിൽ ഒരു മറയുണ്ട്. അതിനാൽ നീ പ്രവർത്തിച്ചുകൊള്ളുക. തീർച്ചയായും ഞങ്ങളും പ്രവർത്തിക്കുന്നവരാകുന്നു.

1. അധ്യായത്തിന്റെ തുടക്കത്തിൽ വരുന്ന കേവ ലാക്ഷരങ്ങളെക്കുറിച്ച് മുമ്പ് വിശദീകരിച്ചിട്ടുണ്ട്.

2. അല്ലാഹു ഇവിടെ പരാമർശിക്കുന്നത്; ഈ മഹത്തായ ഗ്രന്ഥം, മനോഹരമായ ക്വുർആൻ,(അവതരിപ്പിക്കപ്പെട്ടത്) വന്നത്. (പരമകാരുണികനും കരുണാനിധിയുമായുള്ളവന്റെ പക്കൽനിന്ന്) അവന്റെ കരുണ എല്ലാറ്റിലും വിശാലമായിരിക്കുന്നു. അറിവും സന്മാർഗവും ലഭിക്കുന്ന, വെളിച്ചവും ശമനവും കാരുണ്യവും ഒട്ടനവധി ഗുണങ്ങളും ഉൾക്കൊണ്ട ഗ്രന്ഥം. തന്റെ ദാസന്മാർക്ക് അവൻ നൽകിയ ഏറ്റവും മഹത്തായ അനുഗ്രഹം. ഇരുലോകത്തും സൗഭാഗ്യത്തിനുള്ള മാർഗവുമാണത്.

3). തുടർന്ന് ഈ ഗ്രന്ഥത്തിന്റെ വിശദീകരണത്തിന്റെ പൂർണതയെ പുകഴ്ത്തുകയാണ് ചെയ്യുന്നത്. ഓരോന്നിനെയും അതിന്റെ ഇനമനുസരിച്ച് സൂക്ഷ്മമായി വിശദീകരിക്കുന്നു. ഇതുതന്നെയാണ് വിശദീകരണത്തിന്റെ പരിപൂർണത. അതായത് എല്ലാറ്റിനെയും വേർതിരിച്ചു പറയുക. വസ്തുതകളിൽ വ്യക്തത വരുത്തുകയും ചെയ്യുക. (അറബി ഭാഷയിൽ പാരായണം ചെയ്യപ്പെടുന്ന) ഭാഷകളിൽ മികച്ച സാഹിത്യ ഭാഷയിൽ വചനങ്ങൾ വിശദീകരിക്കപ്പെട്ടു. അത് അറബിയിൽ ആക്കപ്പെടുകയും ചെയ്തു. (മനസ്സിലാക്കുന്ന ആളുകൾക്കുവേണ്ടി) അതിന്റെ ആശയം അവർക്ക് വ്യക്തമാക്കി കൊടുക്കുന്നതിനുവേണ്ടി. അതിന്റെ പദങ്ങൾ വ്യക്തമായതുപോലെത്തന്നെ; വഴികേടിൽനിന്ന് സന്മാർഗവും നേർമാർഗത്തിൽനിന്ന് ദുർമാർഗവും. എന്നാൽ വിവരമില്ലാത്തവർ; സന്മാർഗത്തിലേക്കുള്ള ക്ഷണം അവരെ കൂടുതൽ ദുർമാർഗത്തിലാക്കും. വ്യക്തത നൽകുമ്പോൾ അവർക്ക് അന്ധത വർധിക്കും. അവർക്കുവേണ്ടി സംസാരിക്കുന്നതിൽ കാര്യമില്ല.

وَسَوَآءٌ عَلَيۡهِمۡ ءَأَنذَرۡتَهُمۡ أَمۡ لَمۡ تُنذِرۡهُمۡ لَا يُؤۡمِنُونَ ﴿١٠﴾


"നീ അവർക്ക് താക്കീത് നൽകിയോ അതല്ല താക്കീത് നൽകിയില്ലേ എന്നത് അവരെ സംബന്ധിച്ചിടത്തോളം സമമാകുന്നു. അവർ വിശ്വസിക്കുകയില്ല"(36:10).

4). (സന്തോഷവാർത്ത അറിയിക്കുന്നതും താക്കീത് നൽകുന്നതുമായിട്ടുള്ള) ഇപ്പോഴും പിന്നിട് ലഭിക്കുന്നതുമായ പ്രതിഫലത്തെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കുന്നത്. അതുപോലെതന്നെ ശിക്ഷയെക്കുറിച്ച് താക്കീത് ചെയ്യുന്നതും. ആ ശിക്ഷയെക്കുറിച്ചും പ്രതിഫലത്തെക്കുറിച്ചും അത് വിശദീകരിച്ചുതരികയും അതിന്റെ കാരണങ്ങൾ പരാമർശിക്കുകയും ചെയ്യുന്നു. ആ സന്തോഷവും താക്കീതും ലഭിക്കുന്നത് എന്തുകൊണ്ടൊക്കെയാണെന്ന് വ്യക്ത



മാക്കുന്നു. അതിന് അനിവാര്യമായി സ്വീകരിക്കേണ്ട കാര്യങ്ങളും. കീഴ്പ്പെടേണ്ടതും വിശ്വസിക്കേണ്ടതും പ്രവർത്തിക്കേണ്ടതുമായതെല്ലാം. എന്നാൽ അധിക പടപ്പുകളും അഹങ്കാരത്തോടെ ഇതിൽനിന്നെല്ലാം തിരിഞ്ഞുകളയുന്നു. (അവർ കേട്ട് മനസ്സിലാക്കുന്നില്ല) അതായത് സ്വീകരിക്കാനും ഉത്തരം നൽകാനും മനസ്സുള്ള കേൾവി. അവർ കേൾക്കുന്നുണ്ടായിരിക്കാം. അവർക്കെതിരെയുള്ള മതപരമായ ഒരു തെളിവാകും വിധം.

5). (അവർ പറഞ്ഞു) ഇതിലേക്കെത്തുന്ന സർവ വഴികളും കൊട്ടിയടച്ച് തങ്ങളോടിത് പറഞ്ഞിട്ട് യാതൊരു പ്രയോജനവുമില്ലെന്ന് വ്യക്തമാക്കി. തിരിഞ്ഞുകളയുന്നവർ പറഞ്ഞു: (ഞങ്ങളുടെ ഹൃദയങ്ങൾ മൂടികൾക്കുള്ളിലാകുന്നു) കവചിതമായ മൂടികൾ. (നീ ഞങ്ങളെ ഏതൊന്നിലേക്ക് ക്ഷണിക്കുന്നുവോ അത് മനസ്സിലാക്കാനാവാത്തവിധം ഞങ്ങളുടെ കാതുകൾക്ക് ബധിരതയുമാകുന്നു). കേൾക്കാത്ത വിധം ബധിരത. (ഞങ്ങൾക്കും നിനക്കുമിടയിൽ ഒരു മറയുണ്ട്) അതിനാൽ നിന്നെ ഞങ്ങൾ കാണുന്നില്ല. ഇതിന്റെ ഉദ്ദേശ്യം എല്ലാ നിലക്കും അവരുടെ തിരിഞ്ഞുകളയൽ അവർ പ്രകടമാക്കി എന്നതാണ്. അദ്ദേഹത്തോടുള്ള അവരുടെ വെറുപ്പും അവർ ഇപ്പോൾ നിലകൊള്ളുന്ന നിലപാടിലുള്ള തൃപ്തിയും പ്രകടമാക്കുകയും ചെയ്തു. അതാണവർ പറഞ്ഞത്: (അതിനാൽ നീ പ്രവർത്തിച്ചുകൊള്ളുക. ഞങ്ങളും പ്രവർത്തിക്കുന്നവരാകുന്നു) നീ എന്റെ ദീനനുസരിച്ച് പ്രവർത്തിക്കുന്നതിൽ സംതൃപ്തനായതുപോലെ ഞങ്ങൾ ഞങ്ങളുടെ മതമനുസരിച്ച് പ്രവർത്തിക്കുന്നതിലും സംതൃപ്തരാണ്. ഏറ്റവും വലിയ നിരാകരണമാണിത്. സന്മാർഗത്തിനുപകരം വഴികേടുകൊണ്ട് തൃപ്തിപ്പെടുക. വിശ്വാസത്തിന് പകരം അവിശ്വാസത്തെ പകരമാക്കുക. ഇഹലോകത്തിന് വേണ്ടി പരലോകത്തെ അവർ വിറ്റുകളയുകയും ചെയ്തു. ■



# പുണ്യമാസം

ഹുസ്ന മലോറം

വിശുദ്ധ മാസം വന്നല്ലോ
വിശുദ്ധ റമദാൻ വന്നല്ലോ
വിശുദ്ധ ക്വുർആൻ
ഇറങ്ങിയുള്ളൊരു
മാസം റമദാൻ വന്നല്ലോ
നോമ്പിൻ മാസം ഈ റമദാൻ
പുണ്യം പൂക്കും മാസമിത്
ഇസ്‌ലാം കാര്യമിൽ മൂന്നാമത്തെത്
നോമ്പാണെന്നത് ഓർത്തോളൂ
ശ്രേഷ്ഠതയേറെ ഉണ്ടല്ലോ
വിശുദ്ധ മാസം റമദാന്
സ്വർഗം നേടാനുള്ള വഴി
തുറന്നു നൽകും മാസമിത്

സ്വർഗം ആശിക്കുന്നോർക്ക്
സന്തോഷത്തിൻ മാസമിത്
കുട്ടികളേ, മടി കാട്ടരുതേ
നോമ്പെടുക്കും കാര്യത്തിൽ
സുബ്ഹി മുതൽക്ക് സന്ധ്യവരെ
തിന്നരുതൊന്നും കുടിക്കരുത്
തെറ്റുകളൊക്കെ വെടിയേണം
നന്മകളേറെ ചെയ്യേണം
അങ്ങനെ നോമ്പുകൾ
നോൽക്കേണം
റബ്ബിൻ പ്രീതി കൊതിക്കേണം
റബ്ബിൻ മുന്നിൽ നിൽക്കേണം
കുറ്റമതേറ്റു പറയേണം

നല്ല നാളേക്കായ് ഇന്ന് പഠിക്കാം

JAMIA AL-HIND AL-ISLAMIYYA

# SCHOOL OF Qur'an

READ. LEARN. EVOLVE

## 2023-24 രജിസ്ട്രേഷൻ ആരംഭിച്ചു



**അപേക്ഷ സ്വീകരിക്കുന്ന അവസാന തിയതി ഏപ്രിൽ 30**

## സവിശേഷതകൾ:

- ഖുർആൻ പഠനത്തിന് പ്രത്യേക ഫോർമുല
- തജ്‌വീദിന് പരിശീലനം സിദ്ധിച്ച അധ്യാപകർ
- ഹദീഥ്, അറബി, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം എന്നിവയിൽ പഠനം
- ഗ്രേഡ് ഒന്നിൽ 172 സ്ലോട്ടുകളിലായി അൽ ക്വാഇദത്തുന്നൂറാനിയ്യയുടെ സമ്പൂർണ കോഴ്സ്
- നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- ഖുർആൻ പഠനത്തിന് മൊബൈൽ ആപ്ലിക്കേഷൻ, കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ
- വിദഗ്ധ പാനൽ നിർമ്മിച്ച ടെക്സ്റ്റ് ബുക്കുകൾ, വർക്ക് ബുക്കുകൾ, ടീച്ചേഴ്സ് ഹാൻഡ് ബുക്ക്, പാരന്റ്സ് ഗൈഡ്...
- രക്ഷിതാക്കൾക്കായി വ്യവസ്ഥാപിത രൂപത്തിലുള്ള ഹോം സ്കൂളിംഗ്
- എല്ലാ മാസവും പാരന്റ്സ് ക്ലാസുകൾ, വീഡിയോ ലക്ചറിംഗ്, ഇവാലുവേഷൻ
- ഫോളോഅപ്പിനായി സ്റ്റഡി ട്രാക്കറുകൾ
- കേന്ദ്രീകൃത ഖുർആൻ മൂല്യനിർണയം
- 18 വർഷം നീണ്ടുനിൽക്കുന്ന തുടർപഠന സൗകര്യം
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- ഓഡിയോവിഷ്വൽ ക്ലാസ് റൂമുകൾ
- നിരന്തര, കേന്ദ്രീകൃത മൂല്യനിർണയം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ
- സാധാരണക്കാരെ പരിഗണിക്കുന്ന കുറഞ്ഞ ഫീസ് നിരക്കുകൾ

☆ നാല് മുതൽ അഞ്ചര വയസ് വരെയുള്ളവർക്ക് പ്രീ സ്കൂളിലേക്ക് പ്രവേശനം

☆ ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് ഗ്രേഡ് ഒന്നിലേക്ക് പ്രവേശനം

☆ 2,3 ഗ്രേഡിലേക്ക് എൻട്രൻസ് പരീക്ഷയിലൂടെ നേരിട്ട് അഡ്മിഷൻ

☆ ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം ഫിസിക്കൽ ക്ലാസുകൾ

☆ അപേക്ഷകർ www.schoolofquran.in എന്ന വെബ്സൈറ്റിൽ നിന്ന് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് ഓൺലൈൻ അപേക്ഷ ഫോം പൂരിപ്പിക്കുക.

**Head Office:**
**Jamia Al-Hind Al-Islamiyya, Vadi Al Hikma, Jamia Campus, Mini Ootty - Oorakam, Malappuram - Kerala - India - PIN 676519**
**Mob: +91 8606788882, WhatsApp: 9072646000**
mail@schoolofquran.in www.schoolofquran.in

**SCHOOL OF QURA'N CENTERS:**

I KASARAGODE: 8089192273 I KANHANGAD: 9605210101 I THALIPARMBA: 8606776770 I KINAVAKKAL: 9995334766 I VADAKARA:9995494598
I KAPPAD: 9846808230 I PARAPPANAGADI: 9544924596 I TIRUR: 9633099992 I THOTTASSERYARA: 8606600555 I CHATTIPARAMBA: 9496526220
I KOTTAKKAL: 9995798755 I EDATHANATTUKARA: 9495467259 I MANJERI: 9846872999 I AREEKODE: 9447926082 I VENGIDANGU: 9048869220
I MARANJERY: 9946739215 I KOLLAM: 80895 46729 I KAYAMKULAM: 89434 64478 I ATTINGAL: 9497714521 I KODUVAYUR: 9745287883 I KOLLAYIL: 9747258263
I OTHAYI: 9497 650100 I PALAPPETTY: 9400777158 I WANDOOR: 9544610220 I ANCHAL: 9048739182 I KANNANALLOOR: 9961493999 I KUNJATHUR: 8089619272

I COIMBATORE: 9080475224 I ERODE: 9942958888 I SALEM: 9865167864 I METTUPALAYAM: 8300886551 I POLLACHI: 9940838413 I UDAMALPET: 9865051917


RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
08 APRIL 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-


# വൈകീട്ടില്ല..

## ഏത് വെല്ലുവിളിയും ഹൃദ്യമായ് നേരിടാം



ഹൃദയത്തെ സുരക്ഷിതമാക്കി വെക്കാൻ സദാ സജ്ജരാണ് ഞങ്ങൾ. നിങ്ങളുടെ ഹൃദയത്തെ വേട്ടയാടുന്ന ഏതൊരു വെല്ലുവിളിയെയും തികഞ്ഞ ഉത്തരവാദിത്വത്തോടെ ഏറ്റെടുക്കാനുള്ള ബാധ്യത ഞങ്ങൾക്കുണ്ട്. അതിനായി ഹൃദയ പരിചരണ രംഗത്തെ അത്യാധുനിക ചികിത്സാ സൗകര്യങ്ങളും വിദഗ്ദ്ധരുടെ സേവനവും ഞങ്ങൾ ഉറപ്പുവരുത്തിയിരിക്കുന്നു. ഹൃദയത്തിൽ പൊതിഞ്ഞ വിശ്വാസമാണ് നിങ്ങളെ ഞങ്ങളിലേക്ക് എന്നും അടുപ്പിച്ചിട്ടുള്ളത്. ആ വിശ്വാസം ഹൃദയ താളം പോലെ ഞങ്ങൾക്ക് പ്രിയപ്പെട്ടതുമാണ്. 'ഹൃദയത്തെ ഹൃദയം കൊണ്ട് പരിചരിക്കുക' എന്ന മുദ്രാവാക്യം മുറുകെ പിടിക്കുമ്പോഴും വെല്ലുവിളികളോട് തെല്ലും വിട്ടുവീഴ്ചയില്ല എന്ന അടിയുറച്ച തീരുമാനത്തെ ഹൃദയത്തിൽ പ്രതിഷ്ഠിക്കാൻ ഞങ്ങൾ ഒട്ടും മടികാണിച്ചിട്ടില്ല. ഹൃദയ ചികിത്സാ രംഗത്തെ ഓരോ പുതിയ ചലനങ്ങളും കൃത്യമായി വീക്ഷിക്കുന്നതിനാൽ വലുപ്പവ്യത്യാസമില്ലാതെ ഏതൊരു വെല്ലുവിളിയേയും ഹൃദയപൂർവ്വം സ്വാഗതം ചെയ്യാൻ ഞങ്ങൾക്ക് സാധിക്കും. അതിനാൽ, ഈ നാടിന്റെ ഹൃദയത്തിൽ ഞങ്ങൾക്കുള്ള സ്ഥാനം ഹൃദയം പോലെ നിലനിൽക്കുന്നതാണ്.

ഇനി ഹൃദയം തടസ്സങ്ങളില്ലാതെ തുടിക്കും

www.micc.in micc india

**METROMED INTERNATIONAL CARDIAC CENTRE**
Near HiLite Mall, Thondayad Bypass Road, Calicut Kerala - 673014
Email: info@micc.in | Ph: 0495 6615555, 9048665555
OUR CENTRES : Thalassery | Kalpetta | Feroke | Thirurangadi | Malappuram | Manjeri | Chavakkad | Kodungallur | Thrissur

MICC
all about heart